"ഹാ! എത്രയധികമായ, എത്ര ക്ലേശഭൂയിഷ്ടങ്ങളായ, അരിഷ്ടതകൾ, ക്രിസ്തുവിന്റെ കാലടികളെ പിന്തുടരുന്നതിനു സന്നദ്ധരായ ധർമ്മദൂതന്മാരും രക്തസാക്ഷികളും ധർമ്മചാരികളും കന്യകമാരും മറെറല്ലാവരും തരണംചെയ്യപ്പെട്ടിട്ടുണ്ടു്; എന്നുകൊണ്ടെന്നാൽ ഈ ലോകത്തു തങ്ങളുടെ ജീവനെ, അതിനു ശാശ്വതത്വം സിദ്ധിക്കുന്നതിനായി, അവർ വെറുത്തു. ഓ! എത്ര നിഷ്ഠുരവും നിസ്വാർത്ഥവുമായ ജീവിതം വിശുദ്ധ പിതാക്കന്മാർ മരുഭൂമിയിൽ നയിച്ചു!"

—ക്രിസ്ത്വാനുകരണ

# സത്യദീപം

"അതുകൊണ്ടു നാം ആത്മാവുമൂലം ജീവിക്കുകയും ആത്മാവിനെ അനുസരിക്കുകയും വേണം. അല്ലാതെ നാം അന്യോന്യം അവഗണിക്കുന്നവരും അന്യോന്യം അസൂയപ്പെടുന്നവരുമായ വ്യത്ഥാഭിമാനികൾ ആകരുതു്. എന്റെ സഹോദരന്മാരേ, നിങ്ങളിൽ ആരെങ്കിലും ഒരു തെററിൽ അകപ്പെട്ടുപോയാൽ ആത്മീയന്മാരായ നിങ്ങൾ വിനീതമായ ആത്മാവോടുകൂടി അവനെ ശരിപ്പെടുത്തുവിൻ. നിങ്ങളും ഒരുപക്ഷെ പരിക്ഷിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കുകയും ചെയ്യുവിൻ.'

—ഗാല: V: 25, 26; VI: 1.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No M. 2293. | 1957 സെപ്റ്റംബർ 18—ബുധനാഴ്ച | Vol. 31, No. 6


# തിരുസഭ അന്നും ഇന്നും

(ഉറമീസ് കരിശ്ശുങ്കൽ, റാഞ്ചി)

തിരുസഭയുടെ ശൈശവദശയിലേക്കു് ഒന്നു കണ്ണോടിക്കുകയാണെങ്കിൽ അതിദയനീയമായ ഒരു രംഗമായിരിക്കും നാം അവിടെ കാണുന്നതു്. രക്തലിപികളാൽ ആലേഖനംചെയ്യപ്പെട്ട ആ ഏടുകൾ ഏതു മനുഷ്യഹൃദയത്തെയാണു് അലിയിപ്പിക്കാത്തതു്? തിരുസഭയെ അതിന്റെ മുളയിൽതന്നെ പിഴുതുകളഞ്ഞാൽ അതങ്ങവസാനിച്ചുപോകുമെന്നു പലരും വ്യാമോഹിച്ചു. റോമൻചക്രവത്തിമാർ തിരുസഭയുടെനേരെ ചന്ദ്രഹാസമിളക്കി. നീറോയും ഡയോക്ലീഷ്യനും ക്രിസ്ത്യാനികളുടെ രക്തംകൊണ്ടു് അവരുടെ മൃഗതൃഷ്ണയ്ക്കു ശമനംവരുത്തി. ക്രിസ്ത്യാനികൾ മൃഗങ്ങളെപ്പോലെ ഭൂഗർഭാലയങ്ങളിലും മററും കഴിച്ചുകൂട്ടി. റോമൻജനത അവരെ വേട്ടയാടിപ്പിടിച്ചു് അവരുടെ ദേവന്മാക്കു് കുരുതികഴിച്ചു. വന്യമൃഗങ്ങളുടേയും മാരകായുധങ്ങളുടേയും മുമ്പിൽ കിടന്നു പിടയുന്ന ക്രിസ്ത്യാനികളുടെ അന്ത്യനിമിഷങ്ങൾ റോമൻജനത കൺകുളർക്കെ കണ്ടാനന്ദിച്ചു. അങ്ങനെ ആയിരമായിരം ക്രിസ്ത്യാനികൾ വിശ്വാസത്തിനുവേണ്ടി ജീവരക്തം ചിന്തി. പക്ഷെ അതുകൊണ്ടൊന്നും തിരുസഭ അങ്ങവസാനിച്ചില്ല. പാറമേൽപണുത പള്ളി ഇടിഞ്ഞുവീണില്ല. റോമൻജനത അറിഞ്ഞില്ല വേദസാക്ഷികളുടെ രക്തമാണു് തിരുസഭയുടെ ബീജമെന്നു്. പരിപാവനമായ ആ രക്തത്താൽ പരിശുദ്ധമാക്കപ്പെട്ട ആ പുണ്യഭൂമിതന്നെ പില്ക്കാലത്തു തിരുസഭയുടെ ശക്തികേന്ദ്രമായിത്തീരുമെന്നു്! പാറമേൽ പണുതതും രക്തത്താൽ നനച്ചുവളത്തപ്പെട്ടതുമായ ആ പള്ളിയെ ഉന്മൂലനാശം ചെയ്യുവാൻ ലോകത്തിലെ ഒരു ശക്തിക്കും സാധിച്ചിട്ടില്ല; സാധിക്കുകയുമില്ല.

പുരാതനകാലത്തെ ആ അഗ്നിപരീക്ഷണം കഴിഞ്ഞതോടുകൂടി എല്ലാവരും സമാധാനിച്ചു, ഇനി അങ്ങനെ ഒന്നും സംഭവിക്കുകയില്ലെന്നു്. പക്ഷെ ആധുനികലോകത്തിന്റെ സ്ഥിതി അതിലും ഭയങ്കരമാണെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുമെന്നു തോന്നുന്നില്ല എന്നാൽ വാസ്തവം അങ്ങനെതന്നെയാണു്. അന്നത്തെ ആ ചെയ്തികൾ കേവലം മൃഗീയതയുടെ ഒരു മൂത്തീകരണമായിരുന്നെങ്കിൽ ഇന്നത്തെ ലോകത്തിന്റെ സ്ഥിതി പൈശാചികതയുടെ ഒരു മൂത്തീകരണമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. റോമൻചക്രവത്തിമാരുടെ മാരകായുധങ്ങൾക്കും വന്യമൃഗങ്ങൾക്കും മനുഷ്യന്റെ ശരീരത്തെ മാത്രമേ നശിപ്പിക്കുവാൻ കഴിഞ്ഞുള്ളുവെങ്കിൽ ഇന്നത്തെ സ്ഥിതി ആത്മാവിനേയും ശരീരത്തേയും ഒരുപോലെയാണു നശിപ്പിക്കുന്നതു്. നാരകീയശത്രുക്കൾ അരയും തലയും മുറുക്കി സഭയ്ക്കെതിരായി അണിനിരന്നുകഴിഞ്ഞു. നാം പ്രത്യക്ഷത്തിൽ ഇതിന്റെ ഗൗരവം വേണ്ടത്ര മനസ്സിലാക്കുന്നില്ല.

ഇന്നു സഭയ്ക്കു അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഒരു വിപത്താണു് "കമ്മ്യൂണിസം". ഇവർ നിരീശ്വരവാദികളായിത്തീരുന്നതു് ദൈവാസ്തിക്യത്തെ അറിയുവാനുള്ള പ്രയാസംകൊണ്ടല്ല; അവരുടെ അക്രമത്തിനും അനീതിക്കും കൂട്ടുനില്ക്കാത്ത ഒരു മനസ്സാക്ഷിയുടെ പ്രചോദനത്തെ ഇല്ലാതാക്കുവാൻ വേണ്ടിയാണു് ദൈവമില്ല എന്നവർ കൊട്ടിഘോഷിക്കുന്നതു്. അങ്ങനെ ആറടി മണ്ണിനപ്പുറം അവരുടെ പ്രവൃത്തികൾക്കു ശിക്ഷയോ പ്രതിഫലമോ നൽകുവാൻ ഒരു അനന്തശക്തി ഇല്ലെന്നായിക്കഴിഞ്ഞാൽ പിന്നെ എന്താണു ചെയ്യുവാൻ പാടില്ലാത്തതു്? സഭയ്ക്കെതിരായി അതു് അതിന്റെ സകല കഴിവുകളും പ്രയോഗിക്കുന്നുണ്ടു്. തിരുസഭയും കമ്മ്യൂണിസവും ഒരുമിച്ചു് ഒരിടത്തു വളരുകയെന്നതു പ്രയാസമാണു്. ഒന്നു ദൈവത്തേയും സന്മാഗ്ഗത്തേയുംപററി പഠിപ്പിക്കുമ്പോൾ മറേറതു് നിരീശ്വരത്വവും ഭൗതികത്വവും പഠിപ്പിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ അക്രമവും അനീതിയും അവരുടെ മാനദണ്ഡമായി എടുക്കുമ്പോൾ, വിപ്ലവത്തിലേക്കും അരാജകത്വത്തിലേക്കും ജനതതിയെ നയിക്കുമ്പോൾ, തിരുസഭ ശാന്തിയുടേയും സമാധാനത്തിന്റേയും ദീപസ്തംഭമായി നിലകൊള്ളുന്നു. രണ്ടു വൈരുധ്യങ്ങൾ!



പിതാവിനെ അനുകരിക്കുവാൻ മകനെ പ്രചോദിപ്പിക്കുന്നു

(വേദസാക്ഷിയായ ഫേബിയസിന്റെ പത്നിയുടെ വിദ്യാഭ്യാസസമ്പ്രദായം)

ഇതിന്റെ യാഥാത്ഥ്യം മനസ്സിലാക്കുവാൻ കമ്മ്യൂണിസ്റ്റ്ഭരണത്തിലിരിക്കുന്ന രാജ്യങ്ങളിലെ സ്ഥിതി ഒന്നു നോക്കിയാൽമതി. രഷ്യയും ചൈനയും ഹങ്കറിയും പോളണ്ടും മററും ഇതിനു ഉത്തമോദാഹരണങ്ങളല്ലേ? എവിടേയും ആദ്യമായി അവർ വിദ്യാഭ്യാസം കൈയടക്കുന്നു. നിരീശ്വരത്വവും നിമ്മതത്വവും പിഞ്ചുഹൃദയങ്ങളിൽ കുത്തിവയ്ക്കുവാൻ പററിയ മാഗ്ഗം വിദ്യാലയങ്ങൾവഴിയാണെന്നു അവക്കറിയാം. വിദ്യാഭ്യാസം കത്തോലിക്കരുടെ നിയന്ത്രണത്തിലിരിക്കുന്നിടത്തോളംകാലം അവരുടെ നില സുരക്ഷിതമല്ലെന്നു അവർ മനസ്സിലാക്കിയിട്ടുണ്ടു്. അടുത്തപടി പുരോഹിതന്മാരുടേയും കന്യാസ്ത്രീകാളുടേയുംനേരെ ആയിരിക്കും. അവരെ നിയമത്തിന്റെ ചട്ടക്കൂട്ടിലിട്ടു് ശ്വാസംമുട്ടിക്കുക, അതിനുശേഷം ഏകാന്തതടങ്കലുകളിലിട്ടു് അടയ്ക്കുക. ഇങ്ങനെ അനാഥരാക്കപ്പെട്ട വിശ്വാസികളെ അവരുടെ ഹിതാനുവത്തികളാക്കുവാൻ എളുപ്പമാണല്ലോ. ചൈനയിലും മററു കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലും അനേകായിരങ്ങൾ വിശ്വാസത്തെപ്രതി ജീവൻ ബലിയപ്പിച്ചു. അനേകായിരങ്ങൾ പീഡകൾ സഹിച്ചുകൊണ്ടിരിക്കുന്നു. ഇവർ തിരുസഭയെ ഇത്രയുമധികം ഭയപ്പെടുകയും അതിനെ നശിപ്പിക്കുവാൻ ഇത്ര വ്യഗ്രത കാണിക്കുകയും ചെയ്യുന്നതിന്റെ കാരണം അന്വേഷിച്ചു് ദൂരെയെങ്ങും പോകേണ്ട ആവശ്യമില്ല. കമ്മ്യൂണിസ്റ്റ്കാരുടെ യഥാത്ഥനിറം മനസ്സിലാക്കിയിട്ടുള്ളവരും അതിനെ ശക്തിയുക്തം എതിക്കുവാൻ നെഞ്ഞൂറമുള്ളവരും കത്തോലിക്കർ മാത്രമാണു്. ഏതൊരു യഥാത്ഥകത്തോലിക്കനും അതിനെ എതിക്കാതിരിക്കുവാൻ നിവ്വാഹമില്ല. കമ്മ്യൂണിസ്റ്റ്കാരുടെ മാരകായുധങ്ങൾക്കു കത്തോലിക്കരുടെ വിശ്വാസത്തെ അണുപോലും വ്യതിചലിപ്പിക്കുവാൻ സാധിച്ചിട്ടില്ല. സഭയ്ക്കെതിരായുള്ള മദ്ദനത്തിൽ നീറോയും, ഡയോക്ലീഷ്യനും പരാജയത്തിന്റെ നെല്ലിപ്പടി കണ്ടതുപോലെ കമ്മ്യൂണിസ്റ്റ്കാരും പരാജയത്തിന്റെ ഭാണ്ഡവും പേറിക്കൊണ്ടു് നാലുപാടും പലായനംചെയ്യുന്നതു കാണുവാൻ നമുക്കല്പം ക്ഷമിച്ചിരിക്കാം.

കത്തോലിക്കർ ഉണന്നു പ്രവത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസവും പ്രതിക്ഷയുംകൊണ്ടുമാത്രം തൃപ്തിപ്പെട്ടാൽപോരാ. ഭാവിതലമുറയുടെ കാര്യം അപകടത്തിലായിരിക്കുകയാണു്. നമ്മുടെ അനാസ്ഥയുടെ ഫലം നമുക്കു കിട്ടി. ഇനിയെങ്കിലും അതു പരിഹരിക്കാൻ നമുക്കു ശ്രമിക്കാം. പുരോഗമനസാഹിത്യമെന്ന പേരിൽ പുസ്തകങ്ങളും മാസികകളുമായി നമ്മുടെ കുഞ്ഞുങ്ങളുടെ കൈയിൽ വന്നണയുന്ന ക്ഷുദ്രഗ്രന്ഥങ്ങൾ അവരുടെ വിശ്വാസത്തിനു ഊരങ്കംവയ്ക്കുന്നതു നാം അറിയുന്നുണ്ടോ? അവക്കു വേണ്ടത്ര കത്തോലിക്കാസാഹിത്യം വായിക്കുവാൻ നൽകുന്നില്ലെങ്കിൽ അവർ ഈ വിധത്തിലുള്ളവ വായിക്കുന്നതിൽ എന്താണത്ഭുതപ്പെടാൻ? വേണ്ടത്ര കത്തോലിക്കാപത്രമാസികകൾ ഇല്ലെങ്കിൽ ആ ന്യൂനത പരിഹരിക്കുവാൻ ശ്രമിക്കേണ്ടതു് നമ്മുടെ ചുമതലയല്ലേ? സാഹിത്യത്തിൽക്കൂടിയും രാഷ്ട്രീയത്തിൽക്കൂടിയും മനുഷ്യന്റെ വികാരങ്ങളെ ഇളക്കിവിട്ടുകൊണ്ടു് അവരെ സഭയ്ക്കും സമുദായത്തിനും എതിരായി ചേരിതിരിച്ചുനിറുത്തുവാനുള്ള ഒരു വെമ്പൽകൊള്ളലാണു് നാം എവിടേയും ദശിക്കുന്നതു്. പക്ഷെ ഒരു യഥാത്ഥകത്തോലിക്കനെങ്കിലും ജീവിച്ചിരിക്കുന്നിടത്തോളംകാലം വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ചും അവൻ അടരാടും. ഒടുവിൽ വിജയം നമുക്കുതന്നെ നിശ്ചയം. എന്നാൽ ഇന്നു വഴിതെററിപ്പോകുന്ന ആയിരങ്ങളെക്കുറിച്ചു എന്തു പറയും?

—o—

## മദ്ദനം തുടരുന്നു

ഹംഗറിയിൽ ഇപ്പോഴും മദ്ദനം തുടരുന്നു എന്നും അതിനു് അറുതി വരുത്തേണ്ടതാണെന്നും ബ്രിട്ടീഷ് സ്റ്റേററ് മിനിസ്റ്റർ കമാൻഡർ അലൻനോബിൾ പ്രസ്താവിച്ചിരിക്കുന്നു.

ചെറുകഥ

# സ്നേഹമുദ്ര

(എബ്രാഹം മൂഴൂർ)

ഇളംചുവപ്പുനിറമുള്ള പട്ടുവസ്ത്രങ്ങളും ധരിച്ചുകൊണ്ടു് കിഴക്കിന്റെ രാജവീഥിയിലൂടെ ബാലസൂര്യൻ യാത്രയ്ക്കൊരുങ്ങി. ഒരു മഹോത്സവം കൂടുവാൻ ഹർഷസമന്വിതം അണിഞ്ഞൊരുങ്ങിയ രാജകുമാരനെപ്പോലെ! കീറിയ വെള്ളയുടുപ്പുകളണിഞ്ഞ മഞ്ഞലകൾ അതുകണ്ടു് മാറിനിന്നു.

പക്ഷികൾ കളകൂജനമാലപിക്കുകയും കൊച്ചുകൊച്ചു പൂഞ്ചോലകൾ കൈകൊട്ടിച്ചിരിക്കുകയും ചെയ്തു. അങ്ങനെ എവിടേയും ആഹ്ളാദത്തിന്റെ തോരണികളാൽ അലംകൃതമാണു്.

ആ ഗ്രാമദേവാലയത്തിലെ തിരുനാളുന്നാണു്. അതുകൊണ്ടാവാം പ്രകൃതിപോലും ഇത്രമാത്രം ആഹ്ളാദഭരിതയായിരിക്കുന്നതു്.

നല്ലനല്ല പട്ടുവസ്ത്രങ്ങളും ആഭരണങ്ങളുമെല്ലാമണിഞ്ഞു കൊണ്ടു് ആ നടപ്പാതയിലൂടെ മനുഷ്യർ ചെറിയ സമൂഹങ്ങളായി ഒഴുകുകയാണു്. ഇതെല്ലാം കണ്ടപ്പോൾ ബേബിക്കു് ആഹ്ളാദം അതിന്റെ അഗ്രിമസ്ഥാനത്തെത്തി. അവൻ, കുഞ്ഞിക്കാറ്റത്തു് നർത്തനമാടുന്ന ഒരു പൂവുപോലെ ചാഞ്ചാടുകയാണു്. പള്ളിയിലേക്കു് പെരുന്നാളുകൂടുവാൻ പോകാനിനി താമസിക്കേണ്ട. മറ്റെല്ലാവരും പൊയ്ക്കൊണ്ടിരിക്കുന്നതു് അവനു് വീട്ടിൽനിന്നാൽത്തന്നെ കാണാം. അതുകൊണ്ടു് ഉടനെ പോകണം. പക്ഷേ രണ്ടു പ്രശ്നങ്ങളുണ്ടു്. രണ്ടു് ചെറിയ കാര്യങ്ങൾ. ഒരു പുതിയ ഉടുപ്പും നിക്കറും വേണം. പെരുന്നാളുകൂടുവാൻ ഒരണയും. അതാണവന്റെ ആവശ്യങ്ങൾ. ഒരണയുടെ ബഡ്ജറ്റു് നേരത്തേതന്നെ തയ്യാറാക്കിട്ടുള്ളതാണു്. പീ-പീ എന്നുവയ്ക്കുന്ന ഒരു ഊത്തു് വാങ്ങിക്കണം, അത്രമാത്രം. അവന്റെ ഹൃദയത്തെ ആകർഷിച്ചിട്ടുള്ള അത്ഭുതകരമായ ആ സാധനത്തിനു് ഒരണയാണു് വില എന്നു് കൂട്ടുകാരനായ വലിയ വീട്ടിലെ കുഞ്ഞുമോൻ പറഞ്ഞിട്ടുണ്ടു്.

അവശ്യം വേണ്ടതായ ഈ സാധനങ്ങളൊന്നും ബേബിയുടെ കൈയിൽ വന്നുചേർന്നിട്ടില്ല. അതു് അവന്റെ കുറ്റമല്ല. വലിയ വീട്ടിലെ കുഞ്ഞുമോൻ ഇടുന്നമാതിരി ഒരു ഉടുപ്പും നിക്കറും വേണമെന്നു് അമ്മയോടു് വളരെ നേരത്തേതന്നെ പറഞ്ഞിരുന്നതാണു്. ഒരണയുടെ കാര്യം കുറച്ചുകഴിഞ്ഞാണു് പറഞ്ഞതു്. ഇവ സാധിച്ചുതരാമെന്നു് അമ്മ വാക്കുപറഞ്ഞിട്ടുള്ളതുമാണു്. എങ്കിലും ഇതുവരെ കിട്ടിയിട്ടില്ല. ബേബിക്കു് ക്ഷമിച്ചിരിക്കുവാൻ നിവൃത്തിയില്ലെന്നായി. അവൻ അമ്മയുടെ അടുക്കലേക്കു് ഓടി.

“പെരുന്നാളു കൂടാൻ പോകാറായി അമ്മേ. പുത്തനുടുപ്പും നിക്കറുമൊക്കെ താ.” അവൻ അമ്മയുടെ അടുക്കൽചെന്നു് കൈനീട്ടി. അഞ്ചുവയസ്സുള്ള തന്റെ കൊച്ചുമകനെ അവർ പിടിച്ചു് ആലിംഗനംചെയ്തു. അവരുടെ കണ്ണിൽനിന്നും രണ്ടു് നീർത്തുള്ളികൾ അടർന്നുവീണതു് അവൻ കണ്ടില്ല. അവർ ഒരു പാവപ്പെട്ട അമ്മയാണു്. എങ്കിലും അമ്മയാണു്. തന്റെ ഏകമകന്റെ ആഗ്രഹങ്ങൾ സാധിക്കുവാൻ ആ മാതൃഹൃദയം വളരെ ആഗ്രഹിക്കാറുണ്ടു്. പക്ഷേ സാധിക്കാറില്ല. താനും തന്റെ കൊച്ചുബേബിച്ചനും ഒരു ചെറ്റക്കുടിലും അഞ്ചുസെന്റു് സ്ഥലവുമുള്ള ഒരു ചെറിയ ലോകമാണു് തന്റേതെങ്കിലും ആ കൊച്ചുലോകത്തിലും ആയിരമായിരം പ്രശ്നങ്ങൾ നിറഞ്ഞുനില്പുണ്ടു്. അവരുടെ ആ ലോകത്തിലെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള വരുമാനമാർഗ്ഗം അയൽവീട്ടിലെ നെല്ലുകുത്താണു്. അതിനുള്ള പ്രയത്നശക്തി വലുതാണെങ്കിലും ലഭിക്കുന്ന ആദായം പരിമിതമാണു്. ആ ആദായംകൊണ്ടാണു് അവരുടെ കൊച്ചുലോകം മുന്നോട്ടുനീങ്ങേണ്ടതു്. പക്ഷേ ഒന്നുമാകുന്നില്ല. ഇക്കൊല്ലം ആ കുടിൽ മേയുന്നതിനുപോലും സാധിച്ചിട്ടില്ല. എല്ലാ പ്രശ്നങ്ങളും മുമ്പിൽവന്നു സത്യഗ്രഹമനുഷ്ഠിക്കുകയാണു്.

പ്രശ്നങ്ങളും പ്രയാസങ്ങളും അധികമില്ലാതെ സംതൃപ്തിയോടുകൂടി മുന്നോട്ടുനീങ്ങിയിരുന്ന ഒരു കാലമുണ്ടായിരുന്നു അവർക്കു്. പക്ഷേ നാലുകൊല്ലം മുമ്പു് ഒരു ദിവസം ആ സംതൃപ്തിയുടെ കാലം അസ്തമിച്ചുപോയി. അന്നാണു് അവരുടെ പ്രിയപ്പെട്ട ഭർത്താവു് വലിയൊരു കുടപ്പനയിൽനിന്നു് വീണു് മരിച്ചതു്. ആ സംഭവം ഓർത്തപ്പോൾ അവരുടെ നയനങ്ങൾ കൂടുതൽ ബാഷ്പാവിലമായി. അവരുടെ പ്രിയപ്പെട്ട ഭർത്താവു് അയാൾ ബലിഷ്ഠകായനും സുന്ദരനുമായിരുന്നു. സർവ്വോപരി സ്നേഹസമ്പന്നനായിരുന്നു.

സ്നേഹസമ്പന്നനായ ആ മനുഷ്യൻ അയാളുടെ ഭാര്യയ്ക്കും കുഞ്ഞുമകനുംവേണ്ടിയാണു് ജീവിച്ചതു്. ആദ്യമായി അവരുടെ ദാമ്പത്യത്തിന്റെ മുല്ലവല്ലി പുഷ്പിച്ചപ്പോൾ അയാൾ ആഹ്ളാദംകൊണ്ടു് ആത്മാവുനിറഞ്ഞവനായിരുന്നു. ആ ഓമനയ്ക്കും തന്റെ പ്രിയപ്പെട്ട കൂട്ടുകാരിക്കുംവേണ്ടി എത്രവേണമെങ്കിലും പണിയെടുക്കുവാൻ തയ്യാറായിരുന്നു. അയാൾ മരം കയറ്റത്തിനു് പ്രവീണനായിരുന്നതിനാൽ ആ ജോലിക്കു് അയാളെ നാട്ടുകാർ ധാരാളമായി വിളിച്ചിരുന്നു. അങ്ങനെ ദിവസം രണ്ടും മൂന്നും രൂപയ്ക്കു ആ മനുഷ്യൻ പണിയെടുക്കുമായിരുന്നു. അതുകൊണ്ടു് സുഭിക്ഷതയോടുകൂടിയാണു് അവർ കഴിഞ്ഞുവന്നതു്.

സന്തോഷസംപൂർണ്ണമായ ആ ദിവസങ്ങൾക്കു് വിരാമമിട്ടുകൊണ്ടു് ഒരു ദിവസം ആ അത്യാഹിതം സംഭവിച്ചു. ആ ഭർത്താവു് മരിക്കുന്നതിനുമുമ്പു് പറഞ്ഞ അവസാനവാചകം ബേബിച്ചനെപ്പറ്റിയാണു്. അവനെ നന്നായി വളർത്തിക്കൊള്ളണമെന്നു്. ആ സമയത്തു് ആ ഭാര്യ പ്രജ്ഞാവിഹീനയായിത്തീർന്നിരുന്നുവെങ്കിലും ഭർത്താവിന്റെ അവസാനസ്വരം അവരുടെ കാതുകളിൽ മുഴങ്ങുന്നുണ്ടു്.

ആ മുഴക്കമാണു് അവരെ ജീവിപ്പിക്കുന്നതു്. യൗവ്വനത്തിന്റെ മാദകത്വം പുഷ്പിച്ചുതന്നെ നിന്നിരുന്ന ആ സ്ത്രീക്കു് വേണമെങ്കിൽ മറ്റൊരാളെ ഭർത്താവായി സ്വീകരിക്കാമായിരുന്നു. പലരും നിർബന്ധിച്ചതുമാണു്. പക്ഷേ അവരതു് സമ്മതിച്ചില്ല. അവർ തന്റെ ഭർത്താവിന്റെ അവസാനവാക്കുകളോർത്തു. അവർ ബേബിച്ചനുവേണ്ടി ജീവിച്ചു. അവരുടെ ആശയുടെ കെടാവിളക്കും ഒരു നല്ല നാളെയുടെ പ്രഭാതനക്ഷത്രവും അവനായിരുന്നു.

ആ ബേബിച്ചനാണു് ചോദിക്കുന്നതു് പെരുന്നാളുകൂടാൻ ഒരു ഉടുപ്പും നിക്കറും ഒരണയും. അവന്റെ ആഗ്രഹം തികച്ചും പരിമിതമാണു്. എങ്കിലും അതു സാധിച്ചുകൊടുക്കുവാൻ ആ മാതാവു് അപ്രാപ്തയായിരുന്നു. വേദനയോടുകൂടി അവർ പറയുകയാണു്: “ബേബിച്ചാ മോനു് അമ്മ നല്ല ഒരുടുപ്പു് മേടിച്ചുതരാം. കൊറേനാളുടെ കഴിയട്ടെ മോനു് ഇപ്പം പഴേ ഉടുപ്പല്ലേ ഒള്ളു. അതു ഇട്ടോണ്ടു് മോനു് ഇപ്പം പള്ളീപോകാവല്ലോ.”

ബേബിയുടെ മുഖം വാടി അവന്റെ ചുണ്ടുകൾ വിതുമ്പി. അവൻ കരയുകയാണു്, അമ്മയുടേയും ഹൃദയം വേദനിക്കുന്നുണ്ടായിരുന്നു. പക്ഷേ അവർ നിസ്സഹായയാണു്.

അവർ അകത്തേക്കുപോയി ഒരു ചെറിയ കിഴിക്കെട്ടു് എടുത്തുകൊണ്ടുവന്നു. അതു് അവരുടെ സമ്പാദ്യമായിരുന്നു. ആകെ അതിലുള്ളതു് നാലണയാണു്. വളരെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗം!

അതിൽനിന്നും അരയണയെടുത്തു് അമ്മ തന്റെ ബേബിച്ചനെ ഏല്പിച്ചു. അതു് കിട്ടിയപ്പോൾ ബേബിയുടെ കരച്ചിൽ നിലക്കുകയും അവന്റെ മുഖത്തു് പ്രസാദമുണ്ടാകുകയും ചെയ്തു. നിഷ്കളങ്കമായ ബാലഹൃദയമല്ലേ അതു സന്തോഷംകൊണ്ടു.

പകുതിയിലധികവും കീറിതയിച്ചിരുന്ന അവന്റെ പഴയ ഉടുപ്പും നിക്കറും അവൻ അണിയിക്കപ്പെട്ടു അതിന്റെ പോക്കറ്റിൽ അരയണനിക്ഷേപിക്കപ്പെടുകയും ചെയ്തു.

ബേബി പള്ളിയിലെത്തി. അമ്മ ചെയ്യാറുള്ളതുപോലെ അവൻ ആദ്യമായി മുട്ടുകുത്തി കുരിശുവരച്ചു പ്രാർത്ഥിച്ചു

പെരുന്നാളിന്റെ ആഘോഷങ്ങൾ പൂർവ്വമേ തകൃതിയായി നടക്കുകയാണു്. ബേബിയുടെ കാഴ്ചപ്പാടിൽ അനേകം “വല്യമനുഷ്യ”രെ അവിടെ കണ്ടു. അവർ മനോഹരങ്ങളായ സിൽക്കുടുപ്പുകളും വാച്ചും മാലയും മറ്റും ധരിച്ചിരിക്കുന്നു എത്ര നല്ല ഭംഗിയാണു കാണുന്നതിനു്. അവരൊക്കെ അനേകം സാധനങ്ങൾ വാങ്ങുന്നു, അവരുടെ കുട്ടികൾക്കു് കളിക്കോപ്പുകളും ഭംഗിയുള്ള മറ്റനേകം സാധനങ്ങളും വാങ്ങിക്കൊടുക്കുന്നു. ആ സാധനങ്ങൾ കച്ചവടക്കാർ നിരത്തി വച്ചിരിക്കുന്നതുതന്നെ കാണുവാൻ എത്ര മനോഹരമാണു്! അവയ്ക്കു ചുറ്റും ആളുകൾ തിങ്ങിക്കൂടി നിൽക്കുകയാണു്. എത്രയോ ആളുകളാണു് പെരുന്നാളുകൂടുവാൻ വന്നിരിക്കുന്നതു!

ബേബിമാത്രം ഏകനാണു്. അവനു് കൂട്ടുകാരാരുമില്ല. എന്താണു് അവനെയാരും കൈയ്ക്കുപിടിച്ചുകൊണ്ടുപോയി പലഹാരങ്ങളും കളിക്കോപ്പുകളും വാങ്ങിക്കൊടുക്കാത്തതു്? ഒരു പക്ഷേ അവന്റെ ഉടുപ്പു കീറിയതായതുകൊണ്ടാവാം! എന്തുമാകട്ടെ. അതേപ്പറ്റി കൂടുതൽ ചിന്തിക്കാൻ ബേബിക്കു് സമയമുണ്ടായിരുന്നില്ല.

അവൻ ഏകനാണെങ്കിലെന്തു്? അവന്റെ കൈവശം അരയണ ഉണ്ടല്ലോ! അതുകൊണ്ടു് പീ-പീ എന്നു വയ്ക്കുന്ന ഒരു ഊത്തു് വാങ്ങിക്കുകതന്നെ. അവ നിരത്തിവച്ചിരിക്കുന്നതു് ഒരിടത്തു് അവൻ കണ്ടതാണു്. ആളുകളുടെ ഇടയിലൂടെ തിക്കിക്കയറി അതിലൊരെണ്ണം അവൻ എടുത്തു. ചിലരവനെ സൂക്ഷിച്ചുനോക്കി, അതൊന്നും ബേബി കണ്ടതേയില്ല!

ആ സാധനം ബേബി വായിൽവച്ചു് ഊതിയപ്പോൾ...ഹൊ! എത്ര മനോഹരമായ ശബ്ദമാണു്. അവനു സന്തോഷമായി. അവൻ അതു് മാറോടു് ചേർത്തു പിടിച്ചുകൊണ്ടു് അവന്റെ കൈവശമുണ്ടായിരുന്ന അരയണ കച്ചവടക്കാരനു കൊടുത്തു.

“ഛെ! എന്തെടാ ചെറുക്കാ, വച്ചിട്ടുപോടാ അവിടെ. അതു അരയണയ്ക്കു കിട്ടുകേലടാ; വച്ചിട്ടുപോ.” ആ ദുഷ്ടനായ കച്ചവടക്കാരൻ ബേബിയോടു പറഞ്ഞു. അവൻ നീട്ടിയ അരയണ അയാൾ വാങ്ങിയില്ല. പകരം അവൻ അടക്കിപ്പിടിച്ചിരുന്ന ഊത്തു് അയാൾ പിടിച്ചു വാങ്ങിച്ചു വച്ചു

ബേബിയുടെ മുഖം മ്ളാനമായി. അവന്റെ ചുണ്ടുകൾ വിതുമ്പി. കണ്ണുകളിൽ വെള്ളം നിറഞ്ഞു. പൊട്ടിക്കരയണമെന്നു് അവനു തോന്നി. പക്ഷേ ബേബി കരഞ്ഞില്ല. തന്റെ അമ്മയുടെ അടുത്തല്ലാതെ അവൻ ആരുടെ അടുത്തും കരയാറില്ല.

തകർന്ന ആശകളോടെ ബേബി അവിടെ നിന്നും മാറിപ്പോയി. ഹൊ! ദുഷ്ടനായ കച്ചവടക്കാരൻ! അയാളോടു് ബേബിക്കു് വല്ലാത്ത ദേഷ്യമുണ്ടായി. അയാൾക്കിട്ടു് രണ്ടടിയെങ്കിലും കൊടുക്കണമെന്നു് അവനു തോന്നി. അവൻ തിരിഞ്ഞുനോക്കി. എന്തു ചെയ്യാം. ആളുകളാണു് തിക്കിക്കൂടി നില്ക്കുന്നതു്. യാതൊരു നിവൃത്തിയുമില്ല അങ്ങോട്ടു് അടുത്തു ചെല്ലുന്നതിനു പോലും.

അങ്ങനെ ആലോചിച്ചു് അവൻ വീണ്ടും പെരുന്നാളിന്റെ ബഹളായമാനമായ ആഘോഷങ്ങളിൽ ലയിച്ചു. ആളുകൾക്കിടയിലൂടെ കുറച്ചുകൂടി നടന്നപ്പോഴാണു് വേറൊരു സെറ്റു് കച്ചവടക്കാരെ കണ്ടതു്. അവർ നല്ല നല്ല നിറവും മധുരവുമുള്ള മിഠായികളും ബിസ്ക്കറ്റുകളും വില്ക്കുന്നു: ആനയുടെയും കുതിരയുടെയും മോട്ടോറിന്റെയും മറ്റും ആകൃതിയിലുള്ള പലഹാരങ്ങൾ നിരത്തിവച്ചിരിക്കുന്നു. കടലാസ്സിൽ പൊതിഞ്ഞതും അല്ലാത്തതുമായ വളരെയേറെ പലഹാരങ്ങൾ അവരുടെ കൈവശമുണ്ടു്. ബേബിയുടെ വായിൽ വെള്ളമൂറി. അയ്യ! ആ നിറമുള്ള മിഠായികൾ എത്ര മധുരമുള്ളതായിരിക്കും. ചില കുട്ടികളെല്ലാം അതൊക്കെ കൈ നിറയെ പിടിച്ചു തിന്നു് ചുണ്ടും ചുവപ്പിച്ചു് നടക്കുകയാണു്.

മിഠായി വാങ്ങുന്നതിനെപ്പറ്റി ബേബി ആലോചിച്ചു. അപ്പോൾ കച്ചവടക്കാരൻ ചോദിക്കുകകൂടി ചെയ്തു. “എന്താ കുഞ്ഞെ വേണ്ടതു്? മിഠായി വേണോ?”

ബേബി ഒന്നും പറഞ്ഞില്ല. എങ്കിലും ആ മനുഷ്യനെപ്പറ്റി നല്ല അഭിപ്രായം തോന്നി. കണ്ടാൽ ചന്തമില്ലെങ്കിലും അയാൾ നല്ല ഒരാളാണു്. ആ ഊത്തു് വില്ക്കുന്നയാളാണു് ദുഷ്ടൻ.

മിഠായി വാങ്ങുകയെന്നുതന്നെ തീരുമാനിച്ചു. അവൻ പോക്കറ്റിൽനിന്നു് അരയണയെടുത്തു അപ്പോളാണു്, മറ്റൊരു പ്രശ്നം ഉയർന്നു വന്നതു്. മിഠായി വാങ്ങിച്ചാൽ അമ്മ വഴക്കു പറയുമോ? അതൊരു ആലോചനാവിഷയമായി. ഏതായാലും അവൻ മിഠായി വാങ്ങിച്ചില്ല.

ബേബി വീണ്ടും ആൾക്കൂട്ടത്തിനിടയിലൂടെ നടന്നു. അവൻ പെരുന്നാളു കൂടുകയാണു്. പലേ കാഴ്ചകളും കണ്ടു.

അക്കൂട്ടത്തിൽ ഒരു കാഴ്ചകണ്ടു് അവൻ മിഴിച്ചുനിന്നുപോയി. അവനോളം വലുപ്പം മാത്രമുള്ള ഒരു കുട്ടി വെയിലത്തു് വെറുംനിലത്തു് മലർന്നു കിടക്കുന്നു! ആ കുട്ടി കൈകാലുകളിളക്കുകയും കൈകൊണ്ടു് എന്തോ ഒക്കെ കാണിക്കുകയും ചെയ്യുന്നു. അവനു ഉടുപ്പോ നിക്കറോ ഇല്ല. കരിക്കട്ടപോലത്തെ ഒരു ഉണ്ണി അരയിൽ ചുറ്റിയിട്ടുണ്ടു്. കണ്ടാൽവളരെ വൃത്തികേടാണു്. എങ്കിലും ബേബിക്കു് ആ കുട്ടിയെക്കണ്ടപ്പോൾ വളരെ സങ്കടംതോന്നി. അവൻ ചുറ്റുംനോക്കി. ആ ഭാഗത്തു് ആളുകൾ കുറവാണു്. ആരും അങ്ങോട്ടു് തിരിഞ്ഞു നോക്കുന്നില്ല.

ബേബി വീണ്ടും ആ കുട്ടിയെ സൂക്ഷിച്ചുനോക്കി. അതിന്റെ കണ്ണുകൾ നിഷ്പ്രഭങ്ങളാണു്. ഒട്ടിക്കിടക്കുന്ന വയറ്റിന്റെ മുകളിൽ ഒരു വട്ടപ്പാത്രവും ഇരിപ്പുണ്ടു്. ആ കുട്ടി കിടന്നു് വട്ടം തിരിയുകയാണു്. അടുത്തു് കിഴവിയായ ഒരു സ്ത്രീ മാത്രം ഇരിപ്പുണ്ടു്. അവരും കീറിയ ചെളിപിടിച്ച വസ്ത്രങ്ങളാണു് ധരിച്ചിരിക്കുന്നതു്. അവർ വിളിച്ചു കരയുകയാണു്:

“അമ്മാ-അച്ഛാ-കണ്ണു കാണാൻ വയ്യാത്ത കുഞ്ഞിനു് കാലണ കൊടുത്തിട്ടു് പോണേ”

ആ ദയനീയശബ്ദം തുടരെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ബേബിക്കു് മനസ്സിലായി, ആ കിടക്കുന്ന കുട്ടിക്കു് കണ്ണു കാണാൻ പാടില്ലെന്നു്. കണ്ണുകാണാൻ പാടില്ലാത്ത അവസ്ഥ! ബേബി കണ്ണുകളടച്ചു് കുറച്ചുനേരം നിന്നുനോക്കി. അയ്യോ! എങ്ങുമെങ്ങുമിരുട്ടു്. കൂരിരുട്ടു്. ഹൊ! ഭയങ്കരം. ബേബിക്കു് വാസ്തവത്തിൽ ഭയം തോന്നി.

കണ്ണു കാണാൻ പാടില്ലാത്ത ആ കുട്ടിയെ അവൻ വീണ്ടും നോക്കി. അവനു് തീവ്രമായ സങ്കടം തോന്നി. അടുത്തിരിക്കുന്ന സ്ത്രീ വീണ്ടും വീണ്ടും വിളിച്ചു പറഞ്ഞു കരയുകയും ആളുകളുടെ നേർക്കു് കൈ നീട്ടുകയുമാണു്.

ഒരു മനുഷ്യൻ അതിനടുത്തുകൂടി പോയപ്പോൾ ആ കുട്ടിയുടെ ഉദരത്തിനു് മുകളിൽ ഇരിക്കുന്ന പാത്രത്തിൽ എന്തോ ഇട്ടിട്ടുപോയി. ബേബി ആ പാത്രത്തിലേക്കു് നോക്കിയപ്പോൾ മനസ്സിലായി, അയാൾ ഇട്ടതു് ഒരു കാലണായായിരുന്നുവെന്നു്. ആ പാത്രത്തിൽ വേറെയും കാലണകളും അരയണകളും കിടപ്പുണ്ടെന്നും.

ഏതോ ആവേശം സ്വീകരിച്ചവനെപ്പോലെ ബേബി അവന്റെ പോക്കറ്റിൽ കിടന്ന അരയണ എടുത്തു് ആ പിച്ചപ്പാത്രത്തിൽ ഇട്ടു അവന്റെ സർവ്വസ്വവുമായ അരയണ!

ബേബി വീട്ടിലേക്കു് പുറപ്പെട്ടു. അവനു പെരുന്നാളു കൂടുവാൻ വീണ്ടും രസം തോന്നിയി

(ശേഷം 11-ാംപേജിൽ)

## ആസ്സാം

മുൻഅറിയിപ്പിൻപ്രകാരം അപേക്ഷകളയച്ചവരും ഞങ്ങളുടെ സന്യാസസഭയിൽ ചേരുവാൻ ഉദ്ദേശിക്കുന്നവരും താഴെ കാണുന്ന എന്റെ സന്ദർശനപരിപാടികൾ ശ്രദ്ധിക്കുക.

സെപ്റ്റംബർ 17-ാംനു- തൃശ്ശൂർ പുത്തൻപള്ളി
" 18-ാംനു- ആലുവാ സുറിയാനി കർമ്മലീത്താ ആശ്രമം
" 19മു. 21 വരെ എറണാകുളം St. Teresa's Convent, Broadway
" 22മു. 24 വരെ ഭരണങ്ങാനം Clarist Convent
" 25മു. 27 വരെ ചങ്ങനാശ്ശേരി Assumption College Hostel

***Sister Mistress, Mary Immaculate Novitiate***
***Barpeta Road, Assam***

ലീജിയൻ പംക്തി

# ലീജിയന്റെ ഉൽഭവം

സെപ്റ്റംബർ 7-ാംനു- ശനിയാഴ്ച ലീജിയൻ ഓഫ് മേരിക്ക 36 വയസ്സു തികഞ്ഞു. ലീജിയന്റെ ജന്മസ്ഥലം അയർലണ്ടിൽ ഡബ്ളിൻ നഗരത്തിലെ ഫ്റാൻസീസ് തെരുവിലുള്ള മീരാഭവനം ആണ്. ആ ഭവനം സെൻറ് വിൻസെൻറ് ഡീ പോൾ സംഘം വകയായിരുന്നു. പ്രസ്തുത സംഘക്കാർ മീരാഭവനം വാങ്ങി കുറെകഴിഞ്ഞപ്പോൾ "മദ്യവർജ്ജനസംഘ" (Pioneer Temperance Association) ത്തിന്റെ ഒരു ശാഖ അതിൽ സ്ഥാപിതമായി. ഇതിന് ഒരു ഭരണസമിതിയും ഏർപ്പെടുത്തപ്പെട്ടു. ഈ സമിതി അതിന്റെ ആരംഭംമുതൽ ഒരു നിശ്ചിതരൂപവും ക്രമവും സ്വീകരിച്ചുപ്രവർത്തിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കിയിരുന്നു. യോഗാരംഭത്തിലെ പ്രാർത്ഥനയ്ക്കായി അവർ സെൻറ് വിൻസെൻറ് ഡീ പോൾ സംഘത്തിന്റെ പ്രാരംഭപ്രാർത്ഥനയോടു ജപമാലയും കൂട്ടിച്ചേർത്തു. ഉപയോഗിച്ചുവന്നു അതിനെത്തുടർന്നു ആദ്ധ്യാത്മികഗ്രന്ഥപാരായണവും തലേയോഗത്തിന്റെ മിനിട്ട്സ് വായനയും നടത്തി. യോഗങ്ങൾക്കു നിശ്ചിതമായൊരു പരിപാടി അവർക്കുണ്ടായിരുന്നു. എന്നാൽ "മദ്യവർജ്ജനസംഘ"കാര്യങ്ങൾ വേഗത്തിൽ അവസാനിച്ചിരുന്നതുകൊണ്ടു ഓരോ അംഗവും തലേ ആഴ്ചയിൽ ചെയ്തിട്ടുള്ള പ്രേഷിതപ്രവർത്തനങ്ങളുടെ റിപ്പോർട്ടു നൽകുക എന്ന ഒരു പതിവു അവർ ആരംഭിച്ചു. മീരാഭവനം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മറേറാരോ സംഘടനകളിലെ അംഗങ്ങൾ എന്ന നിലയിൽ പല പ്രേഷിതപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നവരായിരുന്നു അവർ. പുരുഷന്മാർ ആശുപത്രികളും ഭവനങ്ങളും സന്ദർശിക്കുകയും സ്ത്രീകൾ വേദോപദേശക്ലാസ് നടത്തുകയും മററും ചെയ്തുവന്നിരുന്നു. അങ്ങനെ വർഷങ്ങൾ നാലോളം കടന്നുപോയി.

അക്കാലത്തു വിശുദ്ധ ലൂയി മേരി ഡീ മോണ്ട്ഫോർട്ടു് പഠിപ്പിച്ച "മറിയത്തോടുള്ള യഥാർത്ഥ ഭക്തി" പലപ്പോഴും അവരുടെ സംവാദ വിഷയമായിത്തീർന്നിരുന്നു. അന്നു അതിനെപ്പററി അവർക്കാർക്കും അത്രവലിയ നിശ്ചയമൊന്നും ഉണ്ടായിരുന്നില്ല. ആകയാൽ ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്നതിനായി ഒരു പ്രത്യേക യോഗം അവർ വിളിച്ചുകൂട്ടി. ആ സായാഹ്നം മുഴുവൻ അവർ അതിനായി വിനിയോഗിച്ചു. ഇതു് ലീജിയൻ ആരംഭിക്കുന്നതിനു് ഏതാണ്ടു ഒരു മാസത്തിനു് മുമ്പായിരുന്നു. ആ ഭക്തിക്രമം അനുഷ്ഠിക്കുവാൻ അവർ അതിയായി ആഗ്രഹിച്ചു. തദനന്തരം, ഒരു പക്ഷേ തൽഫലമായി, ലീജിയൻ പെട്ടെന്നു് ആവിർഭവിച്ചുവെന്നു പറയാം ഈ ഭക്തിക്രമത്തെ ലീജിയൻ അതിന്റെ സ്വന്തമായി സ്വീകരിച്ചിരിക്കുകയാണ്.

മേല്പറഞ്ഞ യോഗം കഴിഞ്ഞിട്ടു അധികംനാളായില്ല; "മദ്യവർജ്ജനസംഘ"ത്തിന്റെ ഒരു ഭരണസമിതിയോഗത്തിൽ അംഗങ്ങൾ പതിവുപോലെ തങ്ങളുടെ റിപ്പോർട്ടുസമർപ്പിച്ചു. അക്കൂട്ടത്തിൽ മീരാഭവനം സൂക്ഷിപ്പുകാരനായിരുന്ന മാററുമറെ എന്ന ഭേഷവും വേറൊരംഗവുംകൂടി നടത്തിയ ആശുപത്രിസന്ദർശനവിവരണം എല്ലാവരേയും ഹഠാദാകർഷിച്ചു. അതു കേട്ടവരെല്ലാം വല്ലാതെ ഇളകി. ആ സമയത്തു ത്രികാലജപത്തിനുള്ള സന്ധ്യാമണിനാദം മുഴങ്ങി. എല്ലാവരും എഴുന്നേററുനിന്നു പ്രാർത്ഥിച്ചു. ലോകപരിവർത്തനത്തിനു് കാരണമായിത്തീരുവാനുള്ള സംഭവത്തിനു്—ലീജിയന്റെ ആവിർഭാവത്തിനു്—കളം ഒരുങ്ങിവരികയാണെന്നു അപ്പോൾ അവരാരും അറിഞ്ഞിരുന്നില്ല. ത്രികാലജപം കഴിഞ്ഞു എല്ലാവരും ചായ കുടിക്കുവാൻ തുടങ്ങി. അതിനിടയ്ക്കു അവരുടെ കൂട്ടത്തിലുണ്ടായിരുന്ന രണ്ടു സ്ത്രീകൾ ഭാരവാഹികളെ സമീപിച്ചുകൊണ്ടു ചോദിച്ചു സെൻറ് വിൻസെൻറ് ഡീ പോൾ സംഘാംഗങ്ങൾ ആശുപത്രി സന്ദർശിക്കയും മററും ചെയ്യുന്നതുപോലെ തങ്ങൾക്കും പ്രവർത്തിക്കുവാൻ സാധിക്കത്തക്കവണ്ണം വല്ലതും ചെയ്തുകൂടേയെന്നു്. "നിങ്ങളോടുചേർന്നു പ്രവർത്തിക്കുവാൻ വേറെ വല്ലവരേയുംകൂടി കിട്ടുമോ?" എന്ന ചോദ്യമായിരുന്നു അതിനു അവർക്കു ലഭിച്ച മറുപടി. അവർ പിൻവാങ്ങി. അല്പം കഴിഞ്ഞു അവർ മടങ്ങിവന്നു പറഞ്ഞു: "ഏതാനുംപേരോടു ഞങ്ങൾ ചോദിച്ചു; ആറുപേർ സമ്മതിച്ചിട്ടുണ്ട്." "ആറുപേർ നല്ലൊരു സംഖ്യയാണ്. നമുക്കൊരു ആരംഭം ഇടാം" എന്നുത്തരവും ഉണ്ടായി. അവർ അതിനെപ്പററി ആലോചിച്ചു. അടുത്ത ബുധനാഴ്ച രാത്രി 8 മണിക്കു ഒരു യോഗം കൂടുവാനും അതിനിടയ്ക്കു ഇക്കാര്യത്തെക്കുറിച്ചു മററു സ്നേഹിതരോടു സംസാരിക്കുവാനും തീരുമാനിച്ചു.

ബുധനാഴ്ച വൈകുന്നേരം യോഗം ചേർന്നു—ആദ്യത്തെ ലീജിയൻ യോഗം. പതിനഞ്ചു സ്ത്രീകളും ഒരു വിൻസെൻറ് ഡീ പോൾ സംഘാംഗവും റവ. ഫാദർ ടോഹറും സന്നിഹിതരായിരുന്നു. എന്നാൽ അവർ അവിടെ വരുന്നതിനുമുമ്പു പരിശുദ്ധകന്യക അവരെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. അതേ, അവർ വന്നപ്പോൾ സാധാരണമായി അവിടെ വെറുതെ ഇട്ടിരിക്കാറുള്ള ഒരു മേശ പതിവല്ലാത്തവിധം അലങ്കരിക്കപ്പെട്ടിരുന്നു—ഒരു വെള്ളത്തുണി വിരിച്ചു അതിന്മേൽ പരിശുദ്ധകന്യകമറിയത്തിന്റെ ഒരു പ്രതിമയും കത്തിച്ച രണ്ടു തിരികളും രണ്ടു പൂപ്പാത്രങ്ങളും വച്ചിരുന്നു. ആരാണതു ചെയ്തതെന്നു നിശ്ചയമില്ല; അങ്ങനെ ചെയ്യണമെന്നു യാതൊരു നിർദ്ദേശവും ഉണ്ടായിരുന്നില്ല. ആരോ അതു ചെയ്തു. പരിശുദ്ധകന്യകമറിയം അങ്ങനെ ചെയ്യാൻ അയാളെ തോന്നിച്ചതായിരിക്കാം. അതുതന്നെയാണ് ഇപ്പോൾ ലോകത്തിലെവിടേയും കാണുന്ന ലീജിയൻ അൾത്താര.

സുസ്മരണാർഹമായ ആ സംഭവം നടന്നതു 1921 സെപ്റ്റംബർമാസം 7-ാംതിയതിയായിരുന്നു. ആ പരിശുദ്ധകന്യകമറിയത്തിന്റെ ജനനത്തിരുനാളിന്റെ വെസ്പരയുടെ ദിവസമായിരുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ ലീജിയന്റെ ജനനദിവസവും അതുതന്നെ.

കാരുണ്യനാഥയുടെ സംഘം (Association of Our Lady of Mercy) എന്ന പേരിലാണ് ലീജിയൻ അന്നു അറിയപ്പെട്ടിരുന്നതു്. ആദ്യയോഗത്തിൽ സംബന്ധിച്ചിരുന്ന വിൻസെൻറു ഡീ പോൾ സംഘാംഗം ലീജിയന്റെ സ്ഥാപകനായ ബ്രദർ ഫ്റാങ്ക് ഡഫ് ആയിരുന്നു. ലീജിയന്റെ സ്ഥാപനയോഗത്തിൽ സന്നിഹിതനായിരുന്ന റവ. ഫാദർ ടോഹർ ലീജിയൻ കൊൺസീലിയത്തിന്റെ ആദ്ധ്യാത്മികനിയന്താവെന്നനിലയിൽ 1954 ആഗസ്റ്റ് 21-ാംനു- നിര്യാതനായി. ആശുപത്രിസന്ദർശനമായിരുന്നു ലീജിയനംഗങ്ങൾ ആദ്യം ഏറെറടുത്ത ജോലി. ആ പാരമ്പര്യം ആശുപത്രിയുള്ള സ്ഥലങ്ങളിൽ ഇന്നും അവർ തുടർന്നുവരുന്നു.


പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD. 1927

പാലാ

(ഷെഡ്യൂൾഡ് ബാങ്ക്)

5-7-1957

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,88,519 രൂപാ |
| കരുതൽ ധനം ... | 15,45,000 രൂപാ |
| ആകെ ഡിപ്പോസിററ് ... | 7,70,20,236 രൂപാ |
| രൊക്കിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,36,14,894 രൂപാ |
| ഗവമ്മെണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,55,90,986 രൂപാ |
| ആകെ മുതൽ ... | 8,25,82,893 രൂപാ |

കെ. ജോസഫ് ആഗസ്തി

മാനേജിംഗ് ഡയറക്ടർ

P.C. 5688


കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസപദ്ധതി വിദ്യാർത്ഥികൾ വെറുക്കുന്നു

(നിരീക്ഷകൻ)

കഴിഞ്ഞ ജൂൺ 14 മുതൽ 17 വരെ തീയതികളിൽ മോസ്ക്കോയിൽവച്ചു സോവ്യററുയൂണിയനിലുള്ള എല്ലാ ഉന്നതവിദ്യാലയങ്ങളിലേയും സാമൂഹികശാസ്ത്രവിഭാഗങ്ങളുടെ പ്രധാന പ്രൊഫസറന്മാരുടെ ഒരു പൊതുസമ്മേളനം നടത്തപ്പെട്ടു. സാമൂഹികശാസ്ത്രവിഭാഗത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വശാസ്ത്രം, രാഷ്ട്രീയസാമ്പത്തികശാസ്ത്രം, സോവ്യററുയൂണിയനിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ചരിത്രം എന്നീ വിഷയങ്ങൾ ഉൾപ്പെടും. കോൺഫറൻസിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന 2500 പ്രൊഫസറന്മാർ സംബന്ധിച്ചിരുന്നു. ഏതാദൃശമായ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുവാനുണ്ടായ കാരണം ഹംഗറിയിലും പോളണ്ടിലും ഉണ്ടായ പ്രക്ഷോഭണത്തെത്തുടർന്നു് റഷ്യയിലാകെയും ഉപഗ്രഹരാജ്യങ്ങളിലും ആവിർഭവിച്ചിട്ടുള്ള ആദർശപരമായ പ്രതിസന്ധിഘട്ടത്തേയും അതിലുമുപരിയായി ഇരുമ്പുമറയ്ക്കു പുറകിലുള്ള എല്ലാ രാജ്യങ്ങളിലുംതന്നെ അടുത്തകാലത്തു വിദ്യാർത്ഥികളുടെ ഇടയിൽ ദൃശ്യമായിട്ടുള്ള അസ്വസ്ഥതകളേയും നേരിടുന്നതിനുള്ള പദ്ധതികളെപ്പററി പര്യാലോചിക്കുകയായിരുന്നു.

റഷ്യയിലും അധീനരാജ്യങ്ങളിലും ഇന്നുവരെയുണ്ടായിട്ടുള്ള അസ്വസ്ഥതകളുടേയും, പ്രക്ഷോഭണങ്ങളുടേയും, വിപ്ലവങ്ങളുടേയും ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമായി കാണുവാൻ സാധിക്കുന്ന ഒരു വസ്തുതയാണ്, അവയെല്ലാം യുവവിദ്യാർത്ഥികളുടെ നേതൃത്വത്തിലാണു നടന്നിട്ടുള്ളതെന്നു്. ഈ യാഥാർത്ഥ്യം മേലുദ്ധരിച്ച പ്രതിസന്ധിഘട്ടത്തെ സംബന്ധിച്ച ഒന്നാംതരം തെളിവാണ്. ഇതിലൊരു പ്രത്യേകതയുള്ളതു് ഈ വിദ്യാർത്ഥികളാകട്ടെ, രാജ്യത്തെ ഏററം വിശ്വസ്തരായ കമ്മ്യൂണിസ്റ്റ്കളുടെ ചേരികളിൽനിന്നു തിരിഞ്ഞെടുക്കപ്പെട്ടവരാണെന്നുള്ള തത്രെ. ഉന്നതവിദ്യാലയങ്ങളിൽ അവരെ ശരിക്കു കമ്മ്യൂണിസ്റ്റ് തത്വസംഹിത പഠിപ്പിക്കുന്നതിനു പ്രത്യേകപദ്ധതികളും ധാരാളം വിദഗ്ദ്ധന്മാരായ തിരിഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകന്മാരുമുണ്ടു്. ഇങ്ങനെയെല്ലാമാണെങ്കിലും അവരുടെ ഇടയിൽ വിപ്ലവാസക്തി ഒന്നിനൊന്നു വർദ്ധിച്ചുവരികയാണ്. പാഠപദ്ധതിയിൽനിന്നു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വമീമാംസ എടുത്തുകളയണമെന്നാണ് അവർ ശഠിക്കുന്നതു്. അതിനു വിപരീതമായി എഴുതപ്പെട്ടിട്ടുള്ള ഡൂഡിൻസേവിന്റെ "അപ്പംകൊണ്ടു മാത്രമല്ല" (Not by Bread Alone) യാഷ്ചിന്നിന്റെ "ലിവേഴ്സ്" മുതലായ കൃതികൾ അവർ വളരെ ആവേശത്തോടുകൂടി വായിക്കുന്നു. ചുരുക്കത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വത്തിനു തന്നെ ഇതു തലവേദനയ്ക്കു കാരണമായിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് അദ്ധ്യാപകന്മാർ എന്താണ് പഠിപ്പിക്കുന്നതെന്നും, പാർട്ടിയെ അനുകൂലിക്കുന്നതിനുപകരം എതിർക്കുന്ന ഈ വിദ്യാർത്ഥിമനോഭാവത്തെ എങ്ങനെയാണു നേരിടേണ്ടതെന്നുമുള്ള കാര്യത്തിൽ അവർ ഈയിടെയായി ഇതികർത്തവ്യതാമൂഢരായിരിക്കുകയത്രെ. ഇതിനൊരു പ്രതിവിധി കാണുവാനായിരുന്നു ഇത്ര വമ്പിച്ച തോതിൽ ഒരദ്ധ്യാപകകോൺഫറൻസ് മോസ്ക്കോയിൽ നടത്തപ്പെട്ടതു്. എങ്കിലും കോൺഫറൻസിലെ ചർച്ചകൾ പ്രശ്നത്തിന്റെ കാര്യമായ ഭാഗങ്ങളെ സ്പർശിക്കുകയാകട്ടെ, നിവാരണമാർഗ്ഗങ്ങളെ കണ്ടുപിടിക്കുകയാകട്ടെ ചെയ്തെന്നു തോന്നുന്നില്ല. വ്യക്തികളുടെ ഉദാസീനതയ്ക്കെതിരായി ചില ആരോപണങ്ങൾ ഉന്നയിക്കുന്നതിനും, പാർട്ടിതത്വങ്ങളെ പഠിപ്പിക്കുന്നതിനുള്ള വിഷമതകളെ വിവരിക്കുന്നതിനുമാണ് അധികസമയവും ചിലവഴിക്കുകയുണ്ടായതു്.

ഒരു പ്രധാനപ്രസംഗകനായ കൊൺസ്റ്റാൻറിനോവ് പ്രസ്താവിച്ചതിപ്രകാരമാണ്:- മാർക്സിസം-ലെനിനിസം പഠിപ്പിക്കുന്നതു് വെറും താത്വികംമാത്രമാകാതെ സജീവമായിരിക്കണമെങ്കിൽ അതിന്റെ എതിർപ്പുകൾ പഴയ ശത്രുക്കളുടെനേരെ മാത്രമാകാതെ ഇപ്പോഴുള്ള എതിരാളികളെക്കൂടി ലക്ഷ്യമാക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ നിലവാരം ഇപ്പോഴും നിർഭാഗ്യകരമാംവണ്ണം വളരെ താണതാണ്; അദ്ധ്യാപനരീതി വിരസവും, ദുസ്സഹവും, കിരാതവുമാണ്..... കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ചരിത്രം പഠിപ്പിക്കുമ്പോൾ പാർട്ടി കീഴ്പ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതും കീഴടക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ വൈഷമ്യങ്ങളെ വേണ്ടവിധത്തിൽ പ്രകാശിപ്പിക്കുന്നതിനു ശ്രമിക്കുന്നില്ല......കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ചരിത്രം പഠിപ്പിക്കുന്നതിൽ പ്രകടമാകുന്ന ഈ കുറവിനുള്ള കാരണം പ്രധാനമായും ഈ വിഷയത്തിൽ അദ്ധ്യാപകന്മാർ വേണ്ടത്ര ഗവേഷണങ്ങൾ നടത്തുന്നില്ല എന്നതാണ്......ഗവേഷണവിഷയത്തിൽ രാഷ്ട്രീയസാമ്പത്തികശാസ്ത്രവകുപ്പിനെ സംബന്ധിച്ചിടത്തോളം വളരെ പോരായ്മകളുണ്ടു്. അന്നന്നത്തെ സംഭവവികാസങ്ങൾ ഗ്രഹിക്കുന്നതിലും, ആധുനികസാമ്പത്തികപരിണാമങ്ങളെ പഠിക്കുന്നതിലും, സോഷ്യലിസ്ററും ക്യാപ്പിററലിസ്റ്റുമായ സാമ്പത്തികവികസനത്തിൽ ദൃശ്യമാകുന്ന പുതിയ രീതികൾക്കനുസരിച്ചു് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് രീതികൾ പ്രായോഗികമാക്കുന്നതിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പോരായ്മകളാണ് ഇവയിൽ പ്രമുഖങ്ങളായവ.......തത്വശാസ്ത്ര പഠനം അനുദിനസംഭവങ്ങളെപ്പററിയുള്ള വാദപ്രതിവാദങ്ങളായിരിക്കുകയാണ്......നമ്മുടെ തത്വശാസ്ത്രജ്ഞന്മാർ പ്രകൃതിശാസ്ത്രങ്ങളെ സംബ


ന്ധിച്ചുള്ള രംഗങ്ങളിൽ അവരുടെ ജ്ഞാനം വേണ്ടവിധത്തിൽ വർദ്ധിപ്പിക്കുന്നില്ല എന്നുള്ളതു് യഥാർത്ഥമാണ്……ചില സ്ഥാപനങ്ങളിലെ ധനതത്വശാസ്ത്രജ്ഞന്മാർ രാഷ്ട്രീയസാമ്പത്തികശാസ്ത്രം പഠിപ്പിക്കുന്നതേയില്ല……ലെനിൻഗ്രാഡിലുള്ള 41 ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന സയൻസ്ഡോക്ടർബിരുദധാരികളിൽ ഒരുത്തൻപോലും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ചരിത്രത്തിൽ പ്രത്യേകപഠനം നടത്തിയിട്ടുള്ളതായി ഇല്ല. (പ്രവ്ദ 15 ജൂൺ 1957)

സാധാരണ പതിവനുസരിച്ചു കോൺഫറൻസ് ധാരാളം നിർദ്ദേശങ്ങൾ ചെയ്യുകയുണ്ടായി. പക്ഷെ അവകൊണ്ടു് എന്തെങ്കിലും പ്രായോഗികമായ മേന്മയുണ്ടാകുമോ യെന്നു കണ്ടറിയേണ്ടതാണ്. കോൺഫറൻസിനു മുമ്പായി ചരിത്രപരമായ ചില പ്രസിദ്ധീകരണങ്ങൾക്കു വേണ്ട പ്രാരംഭജോലികൾ കമ്മ്യൂണിസ്റ്റ്പാർട്ടി സെൻട്രൽ കമ്മിററിയിൽനിന്നും ചെയ്തിരുന്നു. പാർട്ടിയുടെ പ്രാമാണികരേഖകൾ സൂക്ഷിച്ചിരിക്കുന്ന ചില ഗ്രന്ഥശേഖരങ്ങൾ ഗവേഷണത്തിനായി തുറന്നിട്ടിരിക്കുകയാണ്. ഓരോ വിഷയത്തെയും സംബന്ധിക്കുന്ന പാഠ്യപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്. ഇവയെല്ലാം വെറും പ്രാഥമികമായ ചില പരിപാടികളാണെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അവ പ്രാധാന്യമർഹിക്കുന്നവയാണെന്നു പറയാം. എന്നാൽ പ്രശ്നത്തിന്റെ യഥാർത്ഥമർമ്മം പ്രസ്തുത പ്രസംഗകനും മററു പ്രസംഗകന്മാരും സ്പർശിക്കാതിരുന്നില്ല. "സൃഷ്ടിപരമായ ശാസ്ത്രീയപരിചിന്തനത്തിനു പുരോഗമിക്കുവാൻ വിസ്തൃതമായ രംഗം സൃഷ്ടിക്കുക" അതാണത്യാവശ്യമെന്നവർ അഭിപ്രായപ്പെട്ടു; "ശാസ്ത്രീയവിഷയങ്ങളെ സംബന്ധിച്ച തുറന്ന വാദപ്രതിവാദം നടത്തുന്ന ഒരു പദ്ധതി ആവിഷ്കരിക്കുകയും അഭിപ്രായങ്ങൾ പരസ്പരം കൈമാറുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയുമാണ് ഏററം അത്യാവശ്യമായിട്ടുള്ളതു്." പക്ഷെ ഇതൊന്നും അവിടെ നടക്കാൻ പോകുന്നില്ല. പാവപ്പെട്ട അദ്ധ്യാപകന്മാർ അസാദ്ധ്യതകളുടെ വൈരുദ്ധ്യങ്ങളിൽ കിടന്നു നരകിക്കുകയേ നിവൃത്തിയുള്ളു. സ്റ്റലിന്റെ നിർദ്ദേശങ്ങൾ ശിരസാവഹിക്കുവാൻ ഒരു ഭാഗത്തുനിന്നുപദേശം; ക്രൂഷേവിന്റെ ഇരുപതാം പാർട്ടി കോൺഗ്രസ്സിലെ ഭീഷണി വേറൊരു വശത്തു്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അസംതൃപ്തരും, അസ്വസ്ഥരും, സ്വാതന്ത്ര്യകാംക്ഷികളുമായിത്തീരുന്നെങ്കിൽ അവരെ കുററം പറയുവാൻ സാധിക്കുമോ? അതുകൊണ്ടാണ് ചിന്താസ്വാതന്ത്ര്യത്തേയും ആത്മാഭിമാനത്തേയും പുലർത്തുന്നതിനുവേണ്ടി അവർ പ്രക്ഷോഭണങ്ങൾ ഉണ്ടാക്കുകയും വിപ്ലവങ്ങൾ നയിക്കുകയും ചെയ്യുന്നതു്. നിരർത്ഥകങ്ങളായ തത്വമീമാംസകൾകൊണ്ടു് പുരോഗമനാത്മകമായ യുവതത്വത്തെ കടിഞ്ഞാണിട്ടു നിർത്തുന്നതിനോ മൃഗങ്ങളെപ്പോലെ അടിച്ചുകൂട്ടിക്കൊണ്ടു നടക്കുന്നതിനോ യാതൊരു ശക്തിക്കും സാദ്ധ്യമല്ല എന്നുള്ളതിനു ഒരു തെളിവാണ് കമ്മ്യൂണിസത്തിന്റെ വിദ്യാഭ്യാസരംഗത്തെ ഈ പരാജയം.

(10-ാംപേജ് തുടർച്ച)

ലുതും പുരാതനവുമായ ആ സഭയെ നമുക്കു സൂക്ഷിക്കാം. അതിന്റെ പാരമ്പര്യത്താലും, മനുഷ്യർക്കു പ്രസിദ്ധമാക്കപ്പെട്ടിരിക്കുന്നതും മെത്രാന്മാരുടെ പിന്തുടർച്ചമുഖേനനമുക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നതുമായ അതിന്റെ വിശ്വാസത്താലും, ഏതെങ്കിലും കാരണത്താൽ …അനുവദിക്കപ്പെടാത്തിടത്തു കൂടുന്നവരെ (പാഷണ്ഡരെ) നാം ലജ്ജിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സഭയുടെ അതിപ്രബലമായ അധികാരം നിമിത്തം ഇതിനോടു മറെറല്ലാസഭകളും യോജിക്കണം. അതായതു് എല്ലാഭാഗത്തുനിന്നുമുള്ള വിശ്വാസികൾ ഇതിനോടു യോജിക്കണം. ശ്ലീഹന്മാരിൽനിന്നുള്ള പാരമ്പര്യം കാത്തുസൂക്ഷിക്കപ്പെട്ടുന്നതായി ഏതു രാജ്യത്തിലുമുള്ള എല്ലാ സഭകളും (ഇതിനോടു യോജിക്കണം.)

(Adv. Har., III, 3)



ശ്രീ ഇട്ടീര പാറേക്കാട്ടിൽ അവർകളുടെ ശവസംസ്കാരകർമ്മത്തിൽ സംബന്ധിച്ചിരുന്ന വൈദികർ. പ്രധാനകാർമ്മികനായ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയേയും തൃശ്ശൂർ മെത്രാൻ തിരുമേനിയേയും ചിത്രത്തിൽ കാണാം.

# ശ്രീ ഇട്ടീര പാറേക്കാട്ടിൽ അവർകളുടെ ശവസംസ്കാരം

എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ വത്സലപിതാവ് ശ്രീ ഇട്ടീര പാറേക്കാട്ടിൽ അവർകൾ നിര്യാതനായ വിവരം റിപ്പോർട്ടു ചെയ്തിരുന്നല്ലോ. മൃതദേഹം സെപ്തംബർ 8-ാംനു വൈകുന്നേരം അഞ്ചേകാൽ മണിയോടുകൂടി കിടങ്ങൂർ പള്ളിയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന കല്ലറയിൽ സംസ്കരിക്കപ്പെട്ടു.


ചരമവാർത്തയറിഞ്ഞ സമയംമുതൽ നിരവധി വൈദികരും പൗരമുഖ്യരും പരേതന്റെ സവിധത്തിലെത്തി അന്തിമാദരപ്രകടനം നടത്തുകയും അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥനാർച്ചനകൾ നടത്തിപ്പോരുകയും ചെയ്തിരുന്നു.

8-ാംനു ഉച്ചതിരിഞ്ഞു മൂന്നരമണിയോടുകൂടി വരാപ്പുഴ മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി സ്ഥലത്തെത്തി ലത്തീൻ റീത്തിൽ ഒപ്പീസു നടത്തുകയുണ്ടായി. സുറിയാനി റീത്തിലും മലങ്കരറീത്തിലും ലത്തീൻ റീത്തിലും ഒപ്പീസുകൾ കാലത്തുമുതൽ നടത്തിപ്പോന്നിരുന്നു. തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടു് വലിയ ഒപ്പീസ് നടത്തി. റവ. ഫാ. മാത്യു മങ്കുഴിക്കരി അവർകൾ പരേതന്റെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് ഹൃദയസ്പൃക്കായി ചരമപ്രഭാഷണം നടത്തി. തുടർന്ന് എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ വിലാപയാത്ര ആരംഭിച്ചു. മുപ്പതിൽപ്പരം പൊൻവെള്ളിക്കുരിശുകളുടെയും, ദശനാമൂഹങ്ങളുടെയും ശോകാത്മകമായ ബാൻറു് വാദ്യത്തിന്റെയും അകമ്പടിയോടുകൂടി നടന്ന ഈ ഗംഭീര വിലാപയാത്രയിൽ എറണാകുളം അതിരൂപതാ വികാരി ജനറൽ മോൺ: ജോർജ്ജ് വച്യാറമ്പത്തു, കോതമംഗലം രൂപതാ വികാരി ജനറൽ മോൺ: ടി. കെ. നമ്പ്യാപറമ്പിൽ, മോൺ: വറുഗീസ് പുതുശേരി തുടങ്ങി ബഹുശതം വൈദികരും കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്ന വൻപിച്ച ഒരു ജനാവലിയും നിരയായി നടന്നു പങ്കുകൊണ്ടിരുന്നു വിലാപയാത്ര ദേവാലയത്തിൽ എത്തിച്ചേർന്നശേഷം റവ. ഡോക്ടർ തോമസ് മൂത്തേടൻ അവർകൾ പരേതന്റെ ശ്രേഷ്ഠഗുണവിശേഷങ്ങളെ പരാമർശിച്ചുകൊണ്ടും സെപ്റ്റംബർ 8-ന്റെ മഹനീയതയെ അനുസ്മരിച്ചുകൊണ്ടും ശ്രദ്ധാർഹമായൊരു പ്രഭാഷണം ചെയ്തു അനന്തരം സന്നിഹിതരായിരുന്ന വൈദികരുടെയും വൻപിച്ച ജനാവലിയുടെയും പ്രാർത്ഥനകൾക്കിടയിൽ, അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം കല്ലറയിൽ സംസ്കരിക്കപ്പെട്ടു.


ശവസംസ്കാരചടങ്ങുകൾക്കുശേഷം അനേകായിരം സാധുക്കൾക്കു് ദാനധർമ്മങ്ങൾ നൽകപ്പെടുകയുണ്ടായി.

9-ാം തിയതി കാലത്തു 7 മണിക്കു് എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പരേതന്റെ ആത്മാനുകൂലാർത്ഥം പൊന്തിഫിക്കൽ ദിവ്യപൂജ അർപ്പിക്കുകയുണ്ടായി.


## പുത്തൻപള്ളിയിലേയും ചെല്ലാനത്തേയും വമ്പിച്ച പ്രതിഷേധമഹായോഗങ്ങൾ



പുത്തൻപള്ളി പ്രതിഷേധമഹായോഗത്തിൽ സംബന്ധിച്ച വനിതാമണികളിൽ ഒരു വിഭാഗം



മഹായോഗത്തിൽ ശ്രീ വാസുദേവൻനായർ പ്രസംഗിക്കുന്നു. മെ. അബ്ദുമുഹമ്മദു്, കെ ടി ജോർജ്ജ്, സി എം സ്റ്റീഫൻ എന്നിവരേയും ചിത്രത്തിൽ കാണാം



ചെല്ലാനത്തെ വൻപിച്ച പ്രതിഷേധമഹായോഗത്തിൽ ശ്രീ വക്കിത്തരകൻ ബി ഏ പ്രസംഗിക്കുന്നു

## പൗരസ്ത്യറീത്തുകൾക്കു പുതിയ കാനൻനിയമം

1935-ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ കാലത്തു സമാരംഭിച്ച പൗരസ്ത്യറീത്തുകളുടെ കാനൻനിയമസംഹിത ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. "ആക്താ അപ്പസ്തോലിച്ചെ സേഡിസ്" എന്ന ഔദ്യോഗിക പ്രസിദ്ധീകരണത്തിൽ ആഗസ്റ്റ് 15-ാംനു ഈ വാർത്ത പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അടുത്തകൊല്ലം മാർച്ച് 25-ാം തീയതിയാണ് ഈ നിയമങ്ങൾ ഊർജ്ജിതത്തിൽ വരിക. ഈ സംഹിതയിലെ സന്യാസികളേയും, വിവാഹത്തേയും, വൈദികകോടതികളേയും സംബന്ധിക്കുന്ന ഭാഗങ്ങൾ നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. പുതിയ നിയമങ്ങളിൽ ആരാധനക്രമം സംബന്ധിച്ചതായിരിക്കും കൂടുതൽ പൊതുജനശ്രദ്ധയെ ആകർഷിക്കുക. പൗരസ്ത്യസഭയുടെ ആരാധനക്രമങ്ങൾ അവയുടെ ശ്രേഷ്ഠമായ പൗരാണികത്വത്തിൽ തിരുസഭയുടെ അലങ്കാരവും കത്തോലിക്കാവിശ്വാസത്തിന്റെ ഏകത്വത്തെ പ്രകടമാക്കുന്ന അടയാളവുമാകയാൽ അവ കൃത്യമായി ആചരിക്കപ്പെടണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. പുതിയ സംഹിതയിൽ 558 കാനനുകളാണുള്ളതു്. അവ പ്രധാനമായും പൗരസ്ത്യറീത്തിലെ ആരാധനക്രമങ്ങളേയും, ഹയരാർക്കിയേയും, ചില അൽമായസംഘടനകളിലെ ശിക്ഷണക്രമത്തേയും സംബന്ധിക്കുന്നവയാണ്. ഈ കാനൻനിയമനിർമ്മാണത്തിൽ അർമ്മേനിയൻപാത്രിയാർക്കു കർദ്ദിനാൾ അഗാജിയാനിയൻ തിരുമേനിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു വിദഗ്ദ്ധസംഘമാണ് പ്രവർത്തിച്ചുകൊണ്ടിരുന്നതു്. മററു എട്ടംഗങ്ങളും കർദ്ദിനാളന്മാർതന്നെ ആയിരുന്നു.

## പുതിയ റെക്ടർ

റോമിലുള്ള ലാററിൻഅമേരിക്കൻ കോളേജിന്റെ റെക്ടറായിരുന്ന ഫാദർ പോൾ മുനോസ് വേഗാ എസ് ജെ അവർകളെ പോണ്ടിഫിക്കൻ ഗ്രിഗോരിയൻ യൂണിവേഴ്സിററിയുടെ റെക്ടറായി പരിശുദ്ധ പിതാവു നിയമിച്ചിരിക്കുന്നു. കഴിഞ്ഞ ആറുകൊല്ലം റെക്ടറായിരുന്ന ഫാദർ പീററർ അബെല്ലൻ എസ് ജെ യുടെ നിയമപ്രകാരമുള്ള കാലാവധി കഴിഞ്ഞതുകൊണ്ടാണ് ഈ മാററം.

# എക്സ്റേപ്ലാൻറും ഓപ്പറേഷൻ തിയേററും അങ്കമാലിയിൽ

## കേന്ദ്രഡെപ്യൂട്ടിമന്ത്രി ശ്രീ എ എം തോമസ് ഉൽഘാടനം ചെയ്തു

സെപ്റ്റംബർ 10-ാം തീയതി കാലത്തു അങ്കമാലി ലിററിൽഫ്ളവർ ആസ്പത്രിയിലെത്തിയ മന്ത്രി അവർകളെ മാനേജർ വെരി റവ. ഫാദർ വറുഗീസ് കവലക്കാട്ടും, എം. എൽ. എ. ശ്രീ എം. എ. ആൻറണിയും ഹാരങ്ങളണിയിച്ചു സ്വീകരിച്ചു. സ്വാഗതമാശംസിച്ച് പഞ്ചായത്തുപ്രസിഡൻറ് മി. എം. എൽ. പോളും, ഉൽഘാടനം നിർവ്വഹിക്കാൻ അപേക്ഷിച്ചുകൊണ്ട് ശ്രീ എം. എ. ആൻറണി എം. എൽ. എ. യും പ്രസംഗിച്ചു.

ബ: മന്ത്രിയുടെ ഉൽഘാടനപ്രസംഗത്തിൽ വൈദ്യസഹായവിഷയകമായി ഭാരതത്തിൻെറ പോരായ്മകളെ കണക്കുകളുദ്ധരിച്ചു വിവരിച്ചു. രണ്ടു പഞ്ചവത്സരപദ്ധതികളിലും ഇതിനെ പരിഹരിക്കാൻ സ്വീകരിച്ച നടപടികളെ വിശദീകരിക്കുകയുണ്ടായി. സമത്ഥമായ മാനേജുമെൻറ്, ആത്മാത്ഥതയും സാമത്ഥ്യവും ഒത്തിണങ്ങിയ ഡോക്ടർമാർ, ത്യാഗസന്നദ്ധരും സേവനനിരതരുമായ നേഴ്സിങ്ങ്സിസ്റ്റേഴ്സ് എന്നീ ഗുണങ്ങളെല്ലാം തികഞ്ഞ ഈ മിഷൻആസ്പത്രിയെ അദ്ദേഹം അഭിനന്ദിച്ചു. ഡോക്ടർ മാമ്പിള്ളിയുടെ ചികിത്സാവൈഭവം നേരിട്ടു പരിചയമുണ്ടെന്നും, ഡോക്ടർ പാട്ടങ്കർ എം. എസ്, മിസ്സിസ് പാട്ടങ്കർ എം. ബി. ബി. എസ്., ഡി. ജി. ഒ. എന്നീ ഉന്നതബിരുദങ്ങൾ നേടിയ പുതിയ ഡോക്ടർമാരുടെ സേവനം അങ്കമാലിക്കും അടുത്ത നാട്ടുകാർക്കും ഒരു ഭാഗ്യമാണെന്നും ബ: മന്ത്രി പ്രസ്താവിക്കുകയുണ്ടായി. നാട്ടുകാർ നിർല്ലോഭമായി ആസ്പത്രിയെ സഹായിക്കണമെന്നു ഉൽബോധിപ്പിച്ചും ജാതിമതഭേദംകൂടാതെ എല്ലാവർക്കും ആസ്പത്രി നൽകുന്ന സേവനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചുംകൊണ്ടാണ് കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് ശ്രീ എം. എൻ. ഗോപാലൻനായർ കൃതജ്ഞത പ്രകാശിപ്പിച്ചതു്.

52 ബെഡ്ഡുകളുള്ള ഈ ആസ്പത്രിയിൽ ഇപ്പോൾ മൂന്നു ഡോക്ടർമാരും ആറു നേഴ്സുമാരും ജോലിചെയ്യുന്നു. മറേറർണിററി വാർഡ്, രണ്ടു ജനറൽവാർഡുകൾ, എക്സ്റേ, ഓപ്പറേഷൻതിയേറർ, ലാബ്രട്ടറി എന്നിവ പ്രവർത്തനത്തിലായിട്ടുണ്ടു്. പാമ്പിൻെറ വിഷത്തിനുള്ള കുത്തിവയ്പ്പ് വളരെ ഫലപ്രദമായി നടത്തിപ്പോരുന്നു. ചൊവ്വാഴ്ചതോറും ഗർഭിണികളെ പരിശോധിച്ച് നിർദ്ദേശം നൽകുന്ന ഒരു ante-natal ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ടു്.

## ഇടവകവാർത്തകൾ

പുത്തൻപള്ളി: ഇടപ്പള്ളി മുതൽ പറവൂർ, വൈപ്പിൻകര മുതലായ 40-ൽപ്പരം പ്രദേശങ്ങളിൽ നിന്നും ജാഥയായിവന്നു് സെൻറ് ജോർജ് നഗറിൽവച്ച് സെപ്റ്റം: 1-ാം തീയതി ചേർന്ന പ്രതിഷേധമഹായോഗം വിദ്യാഭ്യാസബിൽ നടപ്പിലാക്കുകയാണെങ്കിൽ "രക്തം ചിന്തിയും നിയമനിഷേധം നടത്തു"മെന്നു പ്രഖ്യാപിച്ചിരിക്കുന്നു. എല്ലാ സ്ഥലങ്ങളിൽനിന്നും വന്നുചേർന്ന ജാഥയെ നീലഡ്രസ്സുകൾ ധരിച്ച ക്രിസ്റ്റഫർ വോളൻറിയേഴ്സാണു നയിച്ചതു്. ജാഥയ്ക്കു മുന്നണിയിൽ നേതൃത്വം കൊടുത്തിരുന്നതു് ജനറൽ ക്യാപ്റ്റൻ ശ്രീ ഹോർമിസ് തളിയത്തു്, വരാപ്പുഴ പഞ്ചായത്തു വൈസ്പ്രസിഡണ്ടു് മുതലായവരായിരുന്നു. അഡ്വൊക്കേററ് ശ്രീ കെ ടി ജോർജ് യോഗത്തിനു് അദ്ധ്യക്ഷതവഹിച്ചു. ശ്രീ സ്റ്റീഫൻ സി എം, ജനാബ് അബു മുഹമ്മദ് എന്നിവർ പ്രസംഗിച്ചു ശ്രീ പോൾ തളിയത്തു് അവതരിപ്പിച്ച പ്രതിഷേധപ്രമേയം യോഗം ഏകകണ്ഠമായി പാസ്സാക്കി.

പൊയ്യ: വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുവാൻ സെപ്റ്റം: 1-ാം തീയതി 5 മണിക്കു് കൊടുങ്ങല്ലൂർ ക്ഷേത്രത്തിൻെറ തെക്കെനടയിലുള്ള മൈതാനിയിൽ ശ്രീ ബി സി വർഗ്ഗീസ് എം എയുടെ ആദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. വിദ്യാഭ്യാസബില്ലിൻെറ പേരിലും മററും കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന അക്രമപ്രവൃത്തികളെ വിശദീകരിച്ച് ശ്രീ അബ്ദുൾഖാദർ, ശ്രീമതി ആനി ജോസഫ് ബി എ ബി എൽ, ശ്രീ മത്തായി മാഞ്ഞൂരാൻ, എൻ എൻ നാരായണപിള്ള, ഷംസുദീൻ എന്നിവർ പ്രസംഗിച്ചു.

ഒല്ലൂർ: ഈ ഇടവക ശ്രീ എം പി ആൻറണി മൊയലനും, തൊടുപുഴ കൊട്ടുകാപ്പിള്ളി ലൂക്കവക്കി മകൾ സെലിനും തമ്മിലുള്ള വിവാഹം ഒല്ലൂർ ഫൊറോനാപ്പള്ളിയിൽവച്ച് തൃശ്ശൂർബിഷപ്പ് റൈററ് റവ ഡോക്ടർ ജോർജ് ആലപ്പാട്ട് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ സെപ്റ്റംബർ 11-ാംനു നടന്നിരിക്കുന്നു. ആയതുപ്രമാണിച്ചു നടന്ന വിഭവസമൃദ്ധമായ വിവിധസദ്യകളിൽ പല എം എൽ എ മാരും മററു പ്രശസ്താതിഥികളും സംബന്ധിക്കുകയുണ്ടായി.

പാറപ്പള്ളി: സ്ഥലം സെൻറ് തോമസ് സൺഡേസ്കൂളിൻെറ ആഭിമുഖ്യത്തിൽ മാതാവിൻെറ പിറവിത്തിരുനാൾ സെപ്റ്റംബർ 8-ാം തീയതി ആഘോഷിച്ചു. ശ്രീ സി ജോസഫ് നീലിയറ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് മത്സരപരീക്ഷയിൽ വിജയികളായവർക്കു സമ്മാനങ്ങൾ നൽകി. 4 വിദ്യാത്ഥിനികളും 5 വിദ്യാത്ഥികളും പ്രസംഗിച്ചു. കുട്ടികളുടെ വിവിധവിനോദപ്രകടനങ്ങൾ, അവർക്കു മധുരപലഹാരവിതരണം മുതലായവയും ഉണ്ടായിരുന്നു.

## കേരളവാർത്തകൾ

ക്രിസ്ത്യൻ എഡ്യൂക്കേഷൻ ആക്ഷൻകമ്മിററിയുടെ ആഹ്വാനമനുസരിച്ച് വിദ്യാഭ്യാസബില്ലിനോടുള്ള പ്രതിഷേധസൂചകമായി കേരളത്തിൻെറ വിവിധഭാഗങ്ങളിലുമുള്ള പ്രൈവററ് വിദ്യാലയങ്ങൾ സെപ്റ്റംബർ 13-ാംനു അടച്ചു് ഹത്താലാചരിച്ചിരിക്കുന്നു. പല സ്ഥലങ്ങളിലും വിദ്യാത്ഥികളടക്കമുള്ള പൊതുജനങ്ങൾ പ്രകടനങ്ങൾ നടത്തുകയും യോഗങ്ങൾചേർന്നു വിദ്യാഭ്യാസബില്ലിനു് അനുമതി നൽകരുതെന്നു ഇൻഡ്യൻ പ്രസിഡണ്ടിനോടും കേരളാഗവണ്മെൻറിനോടും അഭ്യത്ഥിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസ്സാക്കുകയുമുണ്ടായി.

—കൊച്ചി വില്ലിംഗ്ടൺ ഐലണ്ടിൽ കേന്ദ്രഗവമ്മെൻറുവക ഒരു ടൂറിസ്റ്റ് ഓഫീസ് സെപ്റ്റംബർ 13-ാംനു മുതൽ പ്രവത്തനമാരംഭിച്ചിരിക്കുന്നു.

—വ്യവസായത്തക്കങ്ങൾ സംബന്ധിച്ച ഒത്തുതീപ്പുകൾക്കായി സംസ്ഥാനതൊഴിൽമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് നിയമിതമായിരിക്കുന്നു. വ്യവസായോടമകളുടേയും തൊഴിലാളികളുടേയും 11 പ്രതിനിധികൾവീതവും ഗവമ്മെൻറിൻെറ 4 പ്രതിനിധികളും ഈ ബോർഡിൽ അംഗങ്ങളായുണ്ടു്.

—റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ അധീനത്തിലുള്ള സക്കാർ പുറംപോക്കുഭൂമികൾ ഭൂമിയില്ലാത്തവക്കു പതിച്ചുകൊടുക്കുന്നതുസംബന്ധിച്ച ഒരു പദ്ധതി പ്രസിദ്ധീകൃതമായിരിക്കുന്നു. താലൂക്കു് അടിസ്ഥാനത്തിലുള്ള ഒരു കമ്മിററിയായിരിക്കും ഭൂവിതരണം നടത്തുക. ഓരോ വില്ലേജിലുമുള്ള റവന്യൂ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

Lona, Vadakethala house,
Kandassankadavu

വസ്തുക്കളുടെ 25 ശതമാനം ഗവമ്മെൻറാവശ്യങ്ങൾക്കായി നീക്കിവച്ച് ബാക്കിയുള്ളതേ വിതരണം ചെയ്യുകയുള്ളു.

—കേന്ദ്ര സാമൂഹ്യവികസന വകുപ്പുമന്ത്രി മി. എസ് കെ ഡേ സെപ്റ്റംബർ 23-ാംനു സംസ്ഥാനത്തെത്തുന്നതാണ്.

—കായംകുളം-പുനലൂർ ബസ് ചൈൻ പൂർണ്ണമായി ദേശവല്ക്കരിക്കുന്നതിനും ആലപ്പുഴ-തിരുവല്ല, കോടാകുളഞ്ഞിവഴി ആലപ്പുഴ-ചെങ്ങന്നൂർ എന്നീ ലൈനുകളിൽ ട്രാൻസ്പോർട്ടുബസ്സുകൾ ഏർപ്പെടുത്തുന്നതിനും സംസ്ഥാനഗവമ്മെൻറ് തീരുമാനിച്ചിരിക്കുന്നു. ഒക്ടോബർ മദ്ധ്യത്തോടുകൂടി ഇതു നടപ്പിൽ വരുന്നതാണെന്നറിയുന്നു.

—കേരള സാഹിത്യപരിഷത്തിൻെറ 26-ാമതു സമ്മേളനം ഒക്ടോബർ 3 മുതൽ 7 വരെ തീയതികളിൽ കോട്ടയത്തുവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—ഓരോ കോടതിയിലും വ്യവഹാരികസമിതി രൂപവല്ക്കരിക്കാൻ ഗവമ്മെൻറു സമപ്പിച്ചിരുന്ന നിർദ്ദേശം ഹൈക്കോടതി സ്വീകരിച്ചിരിക്കുന്നു. ഓരോ കോടതിയിലേയും പ്രിസൈഡിംഗ് ഓഫീസറുടെ നേതൃത്വത്തിലുള്ള പ്രസ്തുത സമിതിയിൽ ബാർ അസോസ്യേഷൻ പ്രസിഡണ്ടു്, ഗവമ്മെൻറ് പ്ലീഡർ, ബാറിൽനിന്നു ഹൈക്കോടതി നോമിനേററുചെയ്യുന്ന മൂന്നുപേർ എന്നിവരായിരിക്കും അംഗങ്ങൾ. അഡീഷനൽ കോടതികൾ, അധികാരാതിത്തിമാററങ്ങൾ, കോടതിസൗകര്യങ്ങൾ മുതലായവയായിരിക്കും സമിതിയുടെ ചർച്ചാവിഷയങ്ങൾ.

## ഇൻഡ്യാ വാർത്തകൾ

റയിൽവേ യാത്രക്കൂലിയിന്മേൽ നികുതിചുമത്തുന്ന കേന്ദ്രനിയമം സെപ്റ്റംബർ 15-ാംനു മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു. 15 മൈൽ ദൂരംവരെ മാത്രം യാത്രചെയ്യുന്നവരേയും സീസൺ ടിക്കററുള്ളവരേയും നികുതി ബാധിക്കുന്നതല്ല. 16 മുതൽ 30 മൈൽവരെയുള്ള യാത്രയ്ക്കു് കൂലിയുടെ 5 ശതമാനവും 31 മുതൽ 500 മൈൽ വരെയുള്ളതിനു് കൂലിയുടെ 15 ശതമാനവും നികുതി നൽകേണ്ടതാണു്. ക്ലാസ് വ്യത്യാസംകൂടാതെ എല്ലാ യാത്രക്കാരേയും ഇതു ബാധിക്കും.

—ജമ്മു-കാഷ്മീറിൽ 16 തവണ പൊട്ടിത്തെറികളുകൾക്കിടയാക്കിയ ഉപകരണങ്ങളെല്ലാം പാക്കിസ്ഥാൻ കേന്ദ്രങ്ങളിൽനിന്നും വെടിനിത്തൽരേഖയിലൂടെ കടന്നുവന്നിട്ടുള്ളതാണെന്നു് പ്രധാനമന്ത്രി നെഹ്റു ലോകസഭയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

—രണ്ടാം പഞ്ചവത്സരപദ്ധതിയുടെ വിജയത്തിനു് ലോകബാങ്കിൽനിന്നും വിദേശസുഹൃൽരാജ്യങ്ങളിൽനിന്നുമായി 700 കോടിക. ലഭിക്കേണ്ടതാവശ്യമാണെന്നു കേന്ദ്രപ്ലാനിംഗ്മന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—ബാംഗളൂർനിന്നും മംഗലാപുരത്തേക്കു പുറപ്പെട്ട ഒരു ഇൻഡ്യൻ വ്യോമസേനാവിമാനം കാണാതെയായതിനെത്തുടന്നു് നടത്തപ്പെട്ട അന്വേഷണത്തിൽ മടിഗിരിയിൽനിന്നും 13 മൈൽ അകലെയുള്ള ഒരു സ്ഥലത്തു് അതു തകന്നുകിടക്കുന്നതായി കണ്ടെത്തിയിരിക്കുന്നു.

—രാജ്യത്തെ പഞ്ചസാരവ്യവസായം ദേശീകരിക്കാനാവശ്യപ്പെട്ടുകൊണ്ടു് ലോക്സഭയിലവതരിപ്പിക്കപ്പെട്ട അനൗദ്യോഗികപ്രമേയം സഭ തള്ളിക്കളഞ്ഞു.

കാളൻ'സ്

# നിംബാസവം

രൂക്ഷം, ലഘു, ശീതം എന്നീ ഗുണങ്ങളുള്ള ഒരു ഔഷധമായതിനാൽ,

പുളി, ഉപ്പ്, മധുരം എന്നീ രസങ്ങളുള്ളവയും, കഫത്തേയും, മേദസ്സിനേയും, പിത്തത്തേയും വദ്ധിപ്പിക്കുന്നവയുമായ അന്നപാനാദികൾ (പഴങ്ങൾ, മത്സ്യം, മാംസം, പാലു്, തൈരു്, പഞ്ചസാര, പകലുറക്കം, വ്യായാമക്കുറവു്, മുതലായവ) മൂലം,


കഫവും മേദസ്സും പിത്തവും അമിതമായി വദ്ധിച്ചിട്ടുള്ളപ്പോഴം (ദേഹം അമിതമായി പൂണ്ണിക്കയും, ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വദ്ധിക്കുകയും ചെയ്തിട്ടുള്ളപ്പോഴം) ദേഹം സാരമായി മെലിഞ്ഞിട്ടില്ലാത്തപ്പോഴം,

കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളും ഉരുകുകയും ദൂഷിക്കുകയും ചെയ്യുകനിമിത്തമുണ്ടാവുന്ന നീർവീഴ്ച, തുമ്മൽ, നീരിറക്കം തലവേദന, അഗ്നിമാന്ദ്യം, ചുമ, ശ്വാസംമുട്ടു്, അരുചി, ഛർദ്ദി, ഗ്യാസ്ട്രബ്ൾ, വയറുവേദന, ഉറക്കക്കുറവു്, ഓമ്മക്കുറവു്, രക്തസമ്മദ്ദം, അമിതമായ ഹൃദയസ്പന്ദനം, അണപ്പു് (കിതപ്പു്), രക്തവാതം, രക്തപിത്തം, പ്രമേഹം, അമിതമായ വിശപ്പു്, കുരു, കഴല, ചൊറി, വ്രണം, ചൊറിഞ്ഞു തടിക്കൽ മുതലായ രോഗങ്ങളിലെല്ലാം ഉപയോഗിപ്പാൻ ഏററവും ഉത്തമമായിട്ടുള്ളതാണെന്നു് അനേകംപേരുടെ അനുഭവങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ടു്.

N. B. അനുകരണക്കാരുടെ വ്യാജ 'ആസവ'ങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ ലേബലിന്മേൽ സാക്ഷാൽ കാളൻ സ്ഥാപനത്തെക്കുറിക്കുന്ന ഈ മുദ്രകൂടി കാണുന്നുണ്ടോയെന്നു് പ്രത്യേകം പരിശോധിക്കേണ്ടതാണു്.

കൂടുതൽ വിവരങ്ങൾക്കു് സൌജന്യമായി ലഭിക്കുന്ന പുസ്തകത്തിന്നെഴുതുക.

**കാളൻ, നെല്ലായി (S. India)**



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 SEPTEMBER 18 || No. 6.


# തൊഴിലിന്റെ മാഹാത്മ്യവും തൊഴിലാളിയുടെ അപകടങ്ങളും

## മാർപ്പാപ്പാ വിവരിക്കുന്നു

തൊഴിലിനെപ്പററി കത്തോലിക്കാസഭയുടെ ആദർശവും തൊഴിലാളികളുടെ സൗഭാഗ്യത്തിനുവേണ്ടി സഭ പ്രദർശിപ്പിച്ചുപോരുന്ന മാതൃസഹജമായ വ്യഗ്രതയും ദുർവ്യാഖ്യാനംചെയ്യുന്നതിനും കടകവിരുദ്ധവും പരമാബദ്ധവുമായ ആശയങ്ങളെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനും തല്പരകക്ഷികൾ അനുസ്യൂതം നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ അടിക്കടി ശക്തിപ്പെട്ടുവരികയാണു്. തൊഴിലാളിവിഭാഗത്തെ സഭയ്ക്കെതിരായി അണിനിരത്തുന്നതിനു സഹായകമായേക്കാവുന്ന യാതൊരുപാധിയും അക്കൂട്ടർ വിട്ടുകളയാറില്ല. ഈ ദുഷ്പ്രചാരണത്തിന്റെ പൊള്ളത്തരം തൊഴിലാളിലോകത്തെ തുറന്നുകാണിക്കുന്ന ഒരു വിശദീകരണമാണു് ആഗസ്റ്റ് 25-ാംനു ഞായറാഴ്ച സെന്റു് പീറേറഴ്സിന്റെ അങ്കണത്തിൽ 84 രാജ്യങ്ങളിൽനിന്നു വന്നുചേർന്ന 30,000 യുവക്രിസ്ത്യൻതൊഴിലാളികളോടു ചെയ്ത പ്രഭാഷണത്തിൽ പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ നൽകുകയുണ്ടായതു്.

തൊഴിലാളിരംഗത്തു ഇന്നു നാം കാണുന്ന കുഴപ്പങ്ങളുടേയും അധഃപ്പതനത്തിന്റേയും കാരണം കത്തോലിക്കാസഭയോ ക്രിസ്തുമതമോ അല്ല; നേരെമറിച്ചു് ക്രിസ്തുമതതത്വങ്ങളേയും ആദർശങ്ങളേയും അവഗണിക്കുകയും പുറംതള്ളുകയും ചെയ്യുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ ചില ആദർശങ്ങളാണു്. ക്രിസ്തുമതസിദ്ധാന്തമനുസരിച്ചു് വ്യവസായത്തിൽ മുതലാളിയും തൊഴിലാളിയും മാന്യമായ രീതിയിലുള്ള സഹകാരികളാണു്; തൊഴിലിനു സാമ്പത്തികവ്യവസ്ഥിതിയിൽ തദനുസൃതമായ ഒരു സ്ഥാനമാണുള്ളതു്. കാറൽമാർക്സിന്റെ വർഗ്ഗസമരത്തിനും സംഹാരാദർശത്തിനും അവിടെ സ്ഥാനമില്ല. അവശോദ്ധാരണത്തിനുവേണ്ടി ക്രിസ്തീയസഭ കഴിഞ്ഞ 20 നൂററാണ്ടുകാലം എന്തെന്തു മഹനീയസേവനങ്ങൾ ചെയ്തിട്ടുണ്ടെന്നും എത്രയെത്ര മഹചിജയങ്ങൾ സാധിച്ചിട്ടുണ്ടെന്നും ചരിത്രം പ്രഖ്യാപിക്കുന്നുണ്ടു്. തൊഴിലാളിയുടെ പേരിൽ മാർക്സ്പ്രഭൃതികൾ ഉണ്ടാക്കുന്ന ഒച്ചപ്പാടുകളും പ്രചരിപ്പിക്കുന്ന നശീകരാശയങ്ങളും വെറും ഇന്നലത്തേതും തൊഴിലാളികളെ അധഃപ്പതനത്തിന്റെ അടിത്തട്ടിലേക്കു താഴ്ത്തുന്നതുംമാത്രമാണു്. മനുഷ്യവ്യക്തിയുടെ പരിഗണനയിൽ വലിയവനെന്നോ ചെറിയവനെന്നോ മുതലാളിയെന്നോ തൊഴിലാളിയെന്നോ ഉള്ള വ്യത്യാസങ്ങൾ തിരുസഭാമാതാവിനു ചിന്തനീയമല്ല. തിരുക്കുടുംബത്തിൽ ഒരു മാതൃകാതൊഴിലാളിക്കുടുംബത്തെയാണു് ലോകാദർശമായി സഭാമാതാവു് ചൂണ്ടിക്കാണിക്കുന്നതു്. അവളുടെ വിശുദ്ധ അൾത്താരകളിൽ പ്രതിഷ്ഠിച്ചിട്ടുള്ള പുണ്യവാന്മാരുടേയും പുണ്യവതികളുടേയും ഗണത്തിൽ മരപ്പണിക്കാരനായ വിശുദ്ധ യൗസേപ്പിനോടൊപ്പം തുകൽപ്പണിക്കാരനായിരുന്ന വിശുദ്ധ ക്രിസ്പിനേയും, പൊൻപണിക്കാരനായിരുന്ന വിശുദ്ധ ഏലോയിയേയും, നെയ്ത്തുകാരിയായിരുന്ന വിശുദ്ധ അനസ്താസിയായേയും, വീട്ടുവേലക്കാരിയായിരുന്ന വിശുദ്ധ സീത്തായേയും മററും മററും നമുക്കു കാണുവാൻ കഴിയും. പരിശുദ്ധ മാർപ്പാപ്പാമാരുടെ ഗണത്തിലും കർദ്ദിനാളന്മാർ മെത്രാപ്പോലീത്താമാർ മെത്രാന്മാർ മുതലായ വിവിധ സ്ഥാനികളുടെ മുൻപന്തികളിലുംതൊഴിലാളികുടുംബാംഗങ്ങൾ പരിശോഭിക്കുന്നതു തിരുസഭാചരിത്രത്തിൽ സർവ്വസാധാരണങ്ങളായ അനുഭവങ്ങളാണു്. ദൈവത്തിന്റെ പിതൃത്വത്തിലും മാനവഗണത്തിന്റെ വിശ്വസാഹോദര്യത്തിലും ഉറച്ചുവിശ്വസിക്കുന്ന സഭാദർശത്തിനു ഇതിൽനിന്നു വിഭിന്നമായ ഒരു മാർഗ്ഗം സ്വീകരിക്കുക സാദ്ധ്യമല്ല. പട്ടാപ്പകൽപോലെ തെളിവായ ഈ യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ടാണു് തിരുസഭാശത്രുക്കൾ തിരുസഭയേയും സഭാദ്ധ്യക്ഷന്മാരേയും മുതലാളിരാഷ്ട്രങ്ങളുടേയും മുതലാളിത്വത്തിന്റേയും പാർശ്വവർത്തികളും തൊഴിലാളിവിഭാഗത്തിന്റെ ശത്രുക്കളുമായി മുദ്രയടിക്കുവാൻ സാഹസപ്പെടുന്നതു്. വർഗ്ഗസമരത്തിന്റേയും ആലോകതൊഴിലാളിവിപ്ലവത്തിന്റേയും ആദർശങ്ങൾ ആവേശപൂർവ്വം പ്രചരിപ്പിച്ചു് തൊഴിലാളികളുടെ രക്തം പുഴപോലെ ഒഴുക്കുന്ന ഈ മനുഷ്യക്കരടികളുടെ കൗടില്യം തൊഴിലാളിലോകം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്, കഴിഞ്ഞ 40 കൊല്ലത്തെ ദാരുണമായ ലക്ഷോപലക്ഷം അനുഭവങ്ങളിൽനിന്നു്. മാനവലോകത്തിന്റെ പൊതുപ്പിതാവു് അവിടുത്തെ ചുററിലും തടിച്ചുകൂടിയ 30000 യുവതൊഴിലാളികളോടു വികാരവിവശനായി പറയുന്ന പൈതൃകോപദേശം തൊഴിലാളിലോകം ശ്രവിക്കട്ടെ!

"യുവതിടമ്പുകൾ സമുദായത്തിൽ അവർക്കു നിർവ്വഹിക്കാനുള്ള മഹത്തായ പങ്കുവഹിക്കുവാനായി അഭിമാനബോധത്തോടും ശുഭാപ്തിവിശ്വാസത്തോടുംകൂടി സ്കൂളുകൾവിട്ടു് തൊഴിൽസ്ഥലങ്ങളിലേക്കു പുറപ്പെടുകയാണു്. എന്നാൽ ക്രൂരമായ ആശങ്കകൾ അവരെ ചുററിക്കൂടുന്നു. വിഷമകരമായ ജീവിതസാഹചര്യങ്ങൾ അവരെ വലയംചെയ്യുന്നു വരാം; തെററിധാരണകൾ, ഹൃദയരഹിതമായ പെരുമാററങ്ങൾ. ദുർമ്മാതൃകകൾ എന്നിങ്ങനെയുള്ള അനുഭവങ്ങൾ അവർക്കഭിമുഖീകരിക്കേണ്ടിവരാം. അപ്പോൾ സാവധാനത്തിൽ ഭൗതികതത്വസിദ്ധാന്തവിഷം അവർ ഉൾക്കൊള്ളുകയും വർഗ്ഗസമരത്തിന്റേയും വിദ്വേഷത്തിന്റേയും മനോഭാവം അവരിൽ സംജാതമാവുകയുംചെയ്യുന്നു. ഏവംവിധം പ്രസന്നതയുടേയും, ആനന്ദത്തിന്റേയും, ശുഭപ്രതീക്ഷകളുടേയും ലാലനകൾ അതിവേഗത്തിൽ നാമാവശേഷമായി വിരസതയുടേയും മത്സരത്തിന്റേയും വികാരങ്ങൾ അവരിൽ വേരൂന്നുകയായി; ഈ പരിണാമം ചിലപ്പോൾ സ്ഥിരമായി നിലനിന്നെന്നും വരാം. ഈ വിപത്തിനെയാണു് "യുവക്രിസ്ത്യൻ തൊഴിലാളി"സംഘടന ദൂരീകരിക്കുവാൻ അഭിലഷിക്കുന്നതു്. ഇതു വളരെ പ്രായോഗികവും അവശ്യാവശ്യവുമായ ഒരു പ്രേഷിതത്വമാണു്. നിങ്ങളിലാണു് നമ്മുടെ പ്രത്യാശ നാം വയ്ക്കുന്നതു്. നിങ്ങളിൽനിന്നു മഹത്തായ കാര്യങ്ങൾ നാം പ്രതീക്ഷിക്കുന്നു. ഉജ്ജ്വലത്തായ ശുഭാപ്തിവിശ്വാസം യുവത്വത്തിന്റെ ഒരു വിശേഷതയാണു്. ഈ ശുഭാപ്തിവിശ്വാസം ദൈവാനുഗ്രഹത്തിലും അവിടുത്തെ സഹായത്തിലും അടിയുറപ്പിക്കപ്പെടുമ്പോൾ പ്രത്യേകിച്ചും, ധീരമായി മുന്നേറുക തന്നെ ചെയ്യും. എന്നാൽ ഇന്നത്തെ ലോകം ഈ മനോഭാവത്തിനെതിരായി ഭയാനകമായ പ്രതിബന്ധങ്ങൾ വലിച്ചിടുകയാണു്. വലിയ ജനവിഭാഗങ്ങൾ ഭൗതികമായ ദുസ്സഹവൈഷമ്യങ്ങളുടേയും, ദാരിദ്ര്യത്തിന്റേയും, ഗതികേടിന്റേയും അജ്ഞതയുടേയും മദ്ധ്യത്തിൽ നരകിക്കുന്നതായി നിങ്ങൾക്കു ചുററിലും നിങ്ങൾ കാണുന്നു. ഈ തരം നോക്കി കള്ളപ്രവാചകന്മാർ ദുർഭഗരായ ഈ ഗണങ്ങളുടെ ഇടയിൽ കടന്നു വിദ്വേഷത്തിന്റേയും വിപ്ലവത്തിന്റേയും വിത്തുകൾ വിതയ്ക്കുകയും വഞ്ചനാപരമായ വാഗ്ദാനങ്ങൾകൊണ്ടു് അവരെ വഴിതെററിക്കുകയും ചെയ്യുന്നു. ലോകത്തിൽ വർദ്ധമാനമായി വരുന്ന ജനതയെ പോററുന്നതിനു അതിന്റെ ഭക്ഷ്യോല്പാദകശക്തിക്കു സാദ്ധ്യമാവുകയില്ല എന്നു വാദിച്ചുകൊണ്ടു്, വിവാഹത്തിന്റേയും കുടുംബജീവിതത്തിന്റേയും പാവനതയെ തുരങ്കം വയ്ക്കുന്ന ആശയങ്ങൾ അവർ പ്രചരിപ്പിക്കുകയാണു്.

"ജനങ്ങളുടെ ഇടയിൽ സാധാരണ ഒരു തെററിധാരണയുണ്ടാകാറുണ്ടു്: ക്രിസ്ത്യൻ യുവാക്കൾ ഒരു ആശങ്കാ മനസ്ഥിതിയോടുകൂടിയാണു് ലോകത്തിന്റെ ഭാവിയെ അഭിവീക്ഷിക്കുന്നതു്; അവരുടെ വിശ്വാസത്തിനു പ്രതിബന്ധമാകാവുന്ന ശാസ്ത്രീയമോ സാങ്കേതികമോ ആയ പുരോഗമനങ്ങൾ കാണുമ്പോൾ അവർ ദുഃഖിതരും ഉത്സാഹരഹിതരുമാകുന്നു, എന്നു് ...യുവ ക്രിസ്ത്യൻ തൊഴിലാളിസംഘടന ഇവയെല്ലാം യഥാർത്ഥത്തിൽ എത്ര നിരർത്ഥകങ്ങളാണെന്നു തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ദൈവം അഭിലഷിക്കുന്ന രീതിയിലുള്ള ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനും, മാനവസമുദായത്തിലെ ഏററം വിനീതനായ വ്യക്തിയുടെ ക്ലേശങ്ങളിൽപോലും പങ്കുചേരുന്നതും അവനെ സമാശ്വസിപ്പിക്കുന്നതുമായ ഒരു സാഹോദര്യത്തെ സൃഷ്ടിക്കുന്നതിനുമാണു് എന്നത്തേയുംകാൾ ഇന്നു കൂടുതലായി യുവതൊഴിലാളികൾ മുന്നോട്ടു വരേണ്ടതു് ..പ്രിയപ്പെട്ട മക്കളേ, ഇനിയും ലക്ഷോപലക്ഷം യുവതിടമ്പുകൾ ദുർഭഗതയുടെ ചങ്ങലകളിലും, ആബദ്ധ്യത്തിലും, ധാർമ്മികമായ അധഃപതനത്തിലും കുടുങ്ങിക്കിടക്കുകയാണു്. അവരുടെ നിർഭാഗ്യസ്ഥിതിയെ ഓർത്തു കരഞ്ഞതുകൊണ്ടുമാത്രം കാര്യമായില്ല. ക്രിസ്തു അവിടുത്തെ ശക്തികളോടുകൂടി നിങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ടല്ലോ."

പരിശുദ്ധ പിതാവിന്റെ വിദഗ്ദ്ധവും പൈതൃകവുമായ ഈ വിശകലനത്തിന്റേയും ഉൽബോധനത്തിന്റേയും മാറെറാലിയായി നമുക്കു കരുതാം ഏഴുഭാഷകളിൽ അവിടുത്തെ ശ്രവണപുടങ്ങളിൽ മുഴങ്ങിക്കേട്ട അവരുടെ ധീരമായ വിശ്വസ്തതാവാഗ്ദാനം. അതിപ്രകാരമായിരുന്നു:

"എന്റെ കുടുംബത്തിലും, എന്റെ കൂട്ടുകാരുടെ അടുത്തും, തൊഴിൽസ്ഥലത്തും വിദ്യാലയത്തിലും, എന്റെ വിശ്രമാവസരത്തിലും, വിവാഹത്തിനുള്ള എന്റെ ഒരുക്കത്തിലും എന്റെ ഭാവിജീവിതത്തെ സംബന്ധിച്ച എല്ലാ നടപടികളിലും യുവക്രിസ്ത്യൻ തൊഴിലാളിയുടെ ആദർശത്തെ ഞാൻ എന്റെ അനുദിനജീവിതത്തിൽ കൂടുതൽ കൂടുതൽ പ്രായോഗികമാക്കുന്നതിനുത്സാഹിക്കുന്നതാണെന്നു വാഗ്ദാനം ചെയ്യുന്നു.

"എല്ലാ ഭൂഖണ്ഡങ്ങളിലുംഎല്ലാ ജാതികളിലുംപെട്ട യുവക്രിസ്ത്യൻ തൊഴിലാളികളോടു യോജിച്ചു് എല്ലാ സഹതൊഴിലാളികളേയും ഈ ആദർശത്തിലേക്കു നേടുന്നതാണെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു.

"ദൈവത്തിന്റെ അനുഗ്രഹത്തിൽ ആശ്രയിച്ചു ഈ ഉടമ്പടിയിൽ ഞാൻ വിശ്വസ്തനായിരുന്നുകൊള്ളാം."

പരിശുദ്ധ പിതാവു് ഓരോ ഗ്രൂപ്പിനിടയിലുംകൂടി സംവഹിക്കപ്പെടുകയും അവരവരുടെ ഭാഷയിൽ തിരുമേനി അവരോടു കുശലപ്രശ്നം ചെയ്യുകയും ചെയ്ത രംഗം എല്ലാവരേയും പുളകം കൊള്ളിച്ചു. റോമിൽ നടന്നിട്ടുള്ള എല്ലാ തൊഴിലാളിസമ്മേളനങ്ങളെയും അതിശയിച്ചു ഈ മഹാസമ്മേളനം തൊഴിലിനെ സംബന്ധിച്ചു കത്തോലിക്കാ സഭയ്ക്കുള്ള സമുന്നതമായ മതിപ്പിനെയും, തൊഴിലാളികളുടെ വിവിധപ്രശ്നങ്ങളിൽ സഭാമാതാവിനുള്ള അവഗാഢമായ ശ്രദ്ധയേയും ലോകത്തിനു പൊതുവായും തൊഴിലാളിവിഭാഗത്തിനു പ്രത്യേകിച്ചും മനസ്സിലാക്കുന്നതിനുള്ള ഒരു പ്രത്യേക അവസരമായിരുന്നു എന്നതിനു സംശയമില്ല. 84 രാജ്യങ്ങളിൽനിന്നു വന്നുചേർന്ന ഈ വമ്പിച്ച തൊഴിലാളി പ്രേഷിതവ്യൂഹം ഈ സന്ദേശത്തെ അവരവരുടെ നാട്ടുകളിൽ പ്രതിധ്വനിപ്പിക്കാതിരിക്കുകയില്ല. തൊഴിലാളിലോകത്തിൽ പ്രതിലോമശക്തികൾ സൃഷ്ടിച്ചിട്ടുള്ള തെററിദ്ധാരണകളുടെ ധൂമമറ തന്മൂലം മാഞ്ഞുപോകുന്നതിനും യാഥാർത്ഥ്യങ്ങൾ അവർ മനസ്സിലാക്കുന്നതിനും ഇതുമൂലം ഇടവരുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## തിരുമേനിമാർക്കു തിരുനാൾമംഗളങ്ങൾ



ചങ്ങനാശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനി

കോതമംഗലം മെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമേനി

(തിരുനാൾ സെപ്തംബർ 21)

*പ്രസാധകക്കുറിപ്പുകൾ*

## പരിശുദ്ധ പിതാവിന്റെ പുതിയ ചാക്രികലേഖനം

ചലച്ചിത്രം, റേഡിയോ, ടെലിവിഷൻ ഇവയുടെ ശക്തിമത്തായ കണ്ടുപിടുത്തങ്ങൾ ദുഷ്പ്രയോഗത്തിനു മനുഷ്യർ ദുർവിനിയോഗം ചെയ്താൽ ക്രിസ്തീയവിശ്വാസത്തിനും ധാർമ്മികതയ്ക്കും നേരിടാവുന്ന വിപത്തുകളെപ്പററി തനിക്കുള്ള ഉൽക്കണ്ഠാപൂർവ്വമായ വികാരങ്ങൾ, പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ലോകത്തിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർക്കയച്ച 13,000 വാക്കുകളടങ്ങിയ തിരുവെഴുത്തിൽ പ്രകടമാക്കിയിരിക്കുന്നു. സെപ്തംബർ 8-ാം തീയതിയാണു് ഈ ചാക്രികലേഖനം പ്രസിദ്ധീകരിച്ചതു്. ഈ വിഷയത്തെപ്പററി തിരുസിംഹാസനത്തിൽനിന്നും പുറപ്പെടുവിക്കുന്ന രണ്ടാമത്തെ തിരുവെഴുത്താണിതു്. ആദ്യത്തെ തിരുവെഴുത്തു് 11-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി 1936-ൽപ്രസിദ്ധീകരിച്ചതാണു്.

ഈ ആധുനികോപകരണോപാധികൾമൂലമുണ്ടാകാവുന്ന ഗുണങ്ങളേയും നേട്ടങ്ങളേയുംപററി പരിശുദ്ധ പിതാവു ഊന്നിപ്പറഞ്ഞിട്ടുണ്ടു്. വിഷമകരവും വിസ്തൃതവുമായ ഈ കലാരംഗത്തിലൂടെ കൂടുതൽ സാർവ്വത്രികമായി ക്രിസ്തീയാദർശങ്ങൾ പ്രചരിക്കത്തക്കവിധം വൈദികാദ്ധ്യക്ഷന്മാർ ശ്രദ്ധാപൂർവ്വം പാർത്തുപോരികമാത്രമല്ല ഖണ്ഡിതമായ നടപടിയും അധികാരപ്രയോഗവും സ്വീകരിക്കുകയും ചെയ്യണമെന്നു തിരുമേനി ആഹ്വാനംചെയ്തിരിക്കുന്നു.

ഈ തിരുവെഴുത്തു പുറപ്പെടുവിക്കുന്നതിനിടയാക്കിയ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടു് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:

ചലച്ചിത്രം, റേഡിയോ, ടെലിവിഷൻ ഇവസംബന്ധിച്ച സാങ്കേതികവിജ്ഞാനത്തിൽ അധുനാതനകാലത്തുണ്ടായിട്ടുള്ള അത്ഭുതാവഹങ്ങളായ പുരോഗതിയിൽനിന്നും മഹത്തായ ഗുണഫലങ്ങൾ ഉണ്ടാകാമെന്നതുപോലെതന്നെ അതിൽനിന്നും ബൃഹദ്രൂപത്തിലുള്ള വിപത്തുകളും സംജാതമാകാവുന്നതാകുന്നു.

ഇന്നു മിക്കവാറും എല്ലവർക്കുംതന്നെ അഭിഗമ്യമായിത്തീർന്നിരിക്കുന്ന ഈ നൂതനോപകരണോപാധികൾ—അവയ്ക്കു തേജസ്സ് പ്രദാനംചെയ്യുവാനും, മഹനീയതയിലേക്കു ജനങ്ങളെ ഉയർത്തുവാനും മനോഹാരിതയാൽ അലങ്കരിക്കുവാനും സാധിക്കുന്നതുകൊണ്ടും അതേസമയംതന്നെ തേജസ്സു് മങ്ങിച്ചു് അലങ്കോലപ്പെടുത്തുവാനും ഒരുതരം അഴിമതിമൂലം അവരെ അവമതിയിലേക്കു അധഃപതിപ്പിക്കുവാനും ഈ പ്രകടനങ്ങളിൽ പ്രദർശിതമാകുന്ന വിഷയങ്ങൾ അഭിനന്ദനീയമോ അധിക്ഷേപാർഹമോ ആയിരിക്കുന്നതിന്റെ തോതനുസരിച്ചു് അനിയന്ത്രിതമായ വികാരാവേശങ്ങൾക്കു വിധേയരാക്കുവാനും സാധിക്കു

മെന്നതിനാൽ—മനുഷ്യഹൃദയങ്ങളിൽ അത്യന്തം ശക്തിമത്തായ സ്വാധീനം ചെലുത്തുന്നു.

തങ്ങളുടെ രാജ്യങ്ങളിലെ ഫിലിമുകളുടേയും റേഡിയോ ടെലിവിഷനുകളുടേയും മേൽനോട്ടം വഹിക്കുവാൻ നാഷനൽ ഓഫീസുകൾ അവയില്ലാത്തിടങ്ങളിൽ സ്ഥാപിക്കേണ്ടതാണെന്നു തിരുമേനി ലോകമെങ്ങുമുള്ള വൈദികാദ്ധ്യക്ഷന്മാരെ ആഹ്വാനംചെയ്തു. ഈ നാഷനൽഓഫീസുകൾ ഒരു അന്താരാഷ്ട്രീയസംഘടന രൂപവൽക്കരിക്കണം. മതിയായ പരിഗണനകൾക്കുശേഷം, ഈ അന്താരാഷ്ട്രീയ സംഘടനയ്ക്കു അംഗീകാരം നൽകുവാൻ തിരുസിംഹാസനത്തിനു സാധിക്കും.

"തങ്ങളുടെ സംരക്ഷണയിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ആദ്ധ്യാത്മികാത്മജർ ഓദരാരുത്തരുടേയും മുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കലോപകരണങ്ങളുടെ ഉപയോഗംമൂലം ക്രിസ്തീയജീവിതാനുഷ്ഠാനത്തിനു ഉണ്ടാകാവുന്ന തിന്മകളിൽനിന്നും ദൃഷ്യങ്ങളിൽനിന്നും പരിരക്ഷിക്കേണ്ടതാണെന്നു സർവ്വശക്തിയോടുംകൂടി നിങ്ങളെ എവരേയും ധരിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു."

എന്തും ചിത്രീകരിക്കുവാനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യം അവകാശപ്പെടുന്നവരുടെ അബദ്ധതത്വങ്ങൾക്കു അംഗീകാരം നൽകാവുന്നതേയല്ല. യഥാർത്ഥസ്വാതന്ത്ര്യത്തിൻെറ പ്രശ്നമേ ഇവിടെയില്ല. നേരേ മറിച്ച് ഉറച്ച ധാർമ്മികതത്വങ്ങൾക്കു കടകവിരുദ്ധവും ആത്മാവിനു ഗുരുതരമായ വിപത്തുകൾ ഉളവാക്കാവുന്നതുമായിരുന്നാൽപ്പോലും സകല മുൻകരുതലുകളെയും അവഗണിക്കുന്നതും ഏവക്കും എന്തുംവിനിമയം ചെയ്യാമെന്നു ഭാവിക്കുന്നതുമായ അനിയന്ത്രിതമായ ദുസ്വാതന്ത്ര്യത്തെപ്പററിയാണ് പരാമർശനം.

മാനസികപോഷണത്തിനു യഥാർത്ഥത്തിൽ സഹായിക്കുന്ന ഏതിനെയും സഭ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്തെന്നാൽ മാനുഷികവിജ്ഞാനത്തിൻെറയും ഉൽകൃഷ്ടകലകളുടെയും രക്ഷാകർത്രിയും വളർത്തുമാതാവുമാകുന്നു തിരുസഭ.

കേവലംരാഷ്ട്രീയമായ ഒരു വീക്ഷണകോണത്തിലൂടെമാത്രമല്ല പൊതുധാർമ്മികതയുടെ അടിസ്ഥാനത്തിലുംഈ ആധുനികകലകളെ ശ്രദ്ധാപൂർവ്വം വീക്ഷിക്കേണ്ടതു് പൊതുഭരണകർത്താക്കളുടെ ചുമതലയാണെന്നും പരിശുദ്ധ പിതാവു പ്രസ്താവിച്ചു.

ലോകത്തിലെ കത്തോലിക്കായുവജനങ്ങളെ പ്രത്യേകം അഭിസംബോധനം ചെയ്തുകൊണ്ടുള്ള ഒരു ഖണ്ഡികയിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:- നിർദ്ദോഷത്വം വിപത്തിനു വഴിതെളിക്കപ്പെടുവാൻ സാദ്ധ്യതയുള്ള വിനോദത്തെ സംബന്ധിച്ച ഒരു പ്രശ്നമാകയാൽ നമുക്കേററവും പ്രിയപ്പെട്ട യുവാക്കളായനിങ്ങൾ ക്രിസ്തീയസംയമനത്തിനും വൈഭവത്തിനും മുന്നിട്ടു നിൽക്കുമെന്ന വിശ്വാസമുള്ളതുകൊണ്ടു് പൈതൃകമായ ഒരഭ്യർത്ഥന ഞാൻ ചെയ്യുന്നു. എന്തും കാണാനും കേൾക്കാനുമുള്ള സ്വാഭാവികവും അനിയന്ത്രിതവുമായ ഔൽസുക്യത്തെ ചെറുക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതു് അവരുടെ ഗൗരവാവഹമായ ഉത്തരവാദിത്വമാണ്. സദാചാരവിരുദ്ധവും ഭൗതികവുമായ ആമോദങ്ങളിൽനിന്നും തങ്ങളുടെ മനസ്സുകളെ അവർ സ്വതന്ത്രമാക്കി നിർത്തുകയും ഉന്നതതരങ്ങളായ ലക്ഷ്യങ്ങളിലേക്കു അവയെ തിരിക്കുകയും ചെയ്യേണ്ടതാകുന്നു.

x x x

## മൊളോട്ടോവിൻെറ നിയമനത്തെ പത്രങ്ങൾ വിമർശിക്കുന്നു

ക്രെംലിൻ, സ്ഥാനഭ്രഷ്ടരായ നേതാക്കന്മാക്കു് കരുതിവച്ചിരിക്കുന്നതു് ക്രൂരവും ഭീകരവും മിക്കവാറും മൃത്യുവിനു് തുല്യവുമായ പ്രതികാരനടപടികളാണെന്നു് മുൻ വിദേശകാര്യമന്ത്രിയായ വ്യാചിസ്ലാവു് മൊളോട്ടോവിനെ ഔട്ടർ മംഗോളിയായിലെ അംബാസഡറായിനിയമിച്ചതിനെ പരാമർശിച്ചുകൊണ്ടു് ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ പത്രം ഒരു മുഖപ്രസംഗത്തിൽ പറയുന്നു.

പത്രം തുടരുന്നു: "ഔട്ടർ മംഗോളിയായിലേക്കോ? ഇതിനുപകരം അദ്ദേഹത്തെ ബഹിരാകാശത്തിലേക്കു എയ്തുവിടുകതന്നെ ചെയ്യാമായിരുന്നു. ഈ ഉപഗ്രഹപ്രദേശം—അതിനെ ഒരു രാജ്യമെന്നു് വിളിക്കാൻനിവൃത്തിയില്ല—മോസ്കോയിൽനിന്നു് 3000 മൈൽ അകലെ സ്ഥിതിചെയ്യുന്ന വരണ്ടതും കാററടിയേററുകിടക്കുന്നതുമായ ഒരു വിസ്തൃതസമതലമാണ്... മി. മൊളോട്ടോവിൻെറ വിധി സ്ഥിരപ്പെട്ടതുതന്നെ. ഇതിൽ അന്തർഭവിച്ചിരിക്കുന്ന വിരോധാഭാസത്തെപ്പററി ചിന്തിക്കുന്നതു് രസാവഹമാണ്. കാരണം ക്രെംലിൻ വടംവലിയിൽ മി. മൊളോട്ടോവു് വിജയിച്ചിരുന്നു എങ്കിൽ മി. ക്രൂഷ്ചേവു് ഇന്നു വിദൂരസ്ഥിതമായ കംചാത്കായിൽ തനിക്കേററവും ഇഷ്ടമുള്ള ചോളം കൃഷിചെയ്യുന്നതിൻെറ മേൽനോട്ടം വഹിക്കുകയായിരിക്കും ചെയ്യുന്നതു്—"

ഇൻക്വയറർ പത്രം ഇപ്രകാരം പറയുന്നു:-

"ക്രെംലിൻ, ബാലിസ്റ്റിക് മിസ്സിലുകൾ വളരെ ദൂരത്തിൽ വെടിവെച്ചയക്കുന്നതായി അവകാശപ്പെടുന്നുണ്ടു്, അവിടത്തെ മുൻമന്ത്രിമാരെയും അത്രയും ദൂരം വെടിവച്ചയക്കുകയാണെന്നു് തോന്നിപ്പോകുന്നു. ആറാഴ്ച മുൻപു്, മുൻ പ്രധാനമന്ത്രിയായ ജോർജി മലങ്കോവിനെ മോസ്കോയിൽനിന്നും ചൈനീസ് അതിർത്തിക്കു് സമീപമുള്ള ഉസ്ററ് കാമിനോ ഗോറസ്കിലെ എലിവ്ട്സി പവ്വർസ്റ്റേഷനിലേക്കു് വെടിവച്ചു് വിടുകയുണ്ടായി. മി. മലങ്കോവിൻെറ പോക്കിൻെറ വേഗത വെളിപ്പെടുത്തിയിട്ടില്ല. പക്ഷേ പോയ ദൂരം ഏതാണ്ടു് 1800 മൈൽ ആയിരുന്നു.

മുൻമന്ത്രിയായ മൊളോട്ടോവിനെ വെടിവച്ചുവിട്ടതു് ഇതിലും ശ്രദ്ധാർഹമാണെന്നു തോന്നുന്നു. അദ്ദേഹം ചെന്നു വീണതു് ഔട്ടർ മംഗോളിയായുടെ തലസ്ഥാനമായ ഉലാൻബേറററിലാണ്. അവിടെ അദ്ദേഹം "അമ്പാസഡർ"ആയി സേവനം ചെയ്യും. മി. മൊളോട്ടോവിൻെറ പോക്കിൻെറ വേഗതയും അറിയിച്ചിട്ടില്ല. പക്ഷേ അദ്ദേഹം സഞ്ചരിച്ച ദൂരം 3000 മൈലാണത്രെ. ക്രൂഷ്ചേവു് പുറംതള്ളിയ സംഘത്തിൽപ്പെട്ട മൂന്നാമത്തെ ആളായ മുൻ ഡെപ്യൂട്ടി പ്രധാനമന്ത്രി ലാസർ എം. കഗാനോവിച്ചിനെ ഉറാൾ പർവ്വതങ്ങളിലുള്ള ഒരു സിമൻറു് ഫാക്ടറിയിലേക്കു് വെടിവച്ചുവിട്ടിരിക്കുകയാണെന്നത്രെ ഏററവും ഒടുവിൽ കിട്ടിയ റിപ്പോർട്ടിൽനിന്നു അറിയുന്നതു്.

ക്രെംലിനിൽ നടക്കുന്ന അധികാരവടംവലിയുടേയും അതിൽ പരാജിതരാകുന്നവക്കു ലഭിക്കുന്ന ഉദാരവും മാന്യവുമായ പരിഗണനയുടേയും ചില സാമ്പിളുകളാണ് ഇവിടെ നാം കാണുന്നതു്. കമ്മ്യൂണിസം എന്താണെന്നും അതിൻെറ നയതന്ത്രങ്ങൾ എത്ര മാനുഷ്യത്വമില്ലാത്തതും കിരാതവുമാണെന്നും അനുഭവിച്ചാലേ അറിയുകയുള്ളു. സ്വച്ഛാധിപത്യരാഷ്ട്രങ്ങളിൽ അധികാരമൂതാട്ടത്തിൽ നടക്കുന്ന കരുനീക്കങ്ങളാണിതെല്ലാമെന്നു മനസ്സിലാക്കണം.

—o—

## കർദ്ദിനാൾ മെർക്കാത്തി ദിവംഗതനായി



വിശ്വവിശ്രുതപണ്ഡിതനും വിശുദ്ധറോമാസഭയുടെ ലൈബ്രേറിയനും പുരാണവസ്തുസൂക്ഷിപ്പുകാരനുമായ അത്യുന്നതകർദ്ദിനാൾ മെർക്കാത്തി തിരുമനസ്സുകൊണ്ടു് 91-ാമത്തെ വയസ്സിൽ ആഗസ്റ്റ് 24-ാംതീയതി വത്തിക്കാനിൽവച്ചു നിര്യാതനായിരിക്കുന്നു. തിരുമേനി ഭാഗ്യസ്മരണാർഹനായ 11-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ സഹപ്രവർത്തകനും ആപ്തമിത്രവുമായിരുന്നു. അംബ്രോസിയൻ ലൈബ്രറിയിലും വത്തിക്കാൻ ലൈബ്രറിയിലും അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങളിൽ 11-ാംപീയൂസ് മാർപ്പാപ്പ വലുതായ ചാരിതാർത്ഥ്യവും അതിശയവും രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തിയപ്പോൾ തിരുമേനി പ്രസ്താവിച്ചതു്, "പഠനത്തിനുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ള ഒരു വൈദികജീവിത"ത്തെ ബഹുമാനിക്കുകയായിരുന്നു അവിടത്തെ ഉദ്ദേശ്യമെന്നാണ്. കർദ്ദിനാളെന്ന നിലയിൽ അദ്ദേഹത്തിനു് വത്തിക്കാൻ ലൈബ്രറിയുടെ സംരക്ഷകസ്ഥാനം പ്രദാനംചെയ്തപ്പോൾ അദ്ദേഹം അതീവസന്തുഷ്ടനായി. 60 കൊല്ലത്തെ സേവനമാണ് അദ്ദേഹം വത്തിക്കാൻ ലൈബ്രറിയിൽ നിർവ്വഹിച്ചിട്ടുള്ളതു്. വിശ്വവിഖ്യാതപണ്ഡിതന്മാരെല്ലാം അദ്ദേഹത്തിൻെറ അഗാധമായ പാണ്ഡിത്യത്തെ അംഗീകരിക്കുകയും അദ്ദേഹവുമായി സമ്പക്കം പുലർത്തുകയും ചെയ്തുപോന്നു. വിവിധപ്രാചീനഭാഷകളിലുള്ള രേഖകളെ സനിഷ്കർഷം പഠിച്ചു 300-ൽപരം വിശിഷ്ടപ്രാമാണികഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടു്. അദ്ദേഹം ഇററലിയിൽ ജനിച്ചു. 1889-ൽ വൈദികപട്ടം സ്വീകരിച്ചു. 1936-ലാണ് 11-ാംപീയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ കർദ്ദിനാളായി ഉയർത്തിയതു്.

R. I. P.

## ആദ്ധ്യാത്മികവീഥി

## വിശ്വാസം പ്രവൃത്തിയിൽ

ദൈവത്തിൻെറ വത്സലമക്കളേ,

വിശ്വാസം അനുസരിച്ചുള്ള ജീവിതം സഭയുടെ നിലനില്പിനു തന്നെ എത്ര അത്യന്താപേക്ഷിതമാണെന്നു കഴിഞ്ഞ ലക്കത്തിൽ പറഞ്ഞല്ലൊ. ഇനി നമ്മുടെ ഗാഢമായ ചിന്തയ്ക്കും തദനുസരണമുള്ള പ്രവൃത്തികൾക്കും വിഷയമാകേണ്ട ചില സത്യങ്ങളെക്കുറിച്ചു പറയാം.

ഞാൻ എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു? എന്നു ഓരോരുത്തനും തന്നോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു. ഒരു നൂറു കൊല്ലം മുൻപു ഞാൻ ഈ ഭൂമിയിൽ ഒരിടത്തും ഉണ്ടായിരുന്നില്ല. ഇനി ഒരു നൂറുകൊല്ലം കഴിയുമ്പോൾ എന്നെ ഇവിടെയെങ്ങും കാണുകയുമില്ല. ഞാൻ എങ്ങനെ ലോകത്തിൽ പ്രത്യക്ഷപ്പെട്ടു എന്ന ചോദ്യത്തിനു പെട്ടെന്നു ഒരുത്തരം കിട്ടും. അതു ഞാൻ എൻെറ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു എന്നായിരിക്കും. അവരോ? അവരുടെ മാതാപിതാക്കന്മാരിൽനിന്നു്. അങ്ങനെ എത്ര പുറകോട്ടുപോയാലും അവസാനം ചെന്നു് ആരിൽനിന്നും ജനിക്കാത്തവനും എല്ലാക്കാലത്തും ഉണ്ടായിരുന്നവനും ആദിമാതാപിതാക്കന്മാരുടെ ഉത്ഭവകാരണവുമായ ഒരാളിൽ ചെന്നെത്താതെ നമ്മുടെ ബുദ്ധി തൃപ്തിയടയുകയില്ല. ഈയാളാണു ദൈവം.

നിരീശ്വരന്മാർ പറയും ഈ പ്രപഞ്ചം അനാദിയാണെന്നു്. ഈശ്വരവിശ്വാസികൾ എങ്ങനെ ആരംഭമില്ലാത്തവനായി ദൈവത്തെ വിഭാവനചെയ്യുന്നുവോ അതുപോലെ നിരീശ്വരന്മാർ നിർജ്ജീവമായ പ്രപഞ്ചം എന്നും ഉണ്ടായിരുന്നു എന്നും അതിൽതന്നെ അന്തർലീനമായ ഏതോ അന്ധശക്തിയുടെ പ്രവർത്തനഫലമായി അനേകകോടി കൊല്ലങ്ങളിൽ നടന്നുകൊണ്ടിരുന്ന പരിവർത്തനമാണ് പ്രപഞ്ചത്തെ ഇന്നത്തെ നിലയിൽ എത്തിച്ചതു് എന്നും വിഭാവന ചെയ്യുന്നു.

ഇവരിൽ ആരുടെ വിഭാവനയാണു കൂടുതൽ യുക്തിയുക്തമെന്നും മനുഷ്യബുദ്ധിയെ സംതൃപ്തമാക്കുന്നതെന്നും മുൻവിധികൂടാതെ ആരെങ്കിലും ചിന്തിച്ചുനോക്കട്ടെ. ഈ പ്രപഞ്ചത്തിൽ എവിടെ നോക്കിയാലും അത്ഭുതകരമായ ക്രമമുണ്ടെന്നു ആർക്കും കാണാൻകഴിയും. എവിടെ ക്രമമുണ്ടോ അവിടെ ബുദ്ധിയുടെ പ്രവർത്തനവും ഉണ്ടാകണം. വിജനമായ ഒരു വനത്തിൽക്കൂടി സഞ്ചരിക്കുന്ന മൂന്നുപേർ അവിടെ മനോഹരമായ ഒരു കരിങ്കൽക്ഷേത്രവും അടുത്തു ഒരു കുളവും ചുററും കുറെ പൂന്തോട്ടങ്ങളും കാണുന്നുവെന്നിരിക്കട്ടെ. ഉടനെ ഒരാൾ പറയുകയാണു് "ഇവിടെ ഒരുകാലത്തു കുറെ ഹിന്ദുക്കൾ താമസിച്ചിരുന്നിരിക്കണം." അപ്പോൾ രണ്ടാമൻ "ഹെയ്", അസംബന്ധം പറയാതിരിക്കൂ. ഇവിടെ ആരും പാർത്തിരുന്നില്ല. ചുററിലുമുള്ള കരിങ്കല്ലു അതിൽതന്നെയുള്ള ഏതോ ശക്തികൊണ്ടു തന്നത്താൻ കൊത്തിമിനുക്കി ഈ ക്ഷേത്രത്തിൻെറ രൂപത്തിൽ കയറിയിരുന്നതാണ്. അതുപോലെ കുളവും പൂന്തോട്ടങ്ങളുമെല്ലാം യാതൊരു ബുദ്ധിജീവിയുടെയും പ്രവർത്തനംകൂടാതെ താനേ ഉണ്ടായതാണ്." എന്നു പറയുന്നുവെന്നു വിചാരിക്കുക. മൂന്നാമനു് ആരുടെ അഭിപ്രായമായിരിക്കും കൂടുതൽ സ്വീകാര്യമായി തോന്നുന്നതു്?

കൊള്ളാം, മനോഹരമായ ഈ പ്രപഞ്ചത്തെ കണ്ടുകൊണ്ടു അതു താനേയുണ്ടായതായിരിക്കാൻ നിവൃത്തിയില്ലെന്നും അനന്തബുദ്ധിമാനായ ഒരു ശില്പി അതിനുണ്ടെന്നും ഈശ്വരവിശ്വാസികൾ പറയുന്നു. അതിലുള്ള യുക്തിഭംഗം എന്താണെന്നു് ആരെങ്കിലും പറയട്ടെ. ഈ ശില്പിതന്നെയാണു എന്നേയും നിർമ്മിച്ചിട്ടുള്ളതു്. അങ്ങിൽനിന്നാണു ഞാൻ വരുന്നതു് എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്"

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

(12-ാംപേജ് തുടർച്ച)

തവനെ പ്രാപ്തനാക്കുന്നില്ല. അങ്ങനെ ഒററയ്ക്കു പണിയെടുക്കേണ്ടിവരുമ്പോൾ അവൻെറ ദുരഭിമാനം വിജ്രുംഭിക്കുന്നതു കാണാം. ഇതു പരിഹരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. അതിനു വിദ്യാഭ്യാസത്തിൽ തൊഴിലിനു ഒരു നല്ല സ്ഥാനം നൽകുകയെന്നതാണ് ഉത്തമമായ മാർഗ്ഗം.

തൊഴിൽപരമായ വിദ്യാഭ്യാസം ഇന്നു നാടിൻെറ നാനാഭാഗങ്ങളിലും ഉടലെടുത്തു തുടങ്ങിയിട്ടുണ്ടു്. ഈ വിദ്യാഭ്യാസപദ്ധതിയെ വികസിപ്പിക്കേണ്ടതും വർദ്ധിപ്പിക്കേണ്ടതും ഇന്നാട്ടിലെ ഗവമ്മെണ്ടിൻേറയും ജനങ്ങളുടേയും കത്തവ്യമാണ്.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ നാന്ദിയായ ഭാഗം തൊഴിൽരഹിതക്കു തൊഴിൽ നൽകുകയെന്നതാണ്. വൻകിട വ്യവസായങ്ങളും ഫാക്ടറികളും തുടങ്ങുവാൻ നമുക്കു മൂലധനമില്ലെങ്കിൽ, കർഷകരാജ്യമായ ഇൻഡ്യയ്ക്കു്, വിശിഷ്യ കേരളത്തിനു കുടിൽവ്യവസായങ്ങൾ നടത്തുവാനും ഉള്ളവയെ പരിപുഷ്ടമാക്കുവാനും സാധിക്കും. സാമ്പത്തികവിദഗ്ദ്ധനായ ഡോക്ടർ പി ജെ തോമസ് നിർദ്ദേശിച്ച മാർഗ്ഗവും ഇതുതന്നെയാണ്.

ക്രാഫ്ററു് വിദ്യാലയങ്ങളും മററുപോലെ തൊഴിൽപരിശീലനത്തിനുതകുന്നതായ വിദ്യാലയങ്ങളും കേരളത്തിനും ഭാരതത്തിനും ഉണ്ടാകണം; വികസിക്കണം.

പഞ്ചവത്സരപദ്ധതികളിൽകൂടിഒരു നല്ല നാളെയെ സ്വപ്നം കാണുന്ന ഭാരതത്തിനു് അവളുടെ അഭീഷ്ടം സാദ്ധ്യമാകുവാൻ വിദ്യാസമ്പന്നരും തൊഴിലിലും പ്രയത്നത്തിലും അഭിമാനം കൊള്ളുന്നവരുമായ ഒരു തലമുറയെയാണു് ആവശ്യം. വളന്നുവരുന്ന തലമുറ അവളുടെ പൊൻകിനാവുകളെ യഥാർത്ഥസംഭവവികാസങ്ങളാക്കി മാററട്ടെ!

—o—

## മെത്രാന്മാരുടെ പൊതുധ്യാനം


ഇററലിയുടെ വിവിധ രൂപതകളിൽനിന്നുമായി 57 മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസിക്കു പഞ്ചക്ഷതങ്ങളുണ്ടായ സ്ഥലത്തുള്ള പ്രഖ്യാതമായ ലാവെർണാ ആശ്രമത്തിൽവച്ചു ഒരു പൊതുധ്യാനം നടത്തിയിരിക്കുന്നു. 7 ദിവസത്തേക്കായിരുന്നു ധ്യാനപരിപാടികൾ. ധ്യാനപ്രസംഗകൻ ബൊളോഞ്ഞാ മെത്രാപ്പോലീത്താ കർദ്ദിനാൾ ലെക്കാറോ തിരുമേനിയായിരുന്നു. ധ്യാനവിഷയം, "മെത്രാൻേറയും വൈദികൻേറയും ദിനചര്യകളുടെ കേന്ദ്രം വിശുദ്ധ കർബാന" എന്നതായിരുന്നു. കർദ്ദിനാൾ ലെക്കാറോ ദിവ്യബലിയെ സംബന്ധിച്ചു് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഒരു പണ്ഡിതനാണ്.

# വിവിധവൃത്താന്തങ്ങൾ

## വൈദികപ്രസംഗകരോട് മാർപ്പാപ്പാ

വൈദികർ അവരുടെ പ്രസംഗങ്ങളിൽ ശ്രോതാക്കളുടെ പ്രശംസയെ അഭിലഷിക്കുകയോ അവരുടെ പ്രസംഗങ്ങൾ ഉപരിപ്ലവങ്ങളായ ന്യായങ്ങൾകൊണ്ടുമാത്രം മോടിപിടിപ്പിക്കുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണമെന്നും, ധാർമ്മികമൂല്യങ്ങളെപ്പററി പഠിപ്പിക്കുന്നതിനും എല്ലാ തിന്മകൾക്കെതിരായും ശക്തിയായ സമരമുയർത്തുന്നതിനും സന്നദ്ധരായിരിക്കണമെന്നും പരിശുദ്ധപിതാവ് റോമിൽ സെപ്തംബർ 17 മുതൽ 21 വരെ സമ്മേളിക്കുന്ന പ്രസംഗകരുടെ സാർവ്വദേശീയകോൺഗ്രസ്സിനെ സംബന്ധിച്ച് അയച്ച ഒരു കത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു വിശ്വവിഖ്യാതപ്രസംഗകനും ഡൊമിനിക്കൻസഭാംഗവുമായ വിശുദ്ധ ഹിയാസിന്തിന്റെ ചരമത്തിന്റെ 7-ാം ശതാബ്ദാഘോഷം ഈ സമ്മേളനത്തോടനുബന്ധിച്ച് നടത്തണമെന്നു നിർദ്ദേശിച്ച് ഡൊമിനിക്കൻ മാസ്റ്റർ ജനറൽ, ഫാദർ മിഖായേൽ ബ്രൗണിനയച്ച കത്തിലാണ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നത്. മാർപ്പാപ്പാ വിശുദ്ധ ഹിയാസിന്തിനെപ്പററി പറഞ്ഞത്, അദ്ദേഹം "കത്തോലിക്കാ പോളണ്ടിന്റെയും ഡൊമിനിക്കൻസഭയുടേയും അഭിമാനപാത്ര"മാണെന്നാണ്.

For Favours Received



Sr. Alphonsa, I.C.

By Mrs. Baby Wales
Kayamkulam

## കമ്മ്യൂണിസ്റ്റ് സൗഹാർദ്ദസന്ദേശം ത്യജിക്കുന്നു

റോമിൽ സമ്മേളിച്ച 30000 യുവക്രിസ്ത്യൻ തൊഴിലാളികളെ അഭിസംബോധന ചെയ്തുകൊണ്ടു ഇററാലിയൻ കമ്മ്യൂണിസ്റ്റുകൾ അയച്ചുകൊടുത്ത ഒരു സൗഹാർദ്ദസന്ദേശത്തെ അതു "വഞ്ചനാത്മകവും വിപൽക്കരവു"മാണെന്നുള്ള കാരണത്താൽ വത്തിക്കാൻ പത്രമായ ഒസ്സർവത്തോരെ റൊമാനോ പരിത്യജിച്ചിരിക്കുന്നു. കത്തോലിക്കാലോകവും കമ്മ്യൂണിസ്റ്റുലോകവും തമ്മിൽ പരസ്പരധാരണയുണ്ടാകേണ്ടതു്, ഒരു പുതിയ സാമൂഹികവ്യവസ്ഥയ്ക്കു ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കാര്യമാണെന്നുള്ള കമ്മ്യൂണിസ്റ്റുകളുടെ ആഹ്വാനത്താൽ വഞ്ചിതരാകരുതെന്നു പത്രം തൊഴിലാളിപ്രതിനിധികളെ ഉൽബോധിപ്പിച്ചു.

## തൊഴിലാളിപ്രതിനിധികൾക്കു സ്മാരകമെഡൽ

ആഗസ്റ്റുമാസാവസാനത്തിൽ റോമിൽ സമ്മേളിച്ച തൊഴിലാളിപ്രതിനിധികൾക്കു പരിശുദ്ധപിതാവ് ഈ അവസരത്തിലേക്കു പ്രത്യേകം അടിപ്പിച്ച 30000 സ്മാരകമെഡലുകൾ സമ്മാനിച്ചിരിക്കുന്നു. സെൻറ് പീറേഴ്സ് സ്ക്വയറിൽ വച്ചാണ് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും വന്ന ഈ തൊഴിലാളിപ്രതിനിധിസംഘത്തെ തിരുമേനി സ്വീകരിച്ചതു്. മെഡലിന്റെ ഒരുവശത്തു പരിശുദ്ധപിതാവിന്റെ ഛായയും "തീർത്ഥകരായ ക്രിസ്ത്യൻ തൊഴിലാളിയുവാക്കന്മാർക്കു" എന്ന വാക്കുകളും, മറുവശത്തു തീർത്ഥകർ നിറഞ്ഞുനില്ക്കുന്ന സെൻറ് പീറേഴ്സ് സ്ക്വയറും ബസ്സിലിക്കായും, തൊഴിലാളികളുടെ മുദ്രയും ഉല്ലേഖനം ചെയ്തിരിക്കുന്നു.

## തൊഴിലാളിക്കുട്ടികൾ മാർപ്പാപ്പായുടെ സന്നിധിയിൽ

കഴിഞ്ഞ മാസം കാസ്റ്റൽ ഗണ്ടോൾഫോയിൽവച്ച് പരിശുദ്ധപിതാവ് ബെൽജിയം, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ലിബിയാ മുതലായ രാജ്യങ്ങളിലെ ഇററാലിയൻ തൊഴിലാളികളുടെ 350 കുട്ടികൾക്കു ഒരു പ്രത്യേകസന്ദർശനം അനുവദിക്കുകയുണ്ടായി. ഇററാലിയിലെ വേനൽക്കാലവിശ്രമകേന്ദ്രങ്ങളിൽ പോണ്ടിഫിക്കൽ റിലീഫ് സംഘടനയുടെ അതിഥികളായിട്ടാണ് ഈ കുട്ടികൾ സ്വീകരിക്കപ്പെട്ടതു്.

## ഇംഗ്ലണ്ടിൽ വേദോപദേശക്യാമ്പുകൾ

നോർത്താംപ്ടൺ രൂപതയിലും നോട്ടിംഗ്ഹാം രൂപതയിലും അകത്തോലിക്കാ സ്കൂളുകളിൽ പഠിക്കുന്ന കത്തോലിക്കാ കുട്ടികളെ ഉദ്ദേശിച്ച് പ്രത്യേകം വേദോപദേശക്യാമ്പുകൾ നടത്തപ്പെടുന്നു. കാത്തലിക്ക് വിമൺസ് ലീഗുകാരാണ് അതിന്റെ നേതൃത്വം വഹിക്കുന്നതു്. പഠനത്തിൽ ചിത്രങ്ങൾക്കു വളരെ പ്രാധാന്യം നൽകപ്പെടുന്നു. മിസ്സ് ജെ. ജെ. ബ്രിഡ്ജസ് മതതത്വങ്ങളെ ചിത്രീകരണംകൊണ്ടു വിശദീകരിക്കുന്നതിൽ വളരെ നൈപുണ്യം സമ്പാദിച്ചുകഴിഞ്ഞിട്ടുള്ള ഒരു യുവാദ്ധ്യാപികയാണ്. നോട്ടിംഗ്ഹാം ക്യാമ്പിൽ 38 കുട്ടികളുണ്ടായിരുന്നു. എൽഡണിലെ കൗണ്ടസ്സാണ് അതിന്റെ മേൽനോട്ടം വഹിച്ചതു്. അവർക്കു ദിവസവും കുർബാനയും ദിവ്യകാരുണ്യസ്വീകരണവും ഉണ്ടായിരുന്നു വിനോദയാത്രകളും മററുല്ലാസപരിപാടികളും അവർക്കു വേണ്ടി സജ്ജീകരിച്ചിരുന്നു.

## ചരമവാർത്തകൾ

മൈലപ്ര: ഈ ഇടവകയിൽ കോഴിമലപ്പറമ്പിൽ ശ്രീ എ ജി തോമസ് അവർകൾ സെപ്തം: 7-ാം തീയതി ശനിയാഴ്ച പകൽ 3 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതൻ തെങ്ങുംതറയിൽ പരേതനായ അബ്രാഹം കോർഎപ്പിസ്കോപ്പായുടെ പുത്രനും ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ, റവ ഫാദർ മത്തായി എന്നിവരുടെ സഹോദരപുത്രനും മൈലപ്രാ എസ് എച്ച് ഹൈ ആൻസ് ട്രെയിനിംഗ് സ്കൂൾ മാനേജർ തെങ്ങുംതറമേടയിൽ ഫാദർ എ ജി എബ്രാഹത്തിന്റെ സഹോദരനുമാണ്. പരേതൻ ഏതാനും നാളുകളായി ശയ്യാവലംബനായി കഴിഞ്ഞുകൂടുകയായിരുന്നു: മൈലപ്രാ ഹൈസ്കൂൾ ടീച്ചേഴ്സ് ശ്രീ കെ ടി എബ്രാഹാം, ശ്രീമതി ടി ശോശാമ്മ എന്നിവർ അദ്ദേഹത്തിന്റെ മക്കളാണ്. ശവസംസ്കാരകർമ്മം സെപ്തം: 8-ാം തീയതി റവ ഫാദർ എ ജി എബ്രാഹത്തിന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റവ ഫാദർ തോമസ് കരിയിൽ അവർകൾ ചരമപ്രസംഗം നടത്തി.

## നിര്യാതനായി

കാക്കനാട്: ക്രിസ്തുരാജകമ്മലീത്താ ആശ്രമത്തിലെ ഒരംഗവും സ്ഥലം ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്ററുമായ റവ ഫാദർ വാൾട്ടർ ബി എസ് സി ബി ടി അവർകൾ ഹൃദയസ്തംഭനംമൂലം സെപ്തം: 13-ാം തീയതി നിര്യാതനായിരിക്കുന്നു. പരേതൻ കാഞ്ഞൂർഇടവക പടയാട്ടിൽ കുടുംബാംഗമാണ്. മരിക്കുമ്പോൾ 46 വയസ്സു പ്രായംമാത്രമേയുള്ളു. ശവസംസ്കാരകർമ്മം 14-ാം തീയതി കാലത്തു പല ബ: വൈദികരുടേയും ബന്ധുമിത്രാദികളുടേയും ദുഃഖാർത്തരായ ശിഷ്യസഞ്ചയത്തിന്റെയും സാന്നിദ്ധ്യത്തിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു

R. I. P.

കുമ്പളം: പിടിയഞ്ചേരിൽ ശ്രീ പി വി പാപ്പച്ചൻ ലിവർ സംബന്ധമായ സുഖക്കേടുമൂലം സെപ്തം: 8-ാം തീയതി നിര്യാതനായിരിക്കുന്നു ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു. പരേതൻ പ്രസിദ്ധനായ ഒരു തിരുമ്മുകാരനായിരുന്നു.

ചെല്ലാനം: സ്ഥലം സെൻറ് സെബാസ്റ്റ്യൻ പള്ളിഇടവക റവ ബ്രദർ മാത്യു വല്യപറമ്പിൽ അവർകളുടെ പിതാവ് ശ്രീ വല്യപറമ്പിൽ കൈപ്പാരി ബാപ്പുതന്റെ 68-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ കൈക്കൊണ്ട് കർത്താവിൽ നിദ്രപ്രാപിച്ചു. ബ: വൈദികരുടേയും ദർശനസമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരകർമ്മം യഥാവിധി നിർവ്വഹിച്ചു.

പൊന്നമ്പ്: ഈ ഇടവകയിൽ തുണ്ടിയത്തു് ശ്രീ ഗീവർഗീസ് അവർകൾ വാർദ്ധക്യസഹജമായ രോഗംമൂലം സെപ്തം: 3-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു

വടക്കുംപുറം: റവ ഫാദർ ഡാനിയേൽ അയ്യനേത്തു് ബി എ അവർകളുടെ പിതൃസഹോദരൻ ശ്രീ മാത്തന്റെ ഭാര്യ മറിയാമ്മ 65-ാമത്തെ വയസ്സിൽ സെപ്തം: 3-ാംനു ചരമംപ്രാപിക്കുകയും ഫാദർ ശമുവേൽ ശങ്കരത്തിലിന്റെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി സംസ്കരിക്കുകയും ചെയ്തിരിക്കുന്നു.

കാലടി: ശ്രീമതി കുന്നപ്പള്ളി ത്രേസ്യാ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം സെപ്തം: 5-ാം തീയതി ചരമമടഞ്ഞു. ശവസംസ്കാരം പിറേറദിവസം റവ ഫാദർ ജോസഫ് മാവുങ്കലിന്റെ പ്രധാനകാർമ്മികത്വത്തിലും വമ്പിച്ച ഒരു ജനാവലിയുടെ സഹകരണത്തിലും കൈപ്പട്ടൂർ പള്ളി സിമത്തേരിയിൽവച്ചു നടന്നു. റവ ഫാദർ ഹോർമീസ് പാലാട്ടി ചരമപ്രസംഗംനടത്തി.

R. I. P

—അഖിലേന്ത്യാ അഭയാർത്ഥിസംഘടനയുടെ പ്രസിഡണ്ടു് ഡോക്ടർ ചോയ്ത്റാം ഗിദ്വാനി നിര്യാതനായിരിക്കുന്നു.

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ
19 വ്യാ: വി. യാനുവാരിയോസും കൂട്ടരും
20 വെ: വി. എവുസ്താക്കിയസും കൂട്ടാവായും
21 ശ: വി. മത്തായി
22 ഞാ: പന്തക്കു. 15-ാം ഞായർ
23 തി: വി ലീനോസ്
24 ചൊ: മനോഗുണമാതാവ്
25 ബു: വി. മൗരിത്തിയോസും കൂട്ടരും

## ലഘുവാർത്തകൾ

ഹംഗറിയിലെ സോവ്യററ് കൈയേററങ്ങളെ അപലപിക്കുന്നതും റഷ്യൻസേനയെ ആ രാജ്യത്തുനിന്നു പിൻവലിക്കണമെന്നാവശ്യപ്പെടുന്നതുമായ ഒരു അന്താരാഷ്ട്രിയഹർജി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള രാഷ്ട്രിയ സാംസ്കാരികനേതാക്കന്മാർ ഒപ്പുവച്ച് ഐക്യരാഷ്ട്രജനറൽ സംബ്ളി പ്രസിഡണ്ടിനു സമർപ്പിച്ചിരിക്കുന്നു.

—ഒരു ഹിതപരിശോധന നടത്തുന്നതിനു പ്രാരംഭമായി കാഷ്മീറിനെ അസൈനികരിക്കുക എന്ന ഉദ്ദേശത്തോടെ ഒരു ഐക്യരാഷ്ട്രസേനയെ കാഷ്മീരിലേക്കു നിയോഗിക്കേണ്ടതാണെന്ന തങ്ങളുടെ നിർദ്ദേശത്തെ എതിർക്കരുതെന്ന പാക്കിസ്ഥാന്റെ അഭ്യർത്ഥനയെ സോവ്യററ്യൂണിയൻ നിരാകരിച്ചിരിക്കുന്നു.

For Favours Received



P. J. Joseph
Shirestadar
Sub-court, Palghat

—ഹംഗറിയിൽ സോവ്യററ് ഗവൺമെൻറ് നടത്തിയ മർദ്ദനനടപടികളെ അപലപിച്ചുകൊണ്ട് 37 രാഷ്ട്രങ്ങൾ സംയുക്തമായി ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിച്ച പ്രമേയം ജനറൽ അസംബ്ളി അതേപടി അംഗീകരിച്ചിരിക്കുന്നു. പ്രമേയത്തെ അനുകൂലിച്ച് 60 രാഷ്ട്രങ്ങളും പ്രതികൂലിച്ച് 10 രാഷ്ട്രങ്ങളും വോട്ടുചെയ്തു ഇൻഡ്യയുൾപ്പെടെ 10 രാഷ്ട്രങ്ങൾ നിഷ്പക്ഷമായി നിന്നു... നിവർത്തനമനുഷ്ഠിച്ചു.

—ബ്രിട്ടന്റെ പുതിയ അണുവായുധപരീക്ഷണപരമ്പരയുടെ ആദ്യസ്ഫോടനം ദക്ഷിണആസ്ട്രേലിയായിൽ മരലിംഗ എന്ന സ്ഥലത്തുവച്ച് സെപ്തം: 14-ാം തീയതി നടത്തിയിരിക്കുന്നു.


## വിനോദവീഥി

ഭർത്താവ്:- (സ്നേഹിതനോട്) ഹേ, മിസ്റ്റർ, നമ്മുടെ പുതിയ ഡോക്ടർ ആൾ വളരെ സമർത്ഥനാണ്, കേട്ടോ. എന്റെ ഭാര്യയുടെ സുഖക്കേട് അദ്ദേഹം ഒരു ഡോസു മരുന്നുകൊണ്ടു തീർത്തും മാററിക്കളഞ്ഞു. ഞാൻ എത്ര ഡോക്ടറന്മാരെ കാണിച്ചെന്നും, എന്തുമാത്രം പണം മരുന്നിനു ചിലവാക്കിയെന്നും കണക്കില്ല എന്തെല്ലാം ചെയ്താലും അവൾക്കു ക്ഷീണം തന്നെ. ഒരു ജോലിയും ചെയ്യാൻ ശേഷി തോന്നുന്നില്ലെന്നാ പറയുക.

സ്നേഹിതൻ:- ഡോക്ടർ രോഗത്തിന്റെ കാരണമെന്താണെന്നു പറഞ്ഞുവോ?

ഭർത്താവ് :- അങ്ങനെ വിവരിച്ചൊന്നും പറഞ്ഞില്ല. പരിശോധിച്ചു മരുന്നുകൊടുത്തിട്ടു പറഞ്ഞു ഇതു കുടിച്ചാൽമതി. ഇപ്പോഴുള്ള സുഖക്കേടുകളെല്ലാം മാറിപ്പോകും. ഇനിയും അങ്ങനെ ആലസ്യവും ക്ഷീണവും തോന്നുമ്പോൾ വാർദ്ധക്യം സമീപിക്കുകയാണെന്നു മനസ്സിലാക്കിയാൽമതി, എന്നു് പിന്നെ ക്ഷീണമേ ഉണ്ടായിട്ടില്ല.

× × ×



"ഈ ബെഡ്ഡിലെ പനിക്കാരനെവിടെ നേഴ്സ്?"

"അറിഞ്ഞുകൂടാ ഡോക്ടർ, ഡോക്ടർക്കു മരുന്നുവിലയെങ്കിലും വല്ലതും കൊടുക്കേണ്ടെയെന്നു ഞാനിന്നലെ രാത്രി കളിയായൊന്നു ചോദിച്ചു. ഇന്നു വെളുപ്പിനു ആളെ കാണുന്നില്ല."

× × ×

മി. എക്സ്:- (ഹോട്ടൽ മാനേജരെ ഫോണിൽ വിളിച്ചു പറഞ്ഞു) എന്റെ സ്നേഹിതൻ മി. കോഹനു നിങ്ങളുടെ ഹോട്ടലിൽ ഒരു മുറി റിസർവ്വുചെയ്യണം. വേണ്ട എല്ലാ സൗകര്യങ്ങളും അവിടെ കൊടുക്കുകയും വേണം.

മാനേജർ:- അദ്ദേഹം ഒരു യഹൂദനാണല്ലോ. യഹൂദന്മാർക്കു ഇവിടെ സ്ഥലം കൊടുക്കാറില്ല. ദയവായി ക്ഷമിക്കണം.

മി. എക്സ്:- നമുക്കു രണ്ടുപേർക്കും തെററിപ്പോയി. മി. കോഹൻ യഹൂദനാണെന്നു വിചാരിച്ചതിൽ നിങ്ങൾക്കു തെററി; നിങ്ങൾ ജാതിവ്യത്യാസം നോക്കാത്ത ഒരു മാന്യനാണെന്നു വിചാരിച്ചതിൽ എനിക്കും തെററുപററി. ഓർഡർ കാൻസൽചെയ്തേക്കൂ!

× × ×



"ഓ, ശങ്കരന്റെ കൈക്കെന്താ അപകടം പററിയതു്. എല്ലു മുറിഞ്ഞെന്നു വരോ?"

"ദേ, വോട്ടാപ്പീസറെ പററിച്ച് ഒരോട്ടുംകൂടി ചെയ്യാനൊപ്പിച്ച പണിയാണങ്ങത്തേ. ആദ്യം കൈയിൽ കുത്തിയ മഷി മാച്ചിട്ടു പോയില്ല."

# കമ്മ്യൂണിസം കേരളത്തിന്റെ മണ്ണിൽ വേരൂറപ്പിയ്ക്കുകയില്ല

(ഫാദർ അപ്രേം പുതുശേരി)

കമ്മ്യൂണിസം കേരളത്തെ വിഴുങ്ങിക്കഴിഞ്ഞുവോ? അതുപോലെ കേൾക്കുന്നു. പക്ഷെ കേരളജനതയിലെ 65 ശതമാനവും കമ്മ്യൂണിസ്റ്റ് ഭീകരവാഴ്ചയ്ക്കു എതിരായി നിലകൊള്ളുന്നു. കേരളത്തിന്റെ ഏതു മുക്കിലും മൂലയിലും അവരുടെ പ്രതിഷേധം ഏററവും ശക്തിമത്തായി പ്രകടിപ്പിക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റ് ഭരണമേധാവികൾ ഒട്ടും കൂട്ടാക്കുന്നില്ല. അതു കമ്മ്യൂണിസത്തിന്റെ തനിനിറമാണ്. നിരീശ്വരപരമായ കമ്മ്യൂണിസത്തോടു പൊരുത്തപ്പെട്ടു ജീവിക്കാൻ മലനാടിന്റെ മക്കൾക്കു സാദ്ധ്യമല്ല, തീർച്ചതന്നെ. കേരളീയർ ഈശ്വരനിൽ വിശ്വസിക്കുന്നവരാണ്. അതുകൊണ്ടു നമ്മുടെ എതിർപ്പു വീര്യത്തോടെ ഉറച്ച ഈശ്വരവിശ്വാസത്തിൽ പുരോഗമിച്ചുകൊണ്ടു തന്നെയിരിക്കും. നമ്മുടെ പ്രക്ഷോഭണത്തിൽ ആത്മസംയമനം പ്രകടമാക്കി നാം മുന്നേറണം.

ഇന്നു 20-ൽപരം രാജ്യങ്ങൾ കമ്മ്യൂണിസത്തിന്നടിമപ്പെട്ടിട്ടുണ്ട്. ആ രാജ്യങ്ങളിൽ വിദ്യാഭ്യാസം സ്റ്റേററുകൾ കൈയടക്കി. മതസ്വാതന്ത്ര്യം നശിപ്പിക്കപ്പെട്ടു. ഈശ്വരവിശ്വാസം അവതാളത്തിലായി നിരീശ്വരപരമായ കമ്മ്യൂണിസത്തിൽ തലമുറകളെ സൃഷ്ടിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസത്തെ പാടെ തകിടംമറിച്ചു. അങ്ങനെ ആ രാജ്യങ്ങളിൽ ദൈവവിരുദ്ധവും ദുഷിച്ചതുമായ ആശയങ്ങൾ ഇളംമനസ്സുകളിൽ കുത്തിവയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കപ്പെടുകയും ചെയ്തു.

ഈശ്വരവിശ്വാസികളെ കൊലക്കയറിടുന്ന, മനുഷ്യാവകാശം മാനിക്കാത്ത കേരളവിദ്യാഭ്യാസബില്ല നിയമസഭയിൽ അവർ പാസ്സാക്കി. കേരളീയർ ദുസ്സഹമായ നിയന്ത്രണങ്ങൾക്കും മനുഷ്യാവകാശ കൈയേററങ്ങൾക്കും വിധേയരായിത്തീർന്നിരിക്കുകയാണ്. ഈ പുതിയ ബില്‍മൂലം നമ്മുടെ സ്കൂളുകളുടെ നടത്തിപ്പ ദുഷ്കരമായി പരിണമിച്ചിരിക്കുന്നു. പബ്ലിക്ക സർവ്വീസുകമ്മീഷൻമുഖേന അദ്ധ്യാപകനിയമനവും സ്കൂൾ സംബന്ധിച്ച മറെറല്ലാ കാര്യങ്ങളും ഗവണ്മെണ്ടിന്റെ പിടിയിലമർത്താൻ തീർച്ചയാക്കി. ഇതു തന്നെയാണു ദേശവല്ക്കരണം. ദേശവല്ക്കരണത്തിന്റെ ആനക്കുഴിയാണ് ഈ പബ്ളിക്കസർവ്വീസു കമ്മീഷന്റെ കൈകടത്തൽ. അങ്ങനെ വിദ്യാഭ്യാസമഹാവൃക്ഷത്തിന്റെ കടയ്ക്കൽ നിരീശ്വരത്വത്തിന്റെ അരിവാൾ ഓങ്ങിപ്പിടിച്ചുകൊണ്ടുനിൽക്കുന്ന കമ്മ്യൂണിസ്റ്റ് സർക്കാർ മതമർദ്ദനത്തിന്റെ പരിപാടികളിലേക്കാണു ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നതെന്നു മിക്കവാറും തെളിവായിക്കഴിഞ്ഞിട്ടുണ്ട്. മനുഷ്യാവകാശം ബലികഴിക്കാൻ ആരു തടസ്സമായി വന്നാലും മലനാടിന്റെ മക്കൾ സമ്മതിക്കാൻ പോകുന്നില്ല. ജീവൻ ത്യജിച്ചും നാം അതു നേടും. അതിനായി നമുക്കു സംഘടിക്കാം. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ വിദ്യാഭ്യാസരംഗത്തെ നീതിവിരുദ്ധമായ കൈയേററങ്ങൾക്കു പരിഹാരം ഉടനടി വരുത്തണം.

ജനാധിപത്യത്തിന്റെ പേരിൽ അധികാരത്തിൽ കയറിപ്പററിയിട്ടുള്ള കമ്മ്യൂണിസ്റ്റ് സർക്കാരിൽനിന്നു ഇതിൽ മെച്ചമായ ഒരു നയം ആരും പ്രതിക്ഷിക്കേണ്ടതില്ല എന്നുള്ള വാസ്തവം ഈ വിദ്യാഭ്യാസബില്‍ വിശദമാക്കുന്നുണ്ട്.

ഏതായാലും സന്താനങ്ങൾ മാതാപിതാക്കന്മാരുടേതാണ്; കമ്മ്യൂണിസ്റ്റ് സർക്കാരിന്റേതല്ല. സന്താനപരമ്പരകളുടെ വിദ്യാഭ്യാസം ആരോഗ്യപരവും സുരക്ഷിതവുമായിരിക്കണമെന്നഭിലഷിക്കുന്ന മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കണം. അനിവാര്യവും അടിയന്തിരവുമായ ഇന്നത്തെ ആവശ്യം അതാണ്. ഭൗതികത്വവാദത്തിൽ വിശ്വസിക്കുന്ന ഒരു സർക്കാർ വിദ്യാഭ്യാസം കൈയടക്കിയാൽ കേരളത്തിന്റെ ഭാവി അധഃപതിക്കും. ഈശ്വരവിശ്വാസത്തേയും ആദ്ധ്യാത്മികതയേയും വിലമതിക്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. അതുകൊണ്ടു നമ്മുടെ സർവ്വകഴിവും ഉപയോഗിച്ചു വഴിപിഴച്ച ഈ വിദ്യാഭ്യാസനയത്തെ ചെറുക്കണം. അങ്ങനെ നമ്മുടെ മൗലികാവകാശങ്ങളെ സ്ഥാപിക്കണം. കമ്മ്യൂണിസത്തിനെതിരായി ജനവികാരവും ജനരോഷവും കേരളത്തിൽ ഉയർന്നുവരുന്നുണ്ട്. അവകൾ കേവലം അവഗണിക്കാൻ പ്രജായത്തവ്യവസ്ഥിതിയിൽ ഒരു ഗവണ്മെണ്ടിനും രാഷ്ട്രീയപാർട്ടിക്കും സാദ്ധ്യമല്ല തന്നെ.

കമ്മ്യൂണിസം ഭൗതികത്വമനോഭാവത്തോടുകൂടിയതാണ്. അതു സ്വേച്ഛാപ്രമത്തതയും അരക്ഷിതാവസ്ഥയും അരാജകത്വവും വളർത്തുന്നു. കമ്മ്യൂണിസ്റ്റ് ഗവണ്മെണ്ടിന്റെ നയം മർദ്ദനമാണ് നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസസംബന്ധമായി ഇന്നു പല പ്രതിബന്ധങ്ങളും അവശതകളും അനീതികളും ഈ പുതിയ ബില്ലുമൂലം നമ്മെ ആവരണം ചെയ്തിരിക്കുന്നു. മാതാപിതാക്കന്മാർക്കു ദൈവദത്തവും പ്രകൃതിസിദ്ധവുമായ മൗലികാവകാശങ്ങൾ അവരുടെ കുട്ടികളുടെ മേലുണ്ട്. അവകളെ പരിരക്ഷിക്കേണ്ടതു അവരുടെ പരമമായ പൗരധർമ്മമാണ്. ബില്ലിനെതിരായി കൊടുങ്കാററു അടിച്ചു. 65 ശതമാനത്തിന്റെ സംയുക്ത എതിർപ്പോടുകൂടി ബില്ല് അവർ (35 ശതമാനംമാത്രം) പാസ്സാക്കി. അങ്ങനെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെമേൽ ഒരു മുൾക്കിരീടം ചാർത്തിയിരിക്കുകയാണ്.

ഈ വിദ്യാഭ്യാസബില്ലിനോടു പൊരുത്തപ്പെട്ടു മക്കളെ പഠിപ്പിക്കാൻ കേരളത്തിലെ ഈശ്വരവിശ്വാസികളായ ജനതയ്ക്കു സാദ്ധ്യമല്ല. ബില്ല നിയമസഭയിൽ പാസ്സായെന്നുവച്ചു യാതൊരു പരാജയബോധവും നമുക്കു ഉണ്ടാകേണ്ട കാര്യമില്ല. ഇതും ഇതിലധികവും അവർ പാസ്സാക്കുമെന്നു നാം മുൻകൂട്ടി കണ്ടിട്ടുള്ളതാണ്. ബഹുജനങ്ങളുടെ അഭിപ്രായത്തെ അവഗണിക്കാൻ ഡെമോക്രസി സംവിധാനത്തിലുള്ള ഒരു ഗവണ്മെണ്ടിനും സാധിക്കയില്ല. അതുകൊണ്ടു നമ്മുടെ പ്രക്ഷോഭണം വീര്യത്തോടെ മുന്നോട്ടുപോകേണ്ടതാണു ആവശ്യം. ഭീകരമായ ഈ പശ്ചാത്തലത്തിൽ വേണ്ടിവന്നാൽ നാം ജീവൻതന്നെ ബലികഴിക്കാൻ തയ്യാറാകണം. ബില്ലിനെതിരായ ഈ പ്രക്ഷോഭണം ആളിക്കത്തിക്കൊണ്ടുതന്നെയിരിക്കണം. ഈ ബില്ല നിയമമായി നടപ്പാകുകയാണെങ്കിൽ കമ്മ്യൂണിസം കേരളത്തിന്റെ മണ്ണിൽ—അതെ ഇന്ത്യയുടെ മണ്ണിൽ—വേരറച്ചതുതന്നെ എന്നു ഈശ്വരവിശ്വാസമുള്ള ഇന്ത്യൻജനത ഓർത്തിരിക്കേണ്ടതാണ്.

# യാക്കോബായസഭയും പുനരൈക്യവും

[ഫാദർ ടി. വി. ജോൺ എം. എ. എൽ. ററി.]

II

## വി. പത്രോസിന്റെ സിംഹാസനം അന്ത്യോഖ്യായിലല്ല, റോമായിലാകുന്നു

1) യാക്കോബായപാത്രിയർക്കീസന്മാരുടെ സമ്മതം

സാർവ്വത്രികസഭയുടെ തലവൻ എന്ന നിലയിൽ യാതൊരു യാക്കോബായപാത്രിയർക്കീസും ഒരു കാലത്തും പത്രോസിന്റെ പിൻഗാമിത്വം അവകാശപ്പെട്ടിട്ടില്ല. അന്ത്യോഖ്യയുടേയും കിഴക്കൊക്കയുടേയും ഭരണമേ തങ്ങൾക്കുള്ളൂ എന്നു അവരുടെ എല്ലാ കല്പനകളിലും വ്യക്തമായി സമ്മതിക്കുന്നുണ്ട്. അതുകൊണ്ടു് തെക്കും വടക്കും പടിഞ്ഞാറുമുള്ള ബഹുഭൂരിപക്ഷം സഭയ്ക്കും വേറെ ഭരണാധികാരിയുണ്ടെന്നു സമ്മതിച്ചിരിക്കുന്നു.

2) വേദപുസ്തകം

വി. പത്രോസ് തന്റെ ലേഖനം എഴുതിയതു് "ബാബിലോണി"ൽനിന്നു് അവിടത്തെ സഭയുടെ നാമത്തിലാകുന്നു (1 പത്രോസ് 5: 12) ആ ലേഖനം അന്ത്യോഖ്യാ ഉൾപ്പെട്ട ആസ്യ മുതലായ രാജ്യങ്ങളിലെ ക്രിസ്തീയവിശ്വാസികൾക്കു വേണ്ടിയാണ് എഴുതിയതു് (1: 2) ബാബിലോൺ എന്നതു റോമാനഗരത്തിനു പറയുന്ന മറെറാരു പേരും ആ പേരു ആസ്യയിൽ പരക്കെ അറിയപ്പെട്ടിരുന്നതുമാണെന്നുള്ളതിനു പുതിയ നിയമത്തിൽതന്നെ തെളിവുണ്ട്. വി. യോഹന്നാൻ തന്റെ വെളിപാടുപുസ്തകത്തിൽ റോമാനഗരത്തെ "മഹതിയാം ബാബിലോൺ" എന്നു ആസ്യയിൽ വച്ചു വിളിച്ചിരിക്കുന്നു. അതു റോമാനഗരത്തെ ഉദ്ദേശിച്ചാണെന്നുള്ളതിൽ ആർക്കും തർക്കവുമില്ല. ഫ്രാത്ത്നദിതീരത്തുള്ള കിഴക്കൻ ബാബിലോൺ അക്കാലത്തു നശിപ്പിക്കപ്പെട്ടിരുന്നു. നീലനദിയുടെ തീരത്തെ കുഗ്രാമമായ ബാബിലോണിൽ അക്കാലത്തു ക്രിസ്തുമതം അറിയപ്പെട്ടിരുന്നുമില്ല. ഇക്കാരണങ്ങളാലും വി. യോഹന്നാൻ റോമാനഗരത്തിനു ബാബിലോൺ എന്നു പറയുന്നതുകൊണ്ടും വി. പത്രോസ് പറയുന്ന "ബാബിലോൺ" റോമാനഗരംതന്നെ എന്നു തെളിയുന്നു. അവിടത്തെ സഭയുടെ നാമത്തിൽ ആസ്യയിലെ സഭകളെ പ്രബോധിപ്പിപ്പാൻ പത്രോസ് തന്റെ ശ്ലീഹാസ്ഥാനത്തുള്ള സ്ഥാനം ഉപയോഗിക്കുന്നു.

3) കുർബാനക്രമം

പുതുഞായറാഴ്ച കഴിഞ്ഞുള്ള ഒന്നാംഞായറാഴ്ച ചൊല്ലേണ്ടതായി ഏവൻഗേലിയോൻ വായന കഴിഞ്ഞുള്ള പാട്ട്: ലോൺമൊറിയോ എന്ന ലയം:-

"വിച്ചുകാരൻ ശെമവൂൻ താൻ
വലവീശിയഹോ
അവനോടരുളിനാഥനഹോ
"വേണ്ടാ വലവീശൽ
ജീവലോകം പൂകാനായ് നീ
മാനുഷരെ
കൂട്ടിച്ചേർക്കുക; അവരെ നീ
വിശീടുക" ഭമാദാൽ.
റോമായിൽ ശെമവൂൻ വല
വീശി,
തള്ളിയഹോ പലർ ദേവന്മാരെ
വിശ്വാസാൽ നാഥങ്കലവർ
ജീവൻ പ്രാപിച്ചു."

4) നമസ്കാരക്രമം

"ശ്ലീഹന്മാർ സുവിശേഷപ്രസംഗത്തിനായിട്ടു സ്ഥലനിർണ്ണയം ചെയ്തതിൻപ്രകാരം വി. പത്രോസിനു റോമായും, വി. യോഹന്നാനു എപ്പേസൂസും, വി. തോമ്മായ്ക്കു ഇൻഡ്യായും കിട്ടി." "ബുദ്ധിഹീനന്മാരായ പന്ത്രണ്ടുപേരെ തന്റെ വ്യാപാരത്താൽ തെരഞ്ഞെടുക്കുകയും, വിശുദ്ധ റൂഹായാൽ അവരെ ജ്ഞാനികളാക്കുകയും, ഏവൻഗേലിയോനാകുന്ന സുവിശേഷത്തെ പ്രസംഗിപ്പാനായിട്ടു മഹത്വമുള്ള പ്രമാണങ്ങളേയും ക്രമങ്ങളേയും അവർക്കു നിയമിച്ചുകൊടുക്കുകയും പൂർണ്ണതയിൽ ശ്രേഷ്ഠനായ വി. പത്രോസിനെ തലവനും സഭയുടെ അടിസ്ഥാനവുമായി ആക്കിത്തീർക്കുകയും, തന്റെ ശ്ലീഹന്മാരിൽ മുമ്പനും അധികാരിയുമായി നിയമിച്ച് ഏററവും പ്രധാനപട്ടണമായ റോമായിലേക്കു അവനെ പറഞ്ഞയക്കുകയുംചെയ്തു (ജൂൺ 29 പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാളിലെ പ്രൊമ്യോൻ) "വിച്ചുകാരനായ ശെമവോനെ മിശിഹാ വിശിപ്പിടിച്ചു. മീനിനുപകരം മനുഷ്യരെ നിത്യജീവങ്കലേക്കു ശിമയോൻ ഇതാ വിശിപ്പിടിക്കുന്നു. അവൻ തന്റെ വലയെ റോമായിൽ വിരിച്ചു. അതിന്റെ സിംഹത്വത്തിനട്ടത്ത പരാക്രമത്തെ നീക്കി പെണ്ണാടുപോലെയാക്കി. അതിനെ തിരുസഭയുടെ ഉള്ളിലേക്കു പ്രവേശിപ്പിച്ചു" (ടി പെരുന്നാൾ പ്രഭാതപെങ്കിസാ,

5) യാക്കോബായപിതാക്കന്മാരുടെ സാക്ഷി

"വി. പത്രോസ് നിറോചക്രവർത്തിയോടു പറയുന്നു: "എല്ലാവനും പിതാവും ഉപദേഷ്ടാവുമായിരിപ്പാനും, കർത്താവിങ്കലേക്കു എല്ലാവനേയും തിരിപ്പിപ്പാനുമായിട്ടാകുന്നു എന്നെ ദൈവം തെരഞ്ഞെടുത്തു ഇങ്ങോട്ടയച്ചതു്. ഞാൻ റോമായിൽ നല്ല വിത്തു വിതച്ചതിനു കൂലിയായി നീ നിശ്ചയിച്ച കുരിശുമരണം ഇനിക്കു യോഗ്യമായിരിക്കുന്നു" (യാക്കോബ് മഹസ്സോനോ) "ശ്ലീഹന്മാരുടെ പ്രബലവായ ശെമയോൻ ബർയോനാ റോമായിലേക്കു പോയി. അവിടെ ശ്ലീഹന്മാരുടെ പ്രബലവിന്റെ ആസ്ഥാനമാക്കി" (മൂശ്ശെ ബർ കിപ്പാ)

6) കാനോൻ

യാക്കോബായ ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ രണ്ടിനും പൊതുവെ ബാധകമായതും ഗ്രിഗോരിയോസ് ബറെബ്രായ ക്രോഡീകരിച്ചതുമായ ഹൂദായകാനോനിൽ പറയുന്നു: "പാത്രിയർക്കീസന്മാർ നാലുപേരുണ്ടായിരിക്കണം. അവർ എല്ലാവരുടേയും പ്രധാനതലവൻ റോമായിലെ പാത്രിയർക്കീസ് ആയിരിക്കണം" (ഹൂദായ 7—1)

നിഖ്യാകാനോനാകൾ പോലെതന്നെ പൗരസ്ത്യസഭകളെല്ലാം പൊതുവെ സ്വീകരിക്കുന്ന അറബികാനോൻ 34-ം, 37-ം വകുപ്പുകളിൽ പറയുന്നു: "റോമാപാത്രിയർക്കീസിനു ശുദ്ധമുള്ള പത്രോസിനെന്നപോലെ മററുള്ള എല്ലാ പാത്രിയർക്കീസന്മാരുടെമേലും അധികാരമുണ്ട്."

ഇവിടെ കാണിച്ചിരിക്കുന്നതും യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ സ്വീകരിക്കുന്നവയും സ്വീകരിക്കേണ്ടവയുമായ തെളിവുകളിൽനിന്നു് പത്രോസിന്റെ സിംഹാസനം റോമായിലാണെന്നു വ്യക്തമാകുന്നു. അവിടെ മാത്രമേ അനുസ്യൂതവും അവിതർക്കിതവുമായ ഒരു അപ്പസ്തോലപിന്തുടർച്ചയും വംശാവലിയും നിലനില്ക്കുന്നതായി കാണുന്നുള്ളൂ.

അന്ത്യോഖ്യായിലാകട്ടെ ആറു സഭാതലവന്മാർ "അന്ത്യോഖ്യാ പാത്രിയർക്കീസ്" എന്ന സ്ഥാനനാമം വഹിക്കുന്നവരായി കാണപ്പെടുന്നു. അവർ:-

1) ദമസ്കോസിലെ യവുനായ പാത്രിയർക്കീസ്.

2) ഹോംസിലെ യാക്കോബായ പാത്രിയർക്കീസ്,

3) സിറിയായിലെ മെല്ക്കായ പാത്രിയർക്കീസ്,

4) ആലപ്പോയിലെ ലത്തീൻ പാത്രിയർക്കീസ്,

5) ബെയിറൂട്ടിലെ മറോനായ പാത്രിയർക്കീസ്,

6) ഷാർഫെ (ലെബാനോനി)യിലെ സുറിയാനികത്തോലിക്കാ പാത്രിയർക്കീസ്.

ഇവരിൽ ഒന്നാമത്തെയാൾ പൗരസ്ത്യഓർത്തഡോക്സ് ഗ്രീക്ക് സഭകളിൽപെട്ട അന്ത്യോഖ്യൻസഭയുടെ അധിപനാണ്. രണ്ടാമത്തെയാൾ ഏതാനും ആഴ്ചകൾക്കുമുമ്പു കാലംചെയ്തു. അടുത്ത മാസത്തിൽ പിൻഗാമിയെ തെരഞ്ഞെടുക്കുമെന്നു തോന്നുന്നു, ആസ്ഥാനം ഹോംസിലായിരിക്കുമോ എന്നതു സംശയം. മൂന്നുമുതൽ ആറുവരെയുള്ള സ്ഥാനികൾ റോമായിലെ പാത്രിയർക്കീസിനോടു സംസർഗ്ഗബന്ധത്തിൽ ഇരിക്കുന്നവരാണ്.

III

## ക്രിസ്തീയസഭയുടെ ഏകത്വം

യേശുക്രിസ്തു ഒരു സഭയെ മാത്രമേസ്ഥാപിച്ചിട്ടുള്ളൂ. ക്രിസ്തുവിന്റെ മണവാട്ടി, ശരീരം, ഭവനം എന്ന നാനാപേരുകളിൽ അലങ്കാരഭാഷയിൽ വിവരിക്കുന്ന ക്രിസ്തീയസഭ ഐക്യതയിൽതന്നെ നിലനിൽക്കണം. അതിന്റെ ഏകത്വത്തിനു ഭംഗംവരാവുന്ന സന്ദർഭങ്ങളിൽ പൊതുസൂനഹദോസുകൾ കൂടിയും മററും സാർവ്വത്രികസഭയുടെ ഏകീഭാവത്തെ സംരക്ഷിച്ചിട്ടുണ്ട്. സഭയുടെ ഏകത്വത്തെ സംബന്ധിച്ച് യാക്കോബായഗ്രന്ഥങ്ങൾ എന്തു പഠിപ്പിക്കുന്നുവെന്നു നമുക്കു പരിശോധിക്കാം:-

1) വേദപുസ്തകം

"യേശു അവരോടു പറഞ്ഞു: ആടുകൾ എന്റെ ശബ്ദം കേൾക്കും... ഒരാട്ടിൻകൂട്ടവും ഒരിടയനുമാകും." (യോഹ: 10—16) "അവർ എല്ലാവരും ഒന്നാകേണ്ടതിനു്, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനുതന്നെ" (യോഹ: 17—20) "നിങ്ങൾ ഏകശരീരമായും ഏകആത്മാവായും ഇരിക്കണം. എന്തെന്നാൽ കർത്താവു് ഒരുവൻ, വിശ്വാസം ഒന്നു്, മാമ്മോദീസായും ഒന്നു്, എല്ലാവരുടേയും പിതാവായ ദൈവവും ഒരുവൻതന്നെ" (എപ്പേ: 4—4)

2) കുർബാനതക്സാകൾ

"സഭയ്ക്കു മുഴുവനുംവേണ്ടി ജീവനും വിശുദ്ധിയുമുള്ള ബലിയെ അനുഷ്ഠിപ്പാൻ ഞാൻ യോഗ്യനായിത്തീരണമെ. സുഗന്ധധൂപത്തോടുകൂടെ ശുദ്ധമുള്ള സഭയ്ക്കും അതിന്റെ എല്ലാ മക്കൾക്കും ഓർമ്മയുണ്ടാകട്ടെ" (തുയാബോ) "വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായിരിക്കുന്നതും,പാതാളവാതിലുകളാൽ ബലംചെയ്യപ്പെടാത്തതുമായ വിശുദ്ധ സഭയുടെ സ്ഥിരതയ്ക്കായി ഈ ബലിയിൽ സംബ

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജെ. എൻ. റാവു
എൻ. സി. ജോൺ & സൺസ്
പ്രൈവററ് ലിമിററഡ്,
ആലപ്പുഴ, സൗത്ത് ഇൻഡ്യ.

ന്ധിക്കുന്നവരെ ശുദ്ധീകരിക്കണമെ. സർവ്വലോകത്തിലുമുള്ള നിന്റെ സഭയ്ക്കുവേണ്ടി ഈ ബലിയെ നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു" (യാക്കോബിന്റെ ക്രമം) "എല്ലാ സ്ഥലത്തുമുള്ള നിന്റെ വിശുദ്ധ സഭയ്ക്കു....നിരപ്പും സമാധാനവും നൽകണമെ....സഭയിലെ ഇടയന്മാരേയും...എല്ലാ സ്ഥലത്തുമുള്ള വിശ്വാസികളും സ്തുതിചൊവ്വാകപ്പെട്ടവരുമായ നിന്റെ ജനത്തേയും ഓർത്തുകൊള്ളണമെ (ബർസ്ലീബാ) "സഭയ്ക്കും അതിലെ ഇടയന്മാർക്കും കൃപനൽകണമേ"(ഒസ്ത്താത്യോസ്) "സഭ മുഴുവനിലും ക്രമീകരിക്കപ്പെട്ടിരിക്കുന്ന സകല വർഗ്ഗത്തിനുംവേണ്ടി ഈ ബലിയെ സമർപ്പിക്കുന്നു...ശ്ലീഹന്മാരുടെ തലവനായ പത്രോസുമുതൽ ഇന്നേവരെയുള്ള വിശുദ്ധസഭയിലെ സ്തുതിചൊവ്വാകപ്പെട്ട സകല എപ്പിസ്കോപ്പന്മാരേയും ഓർത്തുകൊള്ളണമെ" (യൂലിയോസ്) "നിന്റെ സഭയ്ക്കു സമാധാനം കൊടുക്കണമെ...സഭയെസഹായിക്കുന്നവരെ നീ ഓർത്തുകൊള്ളുകയും ചെയ്യണമെ" (പത്രോസ്) "കർത്താവേ, നിന്റെ സഭയ്ക്കുവേണ്ടി ഈ ദൈവികബലിയെ ഞങ്ങൾ സമർപ്പിക്കുന്നു (12 ശ്ലീഹന്മാർ) "നിന്റെ സഭ മുഴുവനുംവേണ്ടി ഈ ബലിയെ ഞങ്ങൾ സമർപ്പിക്കുന്നു. നിന്റെ സഭയിൽനിന്നു തർക്കങ്ങളേയും ശണ്ഠകളേയും മായിച്ചു നിരപ്പും സമാധാനവും ഐക്യവുംകൊണ്ടു അതിനെ നിറയ്ക്കണമെ" (ഇസഹാക്കു) "നിന്റെ വിശുദ്ധസഭയിലെ സകല ഭരണക്കാരേയും നീ കാത്തുകൊള്ളണമെ" (അബ്രഹാം നഹശിർത്തോനൊ) "സഭകളുടെ തലവന്മാരായ പ്രധാനാചാര്യന്മാരെ ഓർത്തു...ഉപദ്രവകരങ്ങളായ ശീശ്മകളെ ഇല്ലാതെയാക്കണമെ, വിശുദ്ധ സഭയുടെ തല ഉയർത്തപ്പെടണമെ" (യൂഹാനോൻ പാത്രിയർക്കീസ്) "വിശുദ്ധിയും മഹത്വവുമുള്ള...നിന്റെ സഭ മുഴുവനിലും സത്യമായ സമാധാനം നീ സ്ഥാപിക്കണമെ... നിന്റെ രക്തത്താൽ സമ്പാദിച്ചിട്ടുള്ള വിശുദ്ധസഭയുടെ നിരപ്പിനും, സമാധാനത്തിനും, നിലനില്പിനുംവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ വിശുദ്ധ സഭയിൽനിന്നു നാശകരങ്ങളും ഉപദ്രവകരങ്ങളുമായ ശീശ്മകളെ മായിച്ചുകളയണമെ" (വിശുദ്ധ കുർബാനയുടെ പ്രെമ്യോനുകൾ)

സാർവ്വത്രികമായ ക്രിസ്തീയസഭ ഏകമായിത്തന്നെ നിലനിൽക്കേണമെന്നു മേൽപ്പറഞ്ഞ എല്ലാ യാക്കോബായകുർബാനക്രമകർത്താക്കളും അവിതർക്കിതമായി വിളിച്ചു പറയുന്നു. കുർബാന അനുഷ്ഠിക്കുന്ന യാതൊരു യാക്കോബായപട്ടക്കാരനും, യാക്കോബായസഭയ്ക്കു വേണ്ടിമാത്രം കുർബാന അർപ്പിപ്പാൻ അവകാശമില്ല. അങ്ങനെ ചെയ്യുന്നതു ദൈവദൂഷണവുമാകുന്നു.

3) വിശ്വാസപ്രമാണം

"കാതോലികവും ശ്ലൈഹികവും വിശുദ്ധവുമായ ഏകസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു." ഈ ഏകസഭ കോട്ടയത്തെ ഓർത്തഡോക്സ്കാർ മാത്രമോ യാക്കോബായക്കാർ മാത്രമോ ആണോ? സാർവ്വത്രികസഭയോടു സംസർഗ്ഗബന്ധമില്ലാതെ ശീശ്മയെ പുലർത്തുന്നതു കഠിനമായ പാപമല്ലയോ?

യാക്കോബായഗ്രന്ഥങ്ങൾ സൂക്ഷ്മമായി പഠിക്കുന്ന യാതൊരുത്തനും ഞാൻ മേൽതെളിയിച്ച മൂന്നു സത്യങ്ങളെ അതായതു 1) വി. പത്രോസ് ശ്ലീഹന്മാരുടെ തലവനും പരമാധികാരിയുമാകുന്നു. 2) വി. പത്രോസിന്റെ അപ്പസ്തോലികസിംഹാസനം അന്ത്യോഖ്യായിലല്ല റോമായിലാകുന്നു. 3) ആ സിംഹാസനത്തോടു ഐക്യപ്പെട്ടു ക്രിസ്തീയസഭ ഏകമായിത്തന്നെ നിലനിൽക്കേണം എന്നുമുള്ള മൂന്നു സത്യങ്ങളെ നിഷേധിപ്പാൻ നിവൃത്തിയില്ല.

യവുനായസഭയുടെ ഒരു പ്രാർത്ഥനയെക്കൂടെ ഉദ്ധരിച്ചു ഞാൻ ഉപസംഹരിക്കുന്നു:—

"വിശുദ്ധസഭയുടെ അടിസ്ഥാനവും വിശ്വാസത്തിന്റെ പാറയും വിശ്വാസസത്യങ്ങളുടെ ഇളകാത്ത ഇരിപ്പിടവും വിശുദ്ധ ശ്ലീഹന്മാരുടെ സിംഹാസനങ്ങളിൽ ഒന്നാമത്തേതിനെ അലങ്കരിക്കുന്നവനുമായ മാർ പത്രോസേ, നിനക്കു ഭാഗ്യം! റോമായുടെ കാവൽക്കാരനും, ദൈവരാജ്യത്തിന്റെ കലവറക്കാരനും, വിശുദ്ധ കത്തോലിക്കാപ്പള്ളിയുടെ ഉറപ്പുള്ള അടിസ്ഥാനക്കല്ലുമായിരിക്കുന്നവനെ വിശുദ്ധ ഗീതങ്ങളാൽ നമുക്കു പാടിസ്തുതിക്കാം.

# ചോദിച്ചാൽ പറയാം

148 ചോ: "സത്യമതവും സത്യമായ ശാസ്ത്രവും തമ്മിൽ ശത്രുതയില്ലെന്നു പറയുന്നു. എന്നാൽ ദൈവം ഭൂമിയെ സൃഷ്ടിച്ചതിനു ശേഷമാണു സൂര്യനെ സൃഷ്ടിച്ചതെന്നു വേദപുസ്തകം സാക്ഷിക്കുന്നു. എന്നാൽ ഭൂമിയും സൂര്യനും ഏക ഗോളത്തിൽനിന്നുത്ഭവിച്ചതാണെന്നു ശാസ്ത്രം പറയുന്നു. ഇവ രണ്ടും യോജിക്കുക സാദ്ധ്യമല്ലല്ലോ. ഇവയിൽ ഏതാണു ശരി?

എൻ. വി. സി. ഏനാനല്ലൂർ

ഉ: കഴിഞ്ഞ കൊല്ലത്തെ 79, 124 ഈ ചോദ്യങ്ങൾക്കു നൽകിയിട്ടുള്ള മറുപടികൾ നോക്കുക. ഫാദർ പോപ്പ് എന്ന ബൈബിൾ പണ്ഡിതന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്: "ബൈബിളിലെ കാലഗണനാ പദ്ധതി യാതൊരു വിധത്തിലും ശാസ്ത്രീയമായിട്ടുള്ളതല്ലെന്നും വിശദാംശങ്ങളിൽ ചിലപ്പോൾ അതു പൂർവ്വാപരവിരുദ്ധമായി തോന്നാമെന്നും ഓർത്തിരിക്കുന്നതു നല്ലതാണ്. സംഭവങ്ങളുടെ തീയതി നിർണ്ണയിക്കുന്നതിനു യാതൊരു മാർഗ്ഗവും ഉണ്ടായിരിക്കാനിടയില്ലാത്ത ആരംഭഘട്ടം മുതലുള്ള സംഗതികളാണു ബൈബിളിൽ പറഞ്ഞിരിക്കുന്നതു്. ചരിത്രത്തെളിവുകളായിട്ടല്ല, ഓർമ്മയ്ക്കുള്ള വഴികാട്ടികളായിട്ടാണ് അവയെ കണക്കാക്കിയിരുന്നതെന്നു വരാവുന്നതാണ്. നേരേ മറിച്ചു ആ പ്രാചീനകാലത്തിലെ സംഭവങ്ങളെക്കുറിച്ചു പണ്ഡിതന്മാർ നൽകിയിരിക്കുന്ന തീയതികൾ യാഥാർത്ഥ്യത്തോടു് അടുത്തവയെന്നു വിശ്വസിക്കുന്നതിനും തെളിവുകളില്ല. ആകയാൽ ബൈബിൾ പ്രസ്താവങ്ങളെ പരീക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി അവയെ പരിഗണിച്ചുകൂടാത്തതാകുന്നു. (The Catholic Students Aids to Bible I. 21)

ഫാദർ പോപ്പിന്റെ ഈ നിഗമനം എത്ര അർത്ഥവത്താണെന്നു സൃഷ്ടിയുടെ പുസ്തകം ഒന്നാം അദ്ധ്യായം വായിക്കുന്നവർക്കു ബോദ്ധ്യമാകുന്നതാണ്. ദൈവം ഒന്നാം ദിവസം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചുവെന്നു പറഞ്ഞുകൊണ്ടാണ് ആ വിവരണം ആരംഭിക്കുന്നതു്. രണ്ടാം ദിവസം ദൈവം ഒരു വിതാനം ഉണ്ടാക്കിയെന്നും, ആ വിതാനത്തെ ആകാശമെന്നു വിളിച്ചുവെന്നും പറയുന്നു. മൂന്നാം ദിവസം വെള്ളത്തെ ഒരിടത്തു ശേഖരിച്ചുവെന്നും ഉണങ്ങിയ പ്രദേശത്തെ ഭൂമിയെന്നു വിളിച്ചുവെന്നും പറയുന്നു. ഇതിൽ നിന്നും കാലക്രമാനുഗതമായ ഒരു ശാസ്ത്രീയ വിവരണം നൽകുകയെന്നതായിരുന്നില്ലാ മോശയുടെ ലക്ഷ്യം എന്നു വ്യക്തമാണല്ലോ.

ഇനി ചോദ്യകർത്താവിന്റെ സംശയത്തിലേക്കു തിരിയാം. "ഭൂമിയും സൂര്യനും ഏകഗോളത്തിൽ നിന്നു ഉത്ഭവിച്ചതാണെന്നു ശാസ്ത്രം പറയുന്നു"വെന്നതാണ് അദ്ദേഹത്തിന്റെ സംശയത്തിനു കാരണം. ചില ശാസ്ത്രകാരന്മാർ അങ്ങനെ പറയുന്നുവെന്നല്ലാതെ അതു ഖണ്ഡിതമായി തെളിയിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയല്ല. കാൻറ്, ലാപ്ലേസ്, ചേംബർലെയിൻ, മൗൾട്ടൺ, ജയിംസ് ജീൻസ്, ജെ. മില്ലർ തുടങ്ങിയ ശാസ്ത്രകാരന്മാർ ഇതു സംബന്ധിച്ചു് ഉന്നയിച്ചിട്ടുള്ള വാദങ്ങളെല്ലാം പരസ്പരവിരുദ്ധങ്ങളും പൊതുവേ സ്വീകരിക്കപ്പെട്ടിട്ടില്ലാത്തവയുമത്രേ. സൂര്യൻ വലിയ ഒരു പ്രഭാപടലത്തിൽ (Nebula) കൂടി കടന്നുപോയപ്പോഴായിരിക്കണം ഭൂമി ജനിച്ചതെന്നാണു ഇക്കാലത്തു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നതു്. ആകാശത്തിൽ കാണുന്ന നക്ഷത്രങ്ങളെല്ലാം ഓരോ സൂര്യനാണെന്നു പറയുന്ന ശാസ്ത്രകാരന്മാരും ഇല്ലാതില്ല.

ഭൂമിയും സൂര്യനും ഏകഗോളത്തിൽനിന്നു ഉത്ഭവിച്ചതാണെന്നുള്ള വാദം ഒരു അഭ്യൂഹം മാത്രമാണ്; അതൊരു വസ്തുതയാണെങ്കിൽതന്നെ അതു മതവിശ്വാസത്തിനു എതിരല്ല. ഭൂമി സൃഷ്ടിച്ചശേഷം മാത്രമേ സൂര്യനെ സൃഷ്ടിച്ചുള്ളു എന്നു് ഒരുവിശ്വാസസത്യമായി വേദപുസ്തകം പ്രസ്താവിക്കുന്നില്ല. ഭൂമിയും മററു ഗ്രഹങ്ങളും സൂര്യനിൽനിന്നു പൊട്ടിപ്പുറപ്പെട്ടതാണെന്നു ശാസ്ത്രകാരന്മാർ പറയുന്നതു വിശ്വസിക്കാമെങ്കിൽ ആദ്യത്തെ സൂര്യൻ ഇന്നത്തെ സൂര്യനിൽനിന്നു ഭിന്നനാണെന്നു വ്യക്തമാണല്ലോ. നാലാം ദിവസം പകലിനും രാത്രിക്കും ഓരോ പ്രകാശത്തെ സൃഷ്ടിച്ചുവെന്നു പറയുന്ന വേദപുസ്തകം, ഒന്നാം ദിവസം തന്നെ ദൈവം പ്രകാശത്തെ സൃഷ്ടിച്ചുവെന്നു പറയുന്നുണ്ടെന്ന വസ്തുതകൂടി നാം അനുസ്മരിക്കണം.

ആകയാൽ ലോകോൽപത്തിയെപ്പററിയുള്ള വേദപുസ്തകപ്രസ്താവവും ശാസ്ത്രകാരന്മാരുടെ അഭിപ്രായവും തമ്മിൽ വൈരുദ്ധ്യമുണ്ടായിരിക്കുന്നില്ല? ഇവയിൽ ഏതാണു ശരിയെന്ന പ്രശ്നം ഉദിക്കുന്നുമില്ല.

149 ചോ: "വേദപുസ്തകത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങളുടെ വ്യാഖ്യാനത്തിൽ പോലും ക്രൈസ്തവർ ഇന്നു യോജിക്കുന്നില്ല. അങ്ങനെയെങ്കിൽ, പരമ്പരാഗതമായി നമുക്കു ലഭിച്ചിരിക്കുന്ന വിശ്വാസങ്ങളിൽ അതിശയോക്തികളും പ്രമാദങ്ങളും കടന്നുകൂടിയിട്ടില്ലേ?

(പി ജെ ബി കോന്നി)

ഉ: വേദപുസ്തകം ഓരോരുത്തന്റെയും ഇഷ്ടംപോലെ വ്യാഖ്യാനിക്കാമെന്നു കരുതുന്ന ആളുകളുടെ ഇടയിൽ വേദപുസ്തകവ്യാഖ്യാനത്തിൽ യോജിപ്പു കാണുകയില്ല. അതുപോലെതന്നെ പരമ്പരാഗതമായ വിശ്വാസങ്ങളിൽ അതിശയോക്തികളും പ്രമാദങ്ങളും കടത്തിവിടാമെന്നു കരുതുന്നവരുടെ ഇടയിൽ അങ്ങനെയും സംഭവിക്കാം. എന്നാൽ വേദപുസ്തകത്തെ, ദൈവം നിശ്ചയിച്ച രീതിയിൽ വ്യാഖ്യാനിക്കണമെന്നു കരുതുന്നവരുടെ ഇടയിൽ വേദപുസ്തകവ്യാഖ്യാനം സംബന്ധിച്ച ഭിന്നാഭിപ്രായമുണ്ടാകുക സാദ്ധ്യമല്ല. അതുപോലെതന്നെ പരമ്പരാഗതമായ വിശ്വാസങ്ങളെ അഭംഗമായി കാത്തു സൂക്ഷിക്കുവാൻ ശ്രമിക്കുന്നവരുടെ ഇടയിൽ അതിശയോക്തികളും പ്രമാദങ്ങളും കടന്നുകൂടുവാൻ ഇടയില്ല.

പരമ്പരാഗതമായി നമുക്കു ലഭിച്ചിരിക്കുന്ന വിശ്വാസങ്ങളിൽ അതിശയോക്തികളും പ്രമാദങ്ങളും കടന്നുകൂടുവാൻ ഇടയുണ്ടോ? ക്രിസ്തു തന്റെ അപ്പോസ്തോലന്മാരോടു, പറഞ്ഞിരിക്കുന്നതെന്താണു്? "നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്." (മത്താ: XXVIII 19-20) "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. അപ്പോൾ നിങ്ങൾ ഓർശ്ലേമിലും യൂദാ മുഴുവനിലും, ശമ്രായരുടെ സ്ഥലത്തും ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികൾ ആകും" (നടപടി I 8) "ഞാൻ എന്റെ പിതാവിനോടു ചോദിക്കും അവിടുന്നു് നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാരക്ലേത്തായെ, ലോകത്തിനു സ്വീകരിക്കുവാൻ കഴിയാത്ത ആ സത്യാത്മാവിനെ, നിങ്ങൾക്കു തരും." (യോഹ: XIV 16. 17) ക്രിസ്തുവും, സത്യാത്മാവായ പാരക്ലേത്തായും എന്നും സഭയോടുകൂടി ഉണ്ടായിരിക്കുമ്പോൾ സഭയുടെ സൂക്ഷത്തിലുള്ള "പാരമ്പര്യ"ത്തിൽ എങ്ങനെയാണു് അതിശയോക്തികളും പ്രമാദങ്ങളും കടന്നുകൂടുക?

ഇനി വിശുദ്ധ പൗലോസ് പറയുന്നതു നോക്കുക: "ആകയാൽ എന്റെ സഹോദരന്മാരെ നിങ്ങൾ ഉറച്ചുനില്ക്കുകയും ഞങ്ങളുടെ വാക്കുമൂലമോ ലേഖനം മൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള കല്പനകളെ മുറുകെപ്പിടിക്കുകയും ചെയ്യുവിൻ" (II തെസ II 15) "ഈശോമിശിഹായിലുള്ള വിശ്വാസത്തോടും സ്നേഹത്തോടുംകൂടി എന്നിൽ നിന്നു നീ കേട്ട ക്ഷേമകരങ്ങളായ വചനങ്ങൾ നിനക്കു മാതൃകയായിരിക്കട്ടെ. ആ നല്ല നിധി നമ്മിൽ വസിച്ചിട്ടുള്ള പരിശുദ്ധാത്മാവുമൂലം നീ കാത്തുകൊൾക." || തിമോ: I 13, 14) "വളരെ സാക്ഷികൾമുഖേന എന്നിൽ നിന്നു കേട്ടവയെത്തന്നെ മററുള്ളവരെയും പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ ആളുകളെ നീ ഭരമേല്പിക്കുക." (II തിമോ: II 2) താൻ വാക്കുമൂലം പഠിപ്പിച്ചിട്ടുള്ളവയെ മുറുകെപ്പിടിക്കുവാനും, അതു മററുള്ളവരെ പഠിപ്പിക്കുവാൻ വിശ്വസ്തരായ ആളുകളെ ഭരമേല്പിക്കാനും ആണല്ലോ അപ്പസ്തോലൻ ഉപദേശിക്കുന്നതു്. ഇങ്ങനെ ചെയ്യുമ്പോൾ അതിശയോക്തികളും പ്രമാദങ്ങളും എങ്ങനെയാണു കടന്നുകൂടുക.?

ക്രിസ്തു, തന്റെ പഠനങ്ങളുടെ സൂക്ഷത്തിനും പ്രചരണത്തിനുമായി സഭയെയാണു ചുമതലപ്പെടുത്തിയതു്. അതു് എന്നും ജീവനുള്ള, ജാഗ്രത്തായ ഒരു സഭയായിരിക്കുന്നു മാത്രമല്ല സത്യത്തിന്റെ ആത്മാവു് എപ്പോഴും അതിനെ ഭരിക്കുകയും നയിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള ഒരു സഭയുടെ ദൃഷ്ടിക്കു മുൻപിൽവച്ചു്, അതിന്റെ സൂക്ഷത്തിലിരിക്കുന്ന പാരമ്പര്യങ്ങളിൽ അതിശയോക്തിയും പ്രമാദവും കടത്തിവിടുവാൻ ആർക്കാണു സാധിക്കുക? ആരെങ്കിലും അതിനു ശ്രമിച്ചാൽ സഭ അതിനെ ശക്തിയായി എതിർക്കുകയില്ലേ? സഭ അങ്ങനെ എതിർത്തിട്ടുള്ള അനേകം ഉദാഹരണങ്ങൾ സഭാചരിത്രത്തിൽ നമുക്കു കാണുവാൻ സാധിക്കും. ക്രൈസ്തവപ്രോക്തമായ പഠനങ്ങളിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനു ആരെങ്കിലും ശ്രമിച്ചിട്ടുള്ളപ്പോഴൊക്കെ സഭ അവരെ സഭയുടെ സംസർഗ്ഗത്തിൽനിന്നു ഛേദിക്കുകയും, ക്രിസ്തുവിന്റെ പഠനം ഇന്നതാണെന്നു സ്പഷ്ടമായ ഭാഷയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്.

"പരമ്പരാഗതമായി നമുക്കു ലഭിച്ചിരിക്കുന്ന വിശ്വാസം" എന്നു പറയുമ്പോൾ കഴിഞ്ഞ രണ്ടായിരം കൊല്ലങ്ങളായി അതു വാഗ്രൂപേണ പ്രചരിച്ചുകൊണ്ടിരിക്കുകയാണെന്നു ധരിക്കരുതു്. ക്രിസ്തുവിൽ നിന്നു അപ്പസ്തോലന്മാർക്കു ലഭിച്ചിട്ടുള്ളതും അവർ പ്രസംഗിച്ചിട്ടുള്ളതുമായ ഈ വിശ്വാസസത്യങ്ങൾ അപ്പസ്തോലശിഷ്യന്മാരും അവരുടെ ശിഷ്യന്മാരുമായ ആദിമസഭയിലെ പിതാക്കന്മാർ രേഖപ്പെടുത്തി വെച്ചിട്ടുണ്ടു്. എല്ലാം എല്ലാവരും രേഖപ്പെടുത്തിയിട്ടില്ലായിരിക്കാം. ക്രിസ്തുവിന്റെ പഠനങ്ങളെ തെററുകൂടാതെ പഠിപ്പിക്കുന്നതിനു് അധികാരപ്പെടുത്തപ്പെട്ടിരിക്കുന്ന സഭ ശരിയായ പാരമ്പര്യമേതെന്നു് എപ്പോഴും തന്റെ മക്കൾക്കു ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. അങ്ങനെ അതിശയോക്തിയോ പ്രമാദമോ കലരാത്ത പരമ്പരാഗതമായ വിശ്വാസം സ്വീകരിക്കുന്നതിനു നമുക്കിന്നു സാധിക്കുകയും ചെയ്യുന്നു.

വി. യോഹന്നാന്റെ ശിഷ്യനായ വി. പൊലിക്കാർപ്പിന്റെ ശിഷ്യനും ലയൺസിലെ മെത്രാനുമായ വി. ഇരനേയൂസ് (140-205) പറയുന്നു: "...ഏററം മഹത്വമുള്ള ശ്ലീഹന്മാരായ പത്രോസിനാലും പൗലോസിനാലും റോമയിൽ സ്ഥാപിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയുംചെയ്ത വളരെ വ

(ശേഷം 4-ാംപേജിൽ)



വിമർശനപംക്തി

# രണ്ടാം പ്രമാണം

(തുടർച്ച)

8. "പള്ളികളിൽ പുണ്യവാന്മാരുടെ രൂപങ്ങളുടെ ആവശ്യമെന്താണ്? ഒരു പുണ്യവാന്റെ രൂപത്തിനു മുമ്പിലുള്ള പ്രാർത്ഥന, ചില സന്ദർഭങ്ങളിൽ വിഗ്രഹാരാധനയായി മാറാൻ പാടില്ലയോ?"

ആഴമായി ചിന്തിക്കാത്തവർക്കു പെട്ടെന്നു തോന്നാവുന്ന ഒരു സംശയമാണിത്. കുറച്ചു പുറകോട്ടു പോയാൽ സ്ലോമോനോടുതന്നെ ഈ ചോദ്യം ചോദിക്കാവുന്നതാണ്. എന്തെന്നാൽ വാഗ്ദത്തപെട്ടകം നിക്ഷേപിക്കുന്നതിനായി അദ്ദേഹം പണികഴിപ്പിച്ച ദേവാലയത്തെപ്പറ്റി രാജാക്കളുടെ പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "കൃപാസനത്തിനുള്ളിൽ ഒലിവുമരംകൊണ്ടുള്ള രണ്ടു ക്രോവെകളെ അവൻ ഉണ്ടാക്കി. ദേവാലയത്തിന്റെ എല്ലാ ഭിത്തികളിലും മാലാഖമാരുടേയും ഈന്തപ്പനകളുടേയും വിവിധതരത്തിലുള്ള രൂപങ്ങളും കൊത്തുപണികളും അവൻ ഉണ്ടാക്കി" (III Kings VI 23, 29) ദേവാലയത്തിൽ മാലാഖമാരുടേയും മററും ഇത്രയധികം രൂപങ്ങളുടെ ആവശ്യമെന്താണ്?

അല്ലെങ്കിൽ ഈ ചോദ്യം യഹോവായോടുതന്നെ ചോദിക്കാം. എന്തെന്നാൽ അവിടുന്നു മോശയോടു അരുളിച്ചെയ്തിരിക്കുന്നു: "ഞാൻ അവരുടെ ഇടയിൽ വസിക്കുവാൻ എനിക്കു ഒരു വിശുദ്ധസ്ഥലം അവർ ഉണ്ടാക്കണം. കൂടാരത്തിന്റേയും അതിന്റെ സകല ഉപകരണങ്ങളുടേയും മാതൃകയായി ഞാൻ നിന്നെ കാണിക്കുന്നതൊക്കെയും അങ്ങനെതന്നെ നിങ്ങൾ ഉണ്ടാക്കണം...കൃപാസനത്തിന്റെ ഇരുഭാഗങ്ങളിലും സ്വർണ്ണംകൊണ്ടു രണ്ടു ക്രോവെകളേയും (മാലാഖമാരേയും) ഉണ്ടാക്കുക. നീ അവ വാർത്തുണ്ടാക്കണം. അവിടെ ഞാൻ നിന്റെ അടുക്കൽവന്നു ഇസ്രായേൽമക്കളെസംബന്ധിച്ച് ഞാൻ നിന്നോടു കല്പിക്കുവാനിരിക്കുന്നതെല്ലാം സാക്ഷ്യപെട്ടകത്തിനു മീതെയുള്ള ഇരുക്രോവെകളുടേയും നടുവിൽവച്ചു നിന്നോടു സംസാരിക്കാം" (പുറപ്പാട് XXV 8—22) ദേവാലയത്തിൽ (വിശുദ്ധ സ്ഥലത്ത്) മാലാഖമാരുടെ രൂപങ്ങളുടെ ആവശ്യമെന്താണ്?

a) പ്രതിമകളും ചിത്രങ്ങളും ദൈവഭവനമായ ദേവാലയത്തിന്റെ മഹത്വത്തെ വർദ്ധിപ്പിക്കുകയാണു ചെയ്യുന്നത്. വിശുദ്ധ യോഹന്നാൻ മനോഹരമായി വർണ്ണിച്ചിട്ടുള്ള സ്വർഗ്ഗീയജെറുസലേമിന്റെ ഒരു ഛായയായ ദേവാലയത്തെ മോടിപിടിപ്പിക്കുവാൻ ഇതിനേക്കാൾ പററിയതെന്താണുള്ളത്? കർത്താവിന്റെ പെട്ടകം സ്ഥിതിചെയ്തിരുന്ന ഓർശ്ലംദേവാലയത്തിനു മാലാഖമാരുടെ രൂപങ്ങൾ ഒരു ഭൂഷണമായിരുന്നെങ്കിൽ, സാക്ഷാൽ കർത്താവുതന്നെ എഴുന്നരുളുന്ന ക്രൈസ്തവദേവാലയത്തിനു മാലാഖമാരുടേയും പുണ്യവാന്മാരുടേയും രൂപങ്ങൾ തീർച്ചയായും ഭൂഷണമായിരിക്കുമല്ലോ. മനോഹരമായി അലങ്കരിച്ചിരിക്കുന്ന ഒരു ദൈവാലയം കാണുമ്പോൾ ഭവനനാഥൻ (ദൈവം) അവിടെ സന്നിഹിതനാണെന്നു നമുക്കു ഉറപ്പായി വിശ്വസിക്കാമല്ലോ. നമ്മുടെ സ്വകാര്യവസതികളെ മനോമോഹനമാക്കുവാൻ നാം അവയെ ചിത്രങ്ങൾകൊണ്ടു അലങ്കരിക്കാറില്ലേ? എങ്കിൽ ദൈവത്തിന്റെ ആലയത്തെ അവിടുത്തെ പ്രിയപ്പെട്ടവരുടെ ചിത്രങ്ങൾകൊണ്ട് അലങ്കരിക്കുന്നതിൽ എന്തു ഔചിത്യഭംഗമാണുള്ളത്?

b) മതപരമായ രൂപങ്ങളും ചിത്രങ്ങളും അക്ഷരജ്ഞാനമില്ലാത്തവരുടെ വേദോപദേശഗ്രന്ഥമാകുന്നു. വിദ്യാഭ്യാസവിഷയത്തിൽ വളരെയധികം പുരോഗമിച്ചതെന്നു അഭിമാനിക്കുന്ന ഇന്നത്തെ തലമുറയിൽതന്നെ ലോകത്തിൽ എത്രയോകോടി ആളുകൾ അക്ഷരജ്ഞാനമില്ലാത്തവരായി ഉണ്ടായിരിക്കുന്നു! ബൈബിളോ മററ് ആദ്ധ്യാത്മികഗ്രന്ഥങ്ങളോ വായിച്ചു മനസ്സിലാക്കുവാൻ പ്രാപ്തരല്ലാത്ത അവർക്കു ചിത്രങ്ങളും രൂപങ്ങളും വലിയൊരു സേവനമാണു ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുകൊണ്ടാണ് വേദപുസ്തകരംഗങ്ങൾ ചിത്രീകരിച്ച് ദൈവാലയങ്ങളെ അലങ്കരിക്കുവാൻ വിശുദ്ധ നീലൂസ് ഒരു സുഹൃത്തിനെഴുതിയത്. മഹാനായ വിശുദ്ധ ഗ്രിഗറി എഴുതുന്നു: "വായിക്കാനറിഞ്ഞുകൂടാത്തവർ ചിത്രങ്ങൾ നോക്കിയെങ്കിലും പഠിക്കട്ടെയെന്നു കരുതിയാണ് ദൈവാലയങ്ങളിൽ വിശുദ്ധ ചിത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്." വിശുദ്ധ ജമ്മാനൂസ് എഴുതുന്നു: "വിശുദ്ധന്മാരുടെ പ്രതിമകൾ, വിജ്ഞേയങ്ങളായ പ്രസംഗങ്ങൾപോലെ, സുകൃതജീവിതത്തിനു പ്രചോദകങ്ങളായിരിക്കുന്നു. ചിത്രം സംഗ്രഹിച്ച ചരിത്രമാണ്; അതു നമ്മുടെ ചിന്തകളെ സ്വർഗ്ഗീയപിതാവിങ്കലേക്കു തിരിക്കുന്നു."

ദേശ്യഭാഷാപാണ്ഡിത്യമില്ലാതെ വിദേശരാജ്യങ്ങളിൽ മാനസാന്തരജോലിക്കുപോയ പ്രാചീനകാലത്തിലെ മിഷയറിമാർക്കു ചിത്രങ്ങളും പ്രതിമകളും എന്തൊരു സഹായമായിരുന്നിരിക്കണം! ഇംഗ്ലണ്ടിന്റെ അപ്പസ്തോലനായ സെൻറ് അഗസ്റ്റിൻ എഥൽബെർട്ടുരാജാവിനേയും സദസ്യരേയും മാനസാന്തരപ്പെടുത്തിയതു പ്രസംഗത്തെക്കാളധികമായി നമ്മുടെ കർത്താവിന്റെ ഒരു ചിത്രം കാണിച്ചുകൊണ്ടായിരുന്നു. ഇൻഡ്യയുടെ അപ്പസ്തോലനായ വിശുദ്ധ ശവരിയാരും തെക്കേഅമേരിക്കയുടെ അപ്പസ്തോലനായ ഫാദർ ഡിസ്മേറും ക്രൂശിതരൂപത്തെ എത്രമാത്രം ആശ്രയിച്ചിരുന്നുവെന്നതു ചരിത്രവസ്തുതയാണല്ലോ. ക്രൂരമായ മതപീഡനം നടന്നുകൊണ്ടിരുന്ന ആദിമനൂററാണ്ടുകളിൽ, റോമയിലെ ഭൂഗർഭാലയങ്ങൾ ക്രിസ്തുവിന്റേയും രക്തസാക്ഷികളുടേയും ചിത്രങ്ങൾകൊണ്ടലങ്കരിച്ച പ്രാചീനക്രിസ്ത്യാനികളുടെ ഉദ്ദേശ്യവും ഇതുതന്നെയായിരിക്കണം.

c) മതപരമായ ചിത്രങ്ങളും രൂപങ്ങളും നമ്മുടെ വിശ്വാസത്തിന്റെ നിശ്ശബ്ദമായ ഏററുപറച്ചിലുകളാകുന്നു. ക്രൂശിതരൂപമോ, കുരിശോ തന്റെ വീട്ടിൽ പൂജ്യമായി വച്ചുകൊണ്ടിരിക്കുന്നവൻ ഒരിക്കലും ഒരു നിരീശ്വരവാദിയല്ലെന്നുള്ളതു തീർച്ചയാണ്. ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനി തന്റെ വീട്ടിൽ മാർക്സിന്റെയോ ലെനിന്റേയോ ചിത്രം വച്ചുകൊണ്ടിരിക്കുകയില്ലല്ലോ. ഇതു നമുക്കനുഭവമുള്ള സംഗതികളാണ്. അതുപോലെ ക്രിസ്തുവിന്റേയും വിശുദ്ധന്മാരുടേയും പ്രതിമകളും ചിത്രങ്ങളും ദേവാലയങ്ങളിലോ വസതികളിലോ വച്ചുകൊണ്ടിരിക്കുന്നവർ അവരെ സ്നേഹിക്കുന്നവരും അവരുടെ ആദർശങ്ങളിൽ വിശ്വസിക്കുന്നവരുമാണെന്നുള്ളതു സുസ്പഷ്ടമാണ്.

d) പ്രതിമകളും ചിത്രങ്ങളും മൂലം അവയുടെ അസ്സലിനോടു നമുക്കുള്ള സ്നേഹവും ഭക്തിയും വർദ്ധമാനമാകുന്നു. എന്തെന്നാൽ നമ്മുടെ സ്നേഹകാരണമായ വസ്തുവിൽ നമ്മുടെ ശ്രദ്ധയും ചിന്തയും കൂടുതലായി കേന്ദ്രീകരിക്കുന്നതിന് ഇവ നമ്മെ സഹായിക്കുന്നു. അമ്മയുടെ ചിത്രം കാണുന്ന ഒരു ശിശുവിന്റെ വദനം, അമ്മയെ നേരിട്ടു കണ്ടാലെന്നപോലെ, സന്തുഷ്ടമായിത്തീരുന്നതു പലപ്പോഴും നാം കണ്ടിട്ടുണ്ടല്ലോ. വ്യാകുലമാതാവിന്റെ ഒരു ചിത്രം കാണുമ്പോൾ നിസ്തോഭനായിരിക്കുവാൻ ഏതൊരു ക്രിസ്ത്യാനിക്കാണു സാധിക്കുക? കുരിശിന്റെവഴി കഴിക്കുമ്പോഴും ക്രൂശിതരൂപം കാണുമ്പോഴും നമ്മുടെ ഹൃദയത്തിലുണ്ടാകുന്നതു ഹൃദയദ്രവീകരണത്വം പീഡാനുഭവത്തെപ്പററിയുള്ള ഏററം ആവേശകരമായ ഒരു പ്രസംഗത്തിനുപോലും സംജാതമാക്കുക സാദ്ധ്യമല്ല.

e) വിശുദ്ധന്മാരുടെ ചിത്രങ്ങളും പ്രതിമകളും, അവരുടെ സുകൃതങ്ങളെ അനുകരിക്കുവാനുള്ള ഒരു പ്രചോദനം നമ്മിൽ സംജാതമാക്കുന്നു. ഭക്തചിത്രങ്ങളും മററും പ്രചരിപ്പിക്കുന്നതിൽ കത്തോലിക്കാസഭയ്ക്കുള്ള പ്രധാനലക്ഷ്യവും ഇതാകുന്നു. വിശുദ്ധന്മാരെ ബഹുമാനിക്കുക, അവരുടെ സഹായം അഭ്യർത്ഥിക്കുക എന്നിവ ലക്ഷ്യങ്ങൾതന്നെ; പക്ഷെ പ്രധാനലക്ഷ്യം അവരുടെ വിശുദ്ധജീവിതത്തെ അനുകരിക്കുവാൻ നമുക്കൊരു മാതൃക കാണിച്ചുതരികയെന്നതാകുന്നു. "പർവ്വതത്തിൽ വച്ചു ഞാൻ നിന്നെ കാണിക്കുന്ന മാതൃകയനുസരിച്ച് ഉണ്ടാക്കുവാൻ നീ സൂക്ഷിച്ചുകൊള്ളണം" (പുറപ്പാട് XXV 40) എന്നു ദൈവം മോശയോടു പറഞ്ഞിരിക്കുന്നതു നോക്കുക. ഒരു മാതൃക ഉണ്ടായിരിക്കുന്നതു് എത്രയോ സഹായകമായിരിക്കുന്നു! ക്രിസ്തുവിനെപ്രതി സർവ്വവും പരിത്യജിച്ചവരുടെയും, ചാരിത്ര്യസംരക്ഷണത്തിനുവേണ്ടി ജീവൻ ബലികഴിച്ചവരുടേയും ചിത്രങ്ങൾ കാണുന്ന കുട്ടികൾക്കു അവരെ അനുകരിക്കുവാനുള്ള പ്രചോദനം ഉണ്ടാകുക സാധാരണമാണല്ലോ.

രാഷ്ട്രീയനേതാക്കന്മാരുടേയും രാജ്യാദ്ധ്യക്ഷന്മാരുടേയും പ്രതിമകളും ചിത്രങ്ങളും ധാരാളമായി സ്ഥാപിക്കപ്പെടുന്ന ഒരു കാലമാണിത്. നമ്മുടെ വർത്തമാനപ്പത്രങ്ങളും മാസികകളും ദിനംപ്രതി എത്രയെത്ര ചിത്രങ്ങളാണു അച്ചടിച്ചുവിടുന്നത്. ഇവയിൽ ബഹുഭൂരിപക്ഷവും അസാന്മാർഗ്ഗികങ്ങളും മനുഷ്യന്റെ മൃഗീയവാസനകളെ ഉത്തേജിപ്പിക്കുവാൻ പര്യാപ്തമായവയുമാകുന്നു. തിന്മ പ്രചരിപ്പിക്കുവാൻ അന്ധകാരശക്തി മനുഷ്യന്റെ കണ്ണുകളെ ഇങ്ങനെ ഉപയോഗിക്കുമ്പോൾ, അവരെ നന്മയിലേക്കു തിരിക്കുന്നതിനായി ആ കണ്ണുകളെ ഉപയോഗപ്പെടുത്തുന്നത്—വിശുദ്ധന്മാരുടെ ചിത്രങ്ങളും പ്രതിരൂപങ്ങളും പ്രചരിപ്പിക്കുന്നത്—ദൈവത്തിനു ഇഷ്ടപ്പെട്ടതല്ലെന്നു ആർക്കു പറയുവാൻ കഴിയും?

ആകയാൽ പള്ളികളിലും വീടുകളിലും പുണ്യവാന്മാരുടെ രൂപങ്ങളും ചിത്രങ്ങളും വയ്ക്കുന്നതുകൊണ്ട് വളരെയധികം പ്രയോജനങ്ങളുണ്ട്. അവരുടെ സാന്നിദ്ധ്യത്തിൽ നാം നീതിമാന്മാരുടെ കൂടെയാണല്ലോ എന്ന ഒരു ബോധംതന്നെ നമുക്കുണ്ടാകുന്നതാണ്. നാം സ്വയം നീതിമാന്മാരായിത്തീരുന്നതിന് ഇതു നമ്മെ സഹായിക്കും. ഈ ചിത്രങ്ങളെ കാണുന്നതുതന്നെ നമ്മുടെ ചിന്തകളെ ഉന്നമിപ്പിക്കുന്നതും, വികാരങ്ങളെ നിർമ്മലമാക്കുന്നതും, ഭക്തിമാന്ദ്യത്തെ ഇല്ലാതാക്കുന്നതും, പാവനമായ ഒരു അന്തരീക്ഷം നമ്മുടെ ചുററും സൃഷ്ടിക്കുന്നതുമാകുന്നു.

ഒരു പുണ്യവാന്റെ രൂപത്തിനു മുൻപിലുള്ള പ്രാർത്ഥന, ചില സന്ദർഭങ്ങളിൽ, വിഗ്രഹാരാധനയായി മാറാൻ പാടില്ലയോ എന്നാണ് ലേഖകന്റെ അവശേഷിക്കുന്ന സംശയം. ഒരു പുണ്യവാന്റെ രൂപത്തിനു മുൻപിൽ പ്രാർത്ഥിക്കുന്ന കത്തോലിക്കൻ ആ രൂപത്തോടല്ല ആ രൂപം പ്രതിനിധാനം ചെയ്യുന്ന അസ്സലിനോടാണു പ്രാർത്ഥിക്കുന്നത്. രൂപത്തോടല്ല പ്രാർത്ഥിക്കേണ്ടതെന്നു അവനറിയാം, അതിനാൽ അവന്റെ പ്രാർത്ഥന വിഗ്രഹാരാധനയാകയില്ല. എന്നാൽ രൂപത്തോടു പ്രാർത്ഥിക്കുന്നതു തെററാണെന്നു നല്ലതുപോലെ അറിയാവുന്ന ഒരാൾ മനഃപൂർവ്വം ആ രൂപത്തോടുതന്നെ പ്രാർത്ഥിക്കുമെന്നു സങ്കല്പിക്കുക; ആയാളുടെ പ്രവൃത്തി വിഗ്രഹാരാധനയാണ്. പക്ഷെ ആയാളുടെ വിഗ്രഹാരാധനയുടെ കാരണം ആ രൂപമല്ല; പ്രത്യുത ആയാളുടെ മനസ്സിന്റെ നിശ്ചയമാകുന്നു. കാരണം ആ രൂപം അവിടെ ഇല്ലായിരുന്നെങ്കിൽ, എവിടെനിന്നെങ്കിലും ഒരു രൂപം ആയാൾ സമ്പാദിക്കുമായിരുന്നു; അല്ലെങ്കിൽ സങ്കല്പിക്കുമായിരുന്നു. ഇങ്ങനെയുള്ളവരെ അവരുടെ പ്രവൃത്തിയുടെ ആബദ്ധ്യം പറഞ്ഞുമനസ്സിലാക്കുവാൻ ശ്രമിക്കുകമാത്രമേ ഒരു പോംവഴിയുള്ളൂ.

(തുടരും)

---

(2-ാംപേജ് തുടർച്ച)

ല്ല. പൊട്ടക്കണ്ണനായ ആ കുട്ടിയുടെ ചിത്രം അവന്റെ മനസ്സിൽ തങ്ങി നിന്നിരുന്നു. തന്നെയുമല്ല, അവൻ നന്നെ ക്ഷീണിച്ചുമിരുന്നു അവൻ പതിയെ വീട്ടിലേക്കു നടക്കുകയാണ്.

പെട്ടെന്നാണ് അവനൊരു ചിന്തയുണ്ടായതു്. അരയണ അമ്മ ചോദിക്കുകയില്ലേ? അവനൊരു നേരിയ ഭയമുണ്ടായി. അമ്മ വഴക്കുപറയുമോ? അമ്മ തന്ന അരയണ വെറുതെ വല്ലവർക്കും കൊടുത്തുവെന്നു പറഞ്ഞാൽ അമ്മ ദേഷ്യപ്പെടുകയില്ലേ? എന്താണു ചെയ്ക! ബേബിക്കു ചിന്തയും വേവലാതിയുമായി. അവൻ വഴിയിൽ താഞ്ഞുനിന്നു; വീണ്ടും ഒരു കുററവാളിയെപ്പോലെ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു

ബേബി വീട്ടിൽ ചെന്നപ്പോൾ അമ്മ പ്രതീക്ഷിച്ചിരിപ്പുണ്ടായിരുന്നു. അവൻ ഓടിച്ചെന്നു് അമ്മയുടെ മടിയിൽ ചാടിക്കയറിയില്ല. പകരം ഒരു കുററക്കാരനെപ്പോലെ പാത്തും പതുങ്ങിയും നില്ക്കുകയാണ്

അവന്റെ ഭാവം കണ്ടപ്പോൾ അമ്മയ്ക്കു എന്തോ സംശയംതോന്നി. അവർ മകനെ വിളിച്ചു:

"ബേബിച്ചാ"

"എന്തോ" എന്നവൻ വിളി കേട്ടില്ല. പകരം കുററബോധത്തോടെ മൂളുകമാത്രം ചെയ്തു

"നീ എന്താടാ ഇങ്ങനെ നില്ക്കുന്നതു്?" അമ്മ വീണ്ടും ചോദിച്ചു

മറുപടിയില്ല

അമ്മയുടെ സംശയം ബലമായി. എന്തോ കാരണമുണ്ട്. അവർ വീണ്ടും ചോദിച്ചു: "എന്താടാ മിണ്ടാത്തതു്?"

വീണ്ടും ശബ്ദമില്ല

അവർ ആലോചിച്ചു; എന്താണു സംഗതി? ഒരു നിഗമനത്തിൽ എത്തിച്ചേർന്നശേഷം വീണ്ടും ചോദിച്ചു: "എന്തേടാ പെരുന്നാളുകൂടാൻതന്ന കാശു്?"

ബേബി കരയാൻതുടങ്ങി. അവരുടെ സംശയം തീർന്നു. അതു എവിടെയോ കളഞ്ഞതായിരിക്കുമെന്നു അവർ മനസ്സിലാക്കി. അവർ കുറച്ചുകൂടി ഉറച്ച് ഗൗരവസ്വരത്തിൽ ചോദിച്ചു: "എന്തേന്നു്?"

ബേബി തികച്ചും ഒരു കുററബോധത്തോടും ഭയത്തോടുംകൂടി വിക്കിവിക്കിപ്പറഞ്ഞു: "ധർമ്മം കൊടുത്തു"

ആ മാതാവു അല്പനേരം നിശ്ചലയായി നിന്നുപോയി. ഏതോ അവാച്യമായ ഒരനുഭൂതിവിശേഷംകൊണ്ട് അവരുടെ കണ്ണുകൾ പ്രകാശിതങ്ങളായി. അവർ ഓടിയണഞ്ഞ് ബേബിയെ വാരിയെടുത്തു. അവനെ അവരുടെ ദേഹത്തോടമർത്തിപ്പിടിച്ച്, മൃദുലകോമളമായ ആ പൂങ്കവിളിൽ മാതൃസ്നേഹത്തിന്റെ അപരിമേയമുദ്രയായി ഒരു ചുംബനം ചാർത്തിക്കൊണ്ടു പറഞ്ഞു: "ന്റെ മകനെ ദൈവം കൈവിടുകേല"

അമലസ്നേഹസമ്പൂർണ്ണമായ ആ നിമിഷത്തിനു് ഒരു രാഷ്ട്രീയനേതാവിന്റേയോ, രാജ്യതന്ത്രജ്ഞന്റേയോ, ശാസ്ത്രജ്ഞന്റേയോ, കലാകാരന്റേയോ ആയിരമായിരം മണിക്കൂറുകളേക്കാൾ വിലയുണ്ടായിരിക്കട്ടെ!

—o—

# പുസ്തകാഭിപ്രായം

## നിത്യസഹായമാതാവു്

(ഗ്രന്ഥകർത്താ: ഫാദർ അബുന്തിയോസ് ടി. ഒ. സി. ഡി. എൽ. എഫ്. പ്രസ്സ് തേവര. വില 2 ണ)

നിത്യസഹായമാതാവിനോടുള്ള ഭക്തിയെ പ്രോത്സാഹിപ്പിക്കുന്നതിനു്, അതിന്റെ ചരിത്രത്തേയും അതുമൂലം ലഭിക്കാവുന്ന അനുഗ്രഹങ്ങളേയും വിശദീകരിച്ചും നവനാളിനും മററോരോ പ്രത്യേക നിയോഗങ്ങൾക്കും ഉപയോഗിക്കാവുന്ന ജപങ്ങളെ കൂട്ടിച്ചേർത്തും വിരചിച്ചിട്ടുള്ള ഈ ചെറുഗ്രന്ഥം മരിയഭക്തർക്കു വളരെ ഉപകാരപ്രദമായ ഒന്നായിരിക്കുമെന്നതിൽ സംശയമില്ല. ഗുരുതരമായ നിരവധി വിപത്തുകളാൽ ആവരണംചെയ്യപ്പെട്ടിരിക്കുന്ന ആധുനികലോകത്തിൽ പ്രത്യാശാനക്ഷത്രമായി പരിലസിക്കുന്നതു് പരിശുദ്ധ കന്യകമറിയമാണെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല. നിത്യസഹായമാതാവിനോടുള്ള ഭക്തി ആധുനികസാഹചര്യങ്ങളിൽ പ്രചുരപ്രചാരത്തിൽ വന്നുകാണുന്നതിനു ഉദ്ദേശിച്ചുള്ള ഗ്രന്ഥകാരന്റെ പരിശ്രമം സമീചീനവും സമാദരണീയവുമായിരിക്കുന്നു. ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഹൃദ്യമായ സ്വീകരണവും ആശംസിച്ചുകൊള്ളുന്നു.

—o—

തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ

വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണ്.

Wednesday
September 18
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 6






## കാവൽമാലാഖ നിങ്ങളെ ഉപദേശിക്കും

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

കാവൽമാലാഖായെ അടിസ്ഥാനമാക്കിയുള്ള ഒരു കഥാചിത്രം ആരംഭിക്കാമെന്നാണല്ലോ കഴിഞ്ഞദിവസം പറഞ്ഞതു്. നമ്മുടെ ജീവിതത്തിൽ കാവൽമാലാഖായ്ക്കുള്ള പങ്കിനെപ്പററിയും ചിലതെല്ലാം പറയുകയുണ്ടായി. കഴിഞ്ഞ ആഴ്ചയിൽ ചേർത്തിരുന്ന കാവൽമാലാഖായുടെ മനോഹരമായ ചിത്രം എപ്പോഴും സജീവമായി നമ്മുടെ മനസ്സിൽ പതിയേണ്ടതാണു്. സ്വർഗ്ഗീയസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ആ കൂട്ടുകാരൻ നമ്മെ ഓരോരുത്തരേയും ഓരോ അപകടങ്ങളിൽനിന്നു പിഞ്ചുപൈതങ്ങളെയെന്നവണ്ണം സദാ പരിരക്ഷിച്ചുപോരുകയാണു്. നമ്മുടെ ഓരോ കാൽവെയ്പിലും ഒളിഞ്ഞിരിക്കുന്ന അപകടങ്ങളെ ആ ശ്രദ്ധാലുവായ മിത്രം നമ്മിൽനിന്നും തട്ടിമാററുന്നു. എങ്കിലും അജ്ഞന്മാരായ നാമറിയുന്നില്ല, വീണ്ടും അപകടങ്ങളിലേക്കോടുന്നു. മാത്രമോ, അതിൽ അധഃപ്പതിക്കുന്നതിനു നമ്മെ സമ്മതിക്കാത്ത നല്ല മാലാഖായോടു കയർക്കുകയും ചെയ്യുന്നു. ഇൗദൃശ ആബദ്ധ്യം നമുക്കു സംഭവിക്കാതിരിക്കുവാൻ സൂക്ഷിക്കാം. കാവൽമാലാഖാ നമ്മെ അപകടങ്ങളിൽനിന്നു സംരക്ഷിക്കുകമാത്രമല്ല, ഒരു നല്ല സ്നേഹിതനെപ്പോലെ സദാ നമുക്കു സദുപദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ടു്. നമ്മുടെ ശരീരക്കണ്ണുകൾക്കു അരൂപിയായ മാലാഖായെ കാണാൻ സാധിക്കുകയില്ല. എന്നാൽ മാലാഖായുടെ ഉപദേശങ്ങൾ നമ്മുടെ അന്തരാത്മാവിൽ നമുക്കു കേൾക്കുവാൻ കഴിയും, നാം അല്പമൊന്നു ശ്രദ്ധിക്കുകയാണെങ്കിൽ. നമ്മുടെ നിർമ്മലമായ മനസ്സാക്ഷിയിലൂടെയാണു് അതു നാം ശ്രവിക്കുക. നാമേതൊരു പ്രവൃത്തിക്കൊരുങ്ങുമ്പോഴും കാവൽമാലാഖാ നമ്മുടെ മനസ്സാക്ഷിയിൽ തോന്നിക്കുന്നുണ്ടു്:- മകനേ മകളേ, അതു നല്ല കാര്യമാണു്. നീ ശുഷ്കാന്തിയായി ചെയ്യുക എന്നോ, അഥവാ, അതു തെററാണു്, നീ അതു ചെയ്യാതിരിക്കുക എന്നോ. പക്ഷെ, പലപ്പോഴും മററോരോ പ്രേരണകളാൽ ആകൃഷ്ടരായി നാം ആ സ്വരത്തെ അവഗണിക്കുന്നു. ഇതു കഷ്ടമല്ലേ? ഇതിൻെറ പ്രായോഗികതയെപ്പററി നിങ്ങൾ അല്പമൊന്നു ചിന്തിക്കുമോ?

വല്യേട്ടൻ.

## 131-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—നിഴല്

### പ്രശ്നം നമ്പർ 132

(ദേവസ്യാ ദേവസ്യാ താഴ്ചയിൽ
Reg No. 197)

ഞാൻ കേരളക്കരയുടെ ഒരു മഹാസമ്പത്താണു്. എന്നെ ആസ്വദിക്കാത്ത ഒരു കുഞ്ഞുപോലും ഇവിടെ ഉണ്ടെന്നു തോന്നുന്നില്ല. എന്നെ രൂപാന്തരപ്പെടുത്തുന്നതിനു ഇന്നു വലിയ സംരംഭങ്ങൾ നടക്കുന്നുണ്ടു്. എന്നെ കൂടുതൽ സ്വീകാര്യനാക്കാനാണതു്. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം മണിമേടയിലുണ്ടു്, ചെററപ്പുരയിലില്ല. രണ്ടാമത്തെ അക്ഷരം മരണത്തിലുണ്ടു്, ജനനത്തിലില്ല. മൂന്നാമത്തെ അക്ഷരം പിച്ചിപദ്ധതിയിൽ ചുരുക്കത്തിലുണ്ടു്, പെരിങ്ങൽക്കുത്തിൽ കാണുകയില്ല. നാലാമത്തെ അക്ഷരം നിലാവിലുണ്ടു്, വെയിലിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## റദ്ദ് ചെയ്ത സ്റ്റാമ്പുകൾ

നിങ്ങളുടെ എഴുത്തുകളിൽ, പാർസലുകളിൽ എത്രയോ റദ്ദ് ചെയ്ത സ്റ്റാമ്പുകളുണ്ടായിരിക്കും! നിങ്ങൾക്കു [illegible]പയോഗമില്ലെന്നു കരുതുന്ന കീറാത്ത പഴയ സ്റ്റാമ്പുകൾ ഞങ്ങൾക്കയച്ചുതന്നാൽ അതുകൊണ്ടു് വലിയ ഉപകാരം ഞങ്ങളുടെ മിഷൻഗ്രാമങ്ങൾക്കുണ്ടു്. നിങ്ങളുടെ പഴയ സ്റ്റാമ്പുകൾ ഞങ്ങൾക്കയച്ചുതരുവാനപേക്ഷ.

Bro. John J. Mailady S. D. B.
S. H. S., Poonamallei P. O.,
Chenglepet Dt.

ചെറുകഥ

## ആ ശവകുടീരം


(പോൾ കൊയിലോ
ചങ്ങനാശേരി Reg: No. 56)

"അച്ചാച്ചാ, നാളെയാണു ഫീസുകൊടുക്കേണ്ടതു്" ജോണി അവൻെറ അപ്പനെ അറിയിച്ചു.

"തരാം മോനെ" ആ സ്നേഹമുള്ള അപ്പൻ മറുപടി നൽകി.

ജോണിയുടെ അപ്പൻ എല്ലുമുറിയെ പണിയെടുക്കുന്ന ഒരു കൂലിവേലക്കാരനാണു്. അവനു നാലു വയസ്സായപ്പോൾ അവൻെറ അമ്മ മരിച്ചുപോയി. അന്നുതുടങ്ങി ഇന്നുവരെ ജോണിയെ യാതൊരു അല്ലലുംകൂടാതെ പരിപാലിച്ചുകൊണ്ടുവരുന്നതു് നിർദ്ധനൻ എങ്കിലും സ്നേഹനിധിയായ അവൻെറ അപ്പനായിരുന്നു.

അവൻെറ യാതൊരു അപേക്ഷയും അദ്ദേഹം നിഷേധിച്ചിട്ടില്ല. അന്തരംഗത്തിൽ ഏതോ ചില ആശയങ്ങളെല്ലാം പേറിക്കൊണ്ടു് ആ നല്ല പിതാവു് തൂമ്പയുമായി പുറത്തേക്കിറങ്ങുന്നതു് ജോണി നോക്കിനിന്നു. അവൻെറ അപ്പൻ അന്നാട്ടിലെ ഒരു പ്രമാണിയും മികച്ച ധനവാനുമായ വലിയകുടിയിൽ തൊമ്മച്ചൻ മുതലാളിയെ ചെന്നുകണ്ടു വിവരം അറിയിച്ചു. തൻെറ കുഞ്ഞിനു ഫീസിനുള്ള തുക കൊടുക്കണമെന്നും താനതു വേലചെയ്തു വീട്ടിക്കൊള്ളാമെന്നും സാഹസം പറഞ്ഞു.



ദേവസ്യാ ദേവസ്യാ താഴ്ചയിൽ
Reg. No. 197

അദ്ദേഹം ജോണിയുടെ അപ്പൻെറ നേരെ ശകാരവർഷം ചൊരിഞ്ഞു. "ഫീസുകൊടുക്കുവാൻ വശമില്ലാത്തവൻ പഠിപ്പിക്കേണ്ടാ. മകനെ ബി. ഏ. പാസ്സാക്കിയിട്ടു് ഗവർണ്ണരായി അയയ്ക്കാനായിരിക്കും? ചെറുപ്പത്തിലെ വേലയെടുക്കുവാൻ പഠിപ്പിക്കുക. ഇൗ പേക്രൂത്തിനൊന്നും തരാൻ പണം എൻെറ അടുത്തില്ല." അയാൾ നിശ്ശബ്ദനായി നിറഞ്ഞകണ്ണുകളോടും, വേദനനിറഞ്ഞ ഹൃദയത്തോടും, പതറുന്ന പാദങ്ങളോടും കൂടി മുതലാളിയുടെ ബംഗ്ലാവിൽനിന്നും ഇറങ്ങി ജോലിസ്ഥലത്തേക്കു തിരിച്ചു. യാതൊരു വിശ്രമവുമില്ലാതെ, ഏതോ വിചാരങ്ങളിൽ മതിമറന്നു ഒരു യന്ത്രംപോലെ അയാൾ അന്നു പതിവിലും കൂടുതലായി പണിയെടുത്തു. സന്ധ്യാസമയത്തു് വീട്ടിൽ ചെന്നപ്പോൾ നന്നേ പനിയുണ്ടായിരുന്നു. എന്നിട്ടും അയാളുടെ അധരപുടങ്ങളിൽ ഒരു പുഞ്ചിരി തത്തിക്കളിച്ചിരുന്നു.

ദൈനംദിനം ജോണിയുടെ അപ്പൻെറ രോഗം വർദ്ധിച്ചുകൊണ്ടിരുന്നു. ജോണിക്കു് ഉൽക്കണ്ഠ വർദ്ധിച്ചു.

സമയം ആർക്കുംവേണ്ടി കാത്തുനിന്നില്ല. ദിവസങ്ങൾ പലതു കടന്നുപോയി. ഒരു ദിവസം സായംസന്ധ്യയിൽ അയാളുടെ ജീവിതമാകുന്ന നാടകത്തിൻെറ അവസാനത്തെ രംഗം അയാൾ തൻെറ അരുമസന്താനത്തിൻെറ തോരാത്ത കണ്ണുനീരിൻെറ മുൻപിൽവച്ചു് അഭിനയിച്ചുതീർത്തു.

x x x

പള്ളിയിലെ ശ്മശാനത്തിൽ പുതുതായി ഒരു "ശവകുടീരം" ഉയർന്നു. അവിടെയാണു് ജോണിയുടെ അപ്പൻ അയാളുടെ പൂർവ്വികന്മാരുടെകൂടെ തനിക്കവകാശപ്പെട്ട ആറടിമണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്നതു്.

"ആ ശവകുടീരം" യുഗങ്ങളിലൂടെ തുടിച്ചുകൊണ്ടേയിരിക്കും.

—o—

## വിദ്യാഭ്യാസത്തിൽ തൊഴിലിനുള്ള സ്ഥാനം

(പി എക്സ് തോമസ്, പടനിലം
Reg. No. 70)

ഋഷിപുംഗവന്മാർ സ്തുതിഗീതങ്ങൾപാടി വാഴ്ത്തിയ ആർഷഭാരതം ഇന്നു പുരോഗമനത്തിലേക്കു കുതിക്കൊള്ളുകയാണു്. ബ്രിട്ടീഷ്മേധാവിത്വത്തിൽനിന്നും വിമുക്തയായ ഭാരതം ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ വെമ്പൽകൊള്ളുന്ന ഇൗ അവസരത്തിൽ തൊഴിലിനു വിദ്യാഭ്യാസത്തിൽ ഗണ്യമായ ഒരു സ്ഥാനമുണ്ടു്. സ്വയം പര്യാപ്തതയിലേക്കു നീങ്ങുന്ന ഭാരതത്തിൻെറ ലക്ഷ്യപ്രാപ്തിക്കു് അവളുടെ അരുമസന്താനങ്ങൾ അവരുടെ കർത്തവ്യങ്ങൾ യഥാവിധി നിർവഹിക്കുവാൻ ബാദ്ധ്യസ്ഥരാണു്.

ഗാന്ധിജി ഒരിക്കൽ പറയുകയുണ്ടായി:- നമുക്കു രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നുവെങ്കിലും സാമ്പത്തികസ്വാതന്ത്ര്യം നമുക്കു കരഗതമായിട്ടില്ലെന്നു്. യഥാർത്ഥമായ സ്വാതന്ത്ര്യം സാമ്പത്തികവും രാഷ്ട്രീയവുമായുള്ള സ്വാതന്ത്ര്യലബ്ധിയിൽ മാത്രമേ ലഭ്യമാകുകയുള്ളു. ഭക്ഷ്യപ്രശ്നത്തിൽ സ്വയം പര്യാപ്തത പ്രാപിക്കുവാൻ, സ്വന്തം കാലിൽ നില്ക്കുവാൻ ഭാരതത്തിനു ഇന്നുവരെ സാധിച്ചിട്ടില്ല. സാമ്പത്തിക സ്വാതന്ത്ര്യമില്ലാത്ത രാഷ്ട്രീയസ്വാതന്ത്ര്യം അപകടകരമാണു്. അപ്രകാരമുള്ള സ്വാതന്ത്ര്യത്തിൻെറ പരിണതഫലം ഏകാധിപത്യമോ, വിദേശാധിപത്യമോ ആയിരിക്കും. ലോകചരിത്രത്തിൻെറ ഏടുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു.

ഇന്നത്തെ നമ്മുടെ വിദ്യാലയങ്ങൾ തൊഴിൽരഹിതരെ കരുപ്പിടിച്ചു വിടുന്ന വെറും യന്ത്രങ്ങളായി മാറിയിരിക്കുകയാണു്. ഇൗ വിദ്യാലയഫാക്ടറികളിൽ നിന്നും പുറത്തുവരുന്ന അഭ്യസ്തവിദ്യർ തൊഴിലില്ലാതെ നട്ടംതിരിയുന്ന ദയനീയമായ കാഴ്ചയാണു നാമിന്നു കാണുന്നതു്. ഇൗ ദയനീയസ്ഥിതിയുടെ പിന്നിൽ, ഇൗ തൊഴിൽരാഹിത്യത്തിൻെറ പിന്നിൽ ഒരു നഗ്നമായ പരമാർത്ഥമുണ്ടു്. അതായതു് വിദ്യാലയങ്ങളിൽനിന്നും അഭ്യസ്തവിദ്യരായി പുറത്തിറങ്ങുന്ന ഇക്കൂട്ടർക്കു തൊഴിൽസംബന്ധമായി യാതൊരു പരിജ്ഞാനവുമില്ല എന്നുള്ളതു്. അറിയാമെങ്കിൽ തന്നെയും അങ്ങനെ തൊഴിൽചെയ്തു ജീവിക്കുവാൻ അവരുടെ ദുരഭിമാനം അവരെ അനുവദിക്കുന്നില്ല. ഫലമോ, ആയിരമായിരം യുവജനങ്ങൾ തൊഴിലില്ലാതെ നട്ടം തിരിയുകയാണു്.

വളർന്നുവരുന്ന തലമുറയെ സംസ്കാരസമ്പന്നരാക്കുകമാത്രമല്ല, അവരെ ഉത്തമ പൗരന്മാരാക്കിത്തീർക്കുകമാത്രമല്ല, വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്നതു്. രാജ്യത്തിൻെറ ഭാവിഭാഗധേയം വിദ്യാർത്ഥികളുടെ ഹസ്തങ്ങളിലാണു സ്ഥിതിചെയ്യുന്നതു്. ഭാവിജീവിതം സുരക്ഷിതമാക്കുവാൻ വിദ്യാലയജീവിതം അവസാനിപ്പിക്കുന്ന വിദ്യാർത്ഥിക്കു് ഒരു തൊഴിൽ ആവശ്യമാണു്. വിദ്യാലയജീവിതം അവസാനിക്കുന്നതോടൊപ്പംതന്നെ ഒരു തൊഴിൽ കിട്ടുവാൻ തക്കവിധത്തിൽ അവൻ പരിശീലിപ്പിക്കപ്പെട്ടിരിക്കേണ്ടതാവശ്യമാണു്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു ഇതു സാദ്ധ്യമാകുന്നില്ല.

അതിനാൽ വിദ്യാഭ്യാസത്തിൽ തൊഴിലിനു ഗണ്യമായ ഒരു സ്ഥാനംകൊടുക്കേണ്ടതും ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ മാറേറണ്ടതും ആവശ്യമാണു്. ഇന്നത്തെ അഭ്യസ്തവിദ്യർ തൊഴിലിലും പ്രയത്നത്തിലും കാണിക്കുന്ന അക്ഷന്തവ്യമായ അവജ്ഞയെ ദൂരീകരിക്കേണ്ടതിനും, വളർന്നുവരുന്ന തലമുറയെ തൊഴിലിലും പ്രയത്നത്തിലും അഭിമാനംകൊള്ളുന്നവരാക്കിത്തീർക്കുന്നതിനും വിദ്യാഭ്യാസത്തിൽ തൊഴിലിനു പ്രഥമമായ ഒരു സ്ഥാനം ആവശ്യമാണു്.



പോൾ എ. മേനാച്ചേരി
Reg. No. 165

ഇൗ അത്യാപത്കരമായ പരിതസ്ഥിതി മനസ്സിലാക്കിയിട്ടായിരിക്കണം നമ്മുടെ കേന്ദ്രഗവമ്മെൻറു വിദ്യാഭ്യാസത്തിൽ തൊഴിലിനു പ്രാധാന്യം കൊടുക്കുവാൻ പരിശ്രമിക്കുന്നതു്. ഇതിൻെറ ഒരു മുന്നോടിയായി നമുക്കു തൊഴിൽവാരത്തെ കണക്കാക്കാം. പക്ഷേ, ഇതു മാത്രംകൊണ്ടു തൃപ്തിപ്പെടുന്നതു ശോചനീയമാണു്. കേവലം ഒരു വാരം മാത്രം ഒരു സ്കൂൾവർഷത്തിൽ തൊഴിലിനായി നീക്കിവയ്ക്കുന്നതു വളരെ പരിതാപകരമാണു്. കൂടാതെ സമൂഹമായി പ്രവർത്തിക്കുവാൻ വിദ്യാർത്ഥികൾ തയ്യാറാകുമെന്നല്ലാതെ ഒററയ്ക്കു്, തൻെറ ആവശ്യാനുസരണമുള്ള ജോലികൾ ചെയ്യുവാൻ ഇ

(ശേഷം 7-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1